# Vol. 1

**Prot. No. 1358/2004**
**Circular Letter No. 1/2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നിങ്ങൾക്കറിയാവുന്നതുപോലെ രണ്ടാം വത്തിക്കാൻ സൂനഹദോസ് വരെ വി. കുർബ്ബാനയും മറ്റ് കൂദാശകളും സീറോ മലബാർ സഭയിൽ പരികർമ്മം ചെയ്തുന്നത് സുറിയാനി ഭാഷയിലാണ്. എന്നാൽ ഓരോ ജനതയും സംസാരിക്കുന്ന ഭാഷയിൽത്തന്നെ കൂദാശകൾ പരികർമ്മം ചെയ്യുന്നത് അവയിൽ വിശ്വാസികളുടെ ഭാഗഭാഗിത്വം മെച്ചപ്പെടുത്തും എന്ന് സൂനഹദോസ് കണ്ടെത്തി. അതനുസരിച്ച് നമ്മുടെ സഭയിലും അവ മലയാളത്തിൽ തർജ്ജമചെയ്ത് ഉപയോഗിക്കാൻ തുടങ്ങി. ഈ തർജ്ജമകൾ പല കാരണങ്ങൾകൊണ്ടും ന്യൂനതകൾ ഉള്ളതായിരുന്നു. ഇന്നത്തേതുപോലെ സഭയ്ക്ക് ഒരു കേന്ദ്രകാര്യാലയവും മറ്റ് സംവിധാനങ്ങളും അന്നില്ലായിരുന്നു എന്നത് ഒരു പ്രധാനകാരണമായിരുന്നു. തർജ്ജമ ചെയ്ത പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യാനുള്ള സാമ്പത്തിക കഴിവും സഭാതലത്തിൽ കുറവായിരുന്നു.

അറിയപ്പെട്ട ഗാനരചയിതാവും സംഗീതജ്ഞനും സുറിയാനി പണ്ഡിതനുമായിരുന്ന യശഃശ്ശരീരനായ ഫാ. ആബേൽ സി. എം. ഐ.യെയാണ് മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളും അതുപോലെയുള്ള മറ്റ് ക്രമങ്ങളും തർജ്ജമ ചെയ്യുവാനായി ഏൽപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ അനുഗ്രഹീത തൂലികയിലൂടെ ലഭ്യമായിട്ടുള്ളതാണ് ഇന്ന് നാം ഉപയോഗിക്കുന്ന കൂദാശാ. കൂദാശാനുകരണ ക്രമങ്ങളിൽ ഒട്ടുമിക്കവയും. ഈ മേഖലയിൽ അദ്ദേഹം സഭയ്ക്ക് ചെയ്ത സേവനങ്ങൾ നമുക്ക് ഒരിക്കലും മറക്കാനാവുകയില്ല. പ്രത്യേകിച്ച് എടുത്തുപറയേണ്ട ഒന്നാണ് മൃതസംസ്കാര ക്രമം. അതിലെ ഗാനങ്ങൾ എത്രയോ ഹൃദയസ്പർശിയാണെന്ന് നമുക്ക് അനുഭവമുള്ളതാണല്ലോ.

പുസ്തകം പ്രസിദ്ധീകരിക്കുവാൻ ആവശ്യമായ പണം കണ്ടെത്താൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തോട് തന്നെ സ്വന്തം ചെലവിൽ അവ പ്രസിദ്ധീകരിക്കുവാനും പിന്നീട് പുസ്തകം വിറ്റുകിട്ടുന്ന പണം ആ ചെലവിലേക്ക് വകയിരുത്താനുമാണ് വളരെയധികം കാലം സീറോ മലബാർ മെത്രാൻ സംഘത്തിന്റെ തലവനായിരുന്ന അഭിവന്ദ്യ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ ആബേലച്ചനോട് ആവശ്യപ്പെട്ടത്. അപ്രകാരം അദ്ദേഹം ചെയ്യുകയും ചെയ്തു.

ആരാധനാക്രമ പുസ്തകങ്ങൾ കാലാനുസൃതം പരിഷ്കരിക്കുന്നതിനും ആബേലച്ചന്റെ തർജ്ജമകൾ മൂലഗ്രന്ഥങ്ങളോട് കൂടുതൽ വിശ്വസ്തത പുലർത്തുന്നവയാക്കാനുമുള്ള ശ്രമങ്ങൾ മെത്രാൻ സംഘത്തിന്റെ നേതൃത്വത്തിൽ പിന്നീട് ആരംഭിച്ചു. അവ ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ടിലേറെ ആയിരിക്കുന്നു. മൂലകൃതികളോട് അവ എത്രമാത്രം ഒത്തുപോകണമെന്നും ഭാരതത്തിലെ സമകാലീന സാഹചര്യങ്ങളോട് അവ എത്രമാത്രം അനുരൂപപ്പെടണമെന്നുമുള്ള കാര്യങ്ങൾ സഭയിലൊരു ആരാധനാക്രമ വിവാദത്തിനു തന്നെ കാരണമായി. അത്യന്തം നിർഭാഗ്യകരവും ക്രൈസ്തവാരൂപിക്ക് നിരക്കാത്തതുമായ തലങ്ങളിലേക്ക് ആ വിവാദം ചെന്നെത്തി എന്നത് ഏവർക്കും അറിവുള്ളതാണ്. മേലിൽ അങ്ങനെ ഉണ്ടാകാതിരിക്കട്ടെ എന്നാണ് എന്റെ ആശംസയും പ്രാർത്ഥനയും.

മേൽപറഞ്ഞ തരത്തിലുള്ള പുനരുദ്ധാരണ പരിഷ്ക്കരണ ശ്രമങ്ങൾ വിശുദ്ധ കുർബാന, തിരുപ്പട്ടം എന്നിവ ഒഴികെയുള്ള കൂദാശകളുടെ കാര്യത്തിൽ പൂർത്തിയായിരിക്കുകയാണ്. ഇവ പലപ്രാവശ്യം രൂപതാ തലങ്ങളിലും മെത്രാൻസിനഡിലും മറ്റും ചർച്ച ചെയ്ത് അവസാന രൂപം നൽകി പരി. സിംഹാസനത്തിന് സമർപ്പിക്കുകയും അവിടുത്തെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളവയാണ്. ഇത് 2005 ജനുവരി 6-മുതൽ നടപ്പാക്കിക്കൊണ്ട് നമ്മുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത കല്പനയും പുറപ്പെടുവിച്ചിട്ടുണ്ട്. അതോടെ ഇതുവരെ ഉപയോഗത്തിലിരുന്ന ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, വിവാഹം, കുമ്പസാരം, രോഗീലേപനം എന്നിവയുടെ ക്രമങ്ങൾ സാധുതയി

ല്ലാത്തതാകും. എങ്കിലും പുതിയ പുസ്തകങ്ങൾ വാങ്ങിക്കുന്നതിനും മറ്റുമുള്ള സമയം കിട്ടുന്നതിനായി നമ്മുടെ രൂപതയിൽ ഫെബ്രുവരി ഒന്നു മുതലായിരിക്കും ഇവ നടപ്പിൽ വരുന്നത്. അതുവരെ പഴയ ക്രമങ്ങൾതന്നെ ഉപയോഗിക്കാവുന്നതാണ്. പുസ്തകങ്ങൾ രൂപതാവക ബുക്കുസ്റ്റാളുകളിൽ ലഭ്യമാണ്. കട്ടിയുള്ള പുറംചട്ടയോടുകൂടിയും അല്ലാതെയും പുസ്തകങ്ങൾ ലഭ്യമാണ്. ആദ്യത്തേതിനോടുകൂടി പുതിയക്രമങ്ങളിലെ ഗാനങ്ങളടങ്ങിയ കാസറ്റും കിട്ടുന്നതാണ്. പുസ്തകം ഉപയോഗിക്കാൻ തുടങ്ങുന്നതിന് മുമ്പായി ഇടവകാ ജനത്തിന് ഈ ഗാനങ്ങളിൽ പരിശീലനം നൽകാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

ഇതുവരെ നാം അനുവർത്തിച്ച് പോന്നതിൽ നിന്ന് ചില വ്യത്യാസങ്ങൾ ഇപ്പോൾ നടപ്പാക്കുന്ന ക്രമങ്ങളിലുണ്ട്. ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും ഒരുമിച്ചായിരിക്കും ഇനിമുതൽ കൊടുക്കുക എന്നതാണ് ഒരു പ്രധാനവ്യത്യാസം. പൗരസ്ത്യസഭകളിൽ ഇതാണ് ഇന്ന് നടപ്പിലുള്ള പതിവെന്നും നമ്മുടെ സഭ ഒരു പൗരസ്ത്യ സഭയായി കണക്കാക്കപ്പെടുന്നു എന്നുമുള്ളതാണ് ഇതിനുകാരണം. ഉദയംപേരൂർ സൂനഹദോസുവരെ ഇവിടെയും ഇപ്രകാരം തന്നെയായിരുന്നു. രണ്ട് കൂദാശകളും ഒരുമിച്ച് കൊടുക്കുവാൻ നിവൃത്തിയില്ലാത്ത അവസരങ്ങൾ, ഉദാഹരണത്തിന് വീട്ടുമാമ്മോദീസ കൊടുക്കേണ്ടിവരുമ്പോൾ, ഉണ്ടാകാം. അങ്ങനെ വന്നാൽ ജ്ഞാനസ്നാനത്തിന്ശേഷം ഏറ്റവും അടുത്ത് ലഭ്യമായ അവസരത്തിൽ സ്ഥൈര്യലേപനവും കൊടുക്കേണ്ടതാണ്. പൗരസ്ത്യസഭകളിൽ പുരോഹിതരാണ് സാധാരണയായി സ്ഥൈര്യലേപനം പരികർമ്മം ചെയ്യുന്നത് എന്നതിനാൽ മെത്രാന്റെ വരവിനായി ഇക്കാര്യത്തിൽ കാത്തിരിക്കേണ്ട ആവശ്യമില്ല.

ജ്ഞാനസ്നാനത്തോടൊപ്പം വിശുദ്ധകുർബാനയും കുട്ടികൾക്ക് കൊടുക്കാനുള്ള സാധ്യതയും സഭാനിയമം തരുന്നുണ്ട്. എന്നാൽ അതിന് ശേഷം തിരിച്ചറിവാകുന്ന പ്രായത്തിൽ ആഘോഷമായ പ്രഥമദിവ്യകാരുണ്യ സ്വീകരണവും നടത്തണമെന്ന് പറഞ്ഞിരിക്കുന്നു. ഈ സാധ്യത നമ്മുടെ രൂപതയിൽ ഉടനെ പ്രയോജന

പ്പെടുത്തുന്നില്ല. അതിനെപ്പറ്റി കൂടുതൽ പരിചിന്തനം ആവശ്യമാണ് എന്നതാണ് കാരണം.

ആദിമക്രൈസ്തവ സഭയിലെ പാരമ്പര്യം പിൻ തുടർന്ന് മുതിർന്നവർക്ക് ജ്ഞാനസ്നാനം നൽകുന്നതിന് മുമ്പായി അവർ ജ്ഞാനസ്നാനാർത്ഥികൾ (**Catechumens**) എന്ന പരിശീലനഘട്ടത്തിലൂടെ കടന്നുപോകണം. ചില പ്രത്യേക സാഹചര്യങ്ങളിൽ വിവാഹത്തോടനുബന്ധിച്ചും മറ്റു മതസ്ഥർ ജ്ഞാനസ്നാനം സ്വീകരിക്കാൻ താത്പര്യം പ്രകടിപ്പിക്കുമ്പോഴും ഇതേ നടപടിക്രമം തന്നെ അനുവർത്തിക്കേണ്ടതാണ്. അതേസമയം അത്യാവശ്യമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ രൂപതാ കേന്ദ്രത്തിൽ നിന്നുള്ള പ്രത്യേക അനുവാദത്തോടെ ഇക്കാര്യത്തിലുള്ള പ്രത്യേക നിയമങ്ങൾക്കനുസൃതമായി വിവാഹം നടത്തിക്കൊടുക്കാവുന്നതാണ്. മുതിർന്നവർ ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടൊപ്പം അവർക്ക് സ്ഥൈര്യലേപനവും വിശുദ്ധ കുർബാനയും നൽകേണ്ടതാണ്.

പുതുക്കിയ ക്രമമനുസരിച്ച് ജ്ഞാനസ്നാനം മൂന്നുതരത്തിൽ നൽകാവുന്നതാണ്. സ്നാനാർത്ഥിയെ വെള്ളത്തിൽ മൂന്നുപ്രാവശ്യം മുക്കി ഉയർത്തികൊണ്ട്, വെള്ളത്തിലിരുത്തി ശിരസ്സിൽ കുരിശടയാളത്തിൽ മൂന്നുപ്രാവശ്യം വെള്ളമൊഴിച്ചുകൊണ്ട്, ശിരസ്സിൽ മൂന്നുപ്രാവശ്യം വെള്ളമൊഴിച്ചുകൊണ്ട് എന്നിങ്ങനെയാണത്. എങ്കിലും പ്രായോഗികത മുൻനിർത്തി മൂന്നാമത്തെ രീതിയാണ് നമ്മുടെ രൂപതയിൽ അനുവർത്തിക്കേണ്ടത്. അതേസമയം പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് രണ്ട് രീതികളും വേണമെങ്കിൽ സ്വീകരിക്കാവുന്നതാണ്.

ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, കുർബാന എന്നിവ സഭയിലേക്കുള്ള പ്രവേശക കൂദാശകൾ എന്നറിയപ്പെടുന്നു. ആദിമകാലത്ത് മുതിർന്നവർ മാത്രം സഭയിലേക്ക് വന്നിരുന്നതുകൊണ്ട് മൂന്നും ഒരുമിച്ച് നൽകാൻ പ്രയാസം ഇല്ലായിരുന്നു. എന്നാൽ പിന്നീട് ശിശുക്കൾക്ക് ജ്ഞാനസ്നാനം കൊടുക്കാൻ തുടങ്ങിയതോടെയാണ് സ്ഥൈര്യലേപനവും കുർബാനയും തിരിച്ചറിവായശേഷം നൽകാമെന്ന ആശയം ഉടലെടുത്തത്. പാശ്ചാത്യനാട്ടിൽ ഈ ആചാരം രൂഢമൂലമാകുകയും ഇന്നും തുടർന്നുകൊണ്ട് പോകുകയും ചെയ്യുന്നു. സ്ഥൈര്യലേപനം വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ഒരാളെ ക്രിസ്തുവിന്റെ പടയാളിആക്കി മാറ്റുകയും ചെയ്യുന്നു എന്ന ദൈവ

ശാസ്ത്രവും ഇതിന്റെ പിന്നിലുണ്ട്. പൗരസ്ത്യസഭകളാകട്ടെ പ്രവേശക കൂദാശകൾ എന്ന നിലയിലുള്ള ദൈവശാസ്ത്രത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അവ മൂന്നും ശിശുക്കൾക്ക് ഒരുമിച്ച് നൽകുന്നു.

ഇക്കാര്യങ്ങളിൽ ദൈവശാസ്ത്രപരവും പ്രായോഗികവുമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സഭയിലും ഭിന്നതകൾ നിലവിലുണ്ട്. എങ്കിലും നമ്മുടെ മെത്രാൻസിനഡും പരിശുദ്ധ സിംഹാസനവും അംഗീകരിച്ച് നടപ്പാക്കാൻ ആവശ്യപ്പെട്ട പുതിയക്രമം സ്വീകരിക്കാനും നടപ്പാക്കാനും നാം ബാധ്യസ്ഥരാണ്. ആവശ്യമെന്നു കണ്ടാൽ ഭാവിയിൽ ഈ ക്രമത്തിലും മാറ്റം വരാം എന്നതും നാം ഓർത്തിരിക്കണം.

സഭയുടെ നിലനിൽപ്പും സഭയിലെ എല്ലാ പ്രവർത്തനങ്ങളും വിശ്വാസികളുടെ ആത്മരക്ഷ എന്ന ഒറ്റലക്ഷ്യത്തെ ആസ്പദമാക്കിയാണ്. കൂദാശാക്രമങ്ങളുടെ ലക്ഷ്യവും മറ്റൊന്നല്ല. അതുകൊണ്ട് നാം പ്രാധാന്യം കൊടുക്കേണ്ടത് കൂദാശകളുടെ ഈ മാനത്തിനാണ്. അവയുടെ ബാഹ്യമായ അനുഷ്ഠാനത്തിൽ നമ്മുടെ ശ്രദ്ധ കുടുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ ഈ വസ്തുതകളും അതുപോലെ ഉപയോഗിക്കപ്പെടുന്ന അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥവും ബഹുമാനപ്പെട്ട വൈദികർ വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യണം. അപ്പോൾ അവയുടെ സ്വീകരണവും അവയിലുള്ള അവരുടെ ഭാഗഭാഗിത്വവും അർത്ഥപൂർണ്ണവും ആത്മരക്ഷാദായകവുമാകും. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2004-ാം മാണ്ട് ഡിസംബർമാസം 26ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:-**ഈ ഇടയലേഖനം ജനുവരി 9-ാം തീയതി ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.

Prot, No. 1348/2004
Pastoral Letter No. 1/2005

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

## മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്: നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിന്റെ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ജനുവരി 30-ാം തീയതി കേരള കത്തോലിക്ക സഭ മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. മദ്യവിപത്തിനെപ്പറ്റി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കുവാനുമുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനുള്ള അവസരമാണിത്.

'മദ്യവിമുക്തസഭയും സമൂഹവും' എന്ന പ്രവർത്തനമുദ്രാവാക്യവുമായി കെ. സി. ബി. സി. മദ്യവിരുദ്ധ കമ്മീഷൻ കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്നു. മദ്യവിരുദ്ധപ്രവർത്തനം സഭയുടെ പരമപ്രധാനമായ ഒരു പ്രവർത്തനമേഖലയാണ് എന്ന തിരിച്ചറിവാണ് മെത്രാന്മാരുടെ നേതൃത്വത്തിൽ ഒരു കമ്മീഷൻ രൂപീകരിച്ച് പ്രവർത്തിക്കുവാൻ കെ. സി. ബി. സിയെ പ്രേരിപ്പിച്ചത്. കഴിഞ്ഞ വർഷങ്ങളിൽ മദ്യവിരുദ്ധ രംഗത്ത് സജീവമായി പ്രവർത്തിക്കുവാൻ സമിതിക്ക് സാധിച്ചിട്ടുണ്ട്. രണ്ട് മാസം മുമ്പ് സർക്കാർ കൊണ്ടുവന്ന ജനവിരുദ്ധ മദ്യനയം പിൻവലിപ്പിക്കാൻ സാധിച്ചത് സഭയുടെ ശക്തമായ ഇടപെടൽ മൂലമാണ്.

ഇന്ന് മദ്യസംസ്കാരം കേരളത്തെ ഒരു നീരാളിയെപ്പോലെ ചുറ്റിവരിഞ്ഞിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളോഹരി മദ്യം ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണ്. മദ്യ

പാനത്തിലും ആത്മഹത്യയിലും ഇന്ത്യയിൽ ഒന്നാം സ്ഥാനം കേരളത്തിനാണ് എന്ന് വ്യക്തമാകുമ്പോൾ "ദൈവത്തിന്റെ സ്വന്തം നാട്" എന്നഭിമാനിക്കുന്ന കേരളത്തിന്റെ സാംസ്കാരികവും ധാർമ്മികവുമായ അധഃപതനമാണ് വെളിപ്പെടുന്നത്.

മദ്യത്തിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി നമുക്ക് അറിയാമെങ്കിലും ഓരോ ദിവസവും അതിന്റെ ഉപയോഗം കൂടിവരുന്നു. ദൈവത്തിന്റെ ആലയമായി തീരേണ്ട മനുഷ്യൻ മദ്യപിശാചിന് അടിമയാകുന്നു. അതുവഴി കുടുംബത്തിന്റെ ശാന്തിയും സമാധാനവും സാമ്പത്തിക അടിത്തറയും നശിപ്പിക്കുന്നു. ഭാര്യയും മക്കളും ശാരീരികവും മാനസികവുമായ രോഗങ്ങൾക്ക് അടിമകളായിത്തീരുന്നു. മദ്യപാനം മൂലം തകർന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ ചുറ്റിലുമുണ്ട്. ഇന്നത്തെ നമ്മുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പ്രധാന കാരണം മദ്യപാനശീലമാണ്. പ്രഭാഷകൻ പറയുന്നു: "മദ്യപനായ തൊഴിലാളി ഒരിക്കലും ധനവാനാകുകയില്ല" (പ്രഭാ.19:1). "മത്ത് പിടിച്ച് മയങ്ങുന്നവന് കീറത്തുണി ഉടുക്കേണ്ടിവരും". "മദ്യപനും ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും" (സുഭാ 23:21).

മദ്യപാനിക്ക് ധാരാളം ശാരീരികരോഗങ്ങൾ ഉണ്ടാകുന്നു. കരൾ, തലച്ചോറ്, നാഡീവ്യൂഹം, ഹൃദയം, രക്തം, ആമാശയം, അന്നനാളം, വൃക്കകൾ എന്നീ അവയവങ്ങൾ രോഗാതുരമാകുന്നു. മദ്യപാനം മൂലം ഏറെ സഹനങ്ങൾ ഏൽക്കേണ്ടിവരുന്നത് ഭാര്യയും മക്കളുമാണ്. മദ്യം വ്യക്തികളിലും കുടുംബങ്ങളിലും പല മാനസിക പ്രശ്നങ്ങൾക്കും കാരണമാകുന്നു.

മദ്യപാനം ഒരു വ്യക്തിയെ ആത്മീയമായും നശിപ്പിക്കുന്നു. മദ്യം എല്ലാ പാപങ്ങളുടെയും പെറ്റമ്മയും പോറ്റമ്മയുമാണെന്ന് മഹാത്മജി പറയുകയുണ്ടായി. "മദ്യപൻ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലെന്ന്" വി. പൗലോസ് പറയുന്നു. (1കൊറി.6:10). "മദ്യപൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ ഹനിക്കുകയും ചെയ്യുമെന്ന്" സുഭാഷിതങ്ങളിൽ (31:5) രേഖപ്പെടുത്തിയിട്ടുണ്ട്. മദ്യപരായ സ്ത്രീകളെ കർത്താവ് നാശത്തിലേക്ക് വലിച്ചെറിയുമെന്ന് ആമോസ് പ്രവചിക്കുന്നു (4:1-3).

മദ്യപാനം വലിയൊരു സാമൂഹികപ്രശ്നം കൂടിയാണ്. ഇന്നുണ്ടാകുന്ന റോഡ് അപകടങ്ങളിൽ വലിയൊരു പങ്കും മദ്യപാനം മൂലമാണ്. ഒരു പ്രദേശത്തെ സമാധാനജീവിതം മദ്യപൻ നശിപ്പിക്കുന്നു. മദ്യപന്റെ പങ്ക് സമൂഹത്തിൽ പലപ്പോഴും പ്രശ്നകാരമാകാറുണ്ട്. മദ്യപാനം മൂലം രോഗികളാകുന്നവർക്ക് വേണ്ടി വലിയൊരു തുക പൊതുഖജനാവിൽ നിന്ന് ചെലവഴിക്കേണ്ടിവരുന്നു.

ഇന്ന് മദ്യപാനം സംസ്കാരത്തിന്റെ ഭാഗമാക്കാനുള്ള ഒരു ഗൂഢശ്രമം നടക്കുന്നുണ്ട്. ഇത് നാം തിരിച്ചറിയണം. മദ്യസംസ്കാരം സംഹാരസംസ്കാരമാണെന്നതിൽ തർക്കമില്ല. നമ്മുടെ ആഘോഷങ്ങളിലെല്ലാം മദ്യത്തിന് പ്രമുഖസ്ഥാനം കൈവന്നിരിക്കുന്നു. മാമ്മോദീസാ, ആദ്യകുർബ്ബാന, വിവാഹം തുടങ്ങിയ കൂദാശകൾ എല്ലാംതന്നെ മദ്യത്തിന്റെ സാന്നിധ്യം മൂലം പരിശുദ്ധി നഷ്ടപ്പെടുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ആഘോഷങ്ങൾ മദ്യത്തിൽ മുങ്ങുമ്പോൾ വേദനിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്യുന്ന പല കുടുംബങ്ങൾ ഉണ്ട് എന്നോർമ്മിക്കുക. കാരണം മദ്യപൻ വിചിത്രകാഴ്ചകൾ കാണുകയും വികടത്തരങ്ങൾ ജല്പിക്കുകയും ചെയ്യും (സുഭാ.23:32). മദ്യപൻ ഛർദ്ദിച്ചതിൽ തന്നെ നടക്കുമെന്ന് ഏശയ്യ പറയുന്നു (19/14).

വ്യക്തിയെയും കുടുംബത്തെയും ശാരീരികമായും മാനസികമായും ആത്മീയമായും സാമൂഹികമായും നശിപ്പിക്കുന്ന മദ്യപാനത്തിൽ നിന്ന് വിമുക്തി നേടുവാനും മദ്യസംസ്കാരത്തിനെതിരെ പ്രവർത്തിക്കുവാനും നമുക്ക് സാധിക്കണം. ഇന്ന് മദ്യത്തിന് അനുകൂലമായി ശക്തമായ ഒരു ലോബി പ്രവർത്തിക്കുന്നുണ്ട്. അബ്കാരി - രാഷ്ട്രീയ - ഉദ്യോഗസ്ഥ കൂട്ടുകെട്ട് ഒരു മാഫിയ സംഘത്തിന്റെ രൂപവും ഭാവവും കൈവരിച്ചിരിക്കുന്നു. ഇവരുടെ ഭീഷണിയിലും പ്രലോഭനത്തിലും ആത്മാർത്ഥതയും അർപ്പണബോധവുമുള്ള മദ്യവിരുദ്ധ പ്രവർത്തകർ തളർന്ന് പോകരുത്. ഇരുട്ടിനെ പഴിച്ചുകൊണ്ട് നിഷ്ക്രിയരായിരിക്കാതെ ഒരു മെഴുകുതിരിയെങ്കിലും കത്തിക്കുവാൻ സാധിച്ചുവല്ലോ എന്ന സംതൃപ്തിയാണ് ഉണ്ടാകേണ്ടത്.

തിന്മയ്ക്കെതിരെ വിരൽ ചൂണ്ടുമ്പോൾ ആത്മപരിശോധന നമുക്ക് ഉണ്ടാകണം. "മദ്യത്തിൽ നിന്നുള്ള വരുമാനം പാപത്തിനുള്ള കൂലി"യാണെന്നുള്ള മഹാത്മജിയുടെ പഠനം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം. 1997 ഏപ്രിൽ മാസത്തിൽ കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സംയുക്ത ഇടയലേഖനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും നാം നടപ്പിൽ വരുത്തണം. മദ്യപന്മാരായ വ്യക്തികളെയും മദ്യവ്യവസായികളെയും ഇടവകയുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവുനിർത്തുകയും ഇടവകയുടെ പ്രവർത്തനത്തിന് മദ്യവ്യവസായികളുടെ സംഭാവന വാങ്ങുന്നത് നിർത്തുകയും ചെയ്യണമെന്നാണ് സംയുക്ത ഇടയലേഖനം ആവശ്യപ്പെട്ടിട്ടുള്ളത്. ഡിസംബർ ആദ്യവാരം ചേർന്ന കെ. സി. ബി. സി.യുടെ യോഗവും മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

കെ. സി. ബി. സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനം നമ്മുടെ രൂപതയിൽ ഊർജ്ജിതപ്പെടുത്തിക്കൊണ്ട് മദ്യപാനത്തിനെതിരായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. എല്ലാ ഇടവകകളിലും മേഖലാതലത്തിലും മദ്യവിരുദ്ധസമിതിയുടെ യൂണിറ്റുകൾ ഉണ്ടാകണം. ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും ഇതിന് മുൻകൈ എടുക്കണം.

മദ്യം പോലെതന്നെ പാൻമസാലകളും മയക്ക് മരുന്നുകളും നമ്മുടെ സമൂഹത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തുന്നുണ്ട്. നമ്മുടെ ഹൈസ്കൂൾ വിദ്യാർത്ഥികൾ പോലും ഇന്ന് പാൻമസാലകൾക്ക് അടിമകളായിത്തീരുന്നു എന്ന യാഥാർത്ഥ്യം മാതാപിതാക്കൾ മനസ്സിലാക്കുകയും അവരെ ശ്രദ്ധിക്കുകയും ചെയ്യണം. പാൻമസാലയുടെ ഉപയോഗം മൂലം വായ്, തൊണ്ട എന്നിവിടങ്ങളിൽ കാൻസർ ബാധിക്കുന്നവരുടെ എണ്ണം ഇന്ന് വർദ്ധിച്ച് വരുന്നു. അടുത്ത ദിവസങ്ങളിലെ പത്രങ്ങളിൽ മയക്കുമരുന്ന് കുത്തിവെച്ച് മരിക്കുന്നവരുടെ വാർത്തകൾ വർദ്ധിച്ച് വരുന്നു. കോഴിക്കോട് ജില്ലയിലെ ഒരു കോളനിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ഇരുപതോളം പേർ മയക്കുമരുന്ന് കുത്തിവെച്ച് മരണപ്പെട്ടു എന്ന വാർത്ത നമ്മുടെ കണ്ണ് തുറപ്പിക്കണം.

കുടിയേറ്റ കർഷകന്റെ ധാർമ്മികതയ്ക്കും സാമ്പത്തിക ഉന്നതിക്കും എന്നും തടസ്സമായി നിൽക്കുന്നത് മദ്യമാണെന്ന് നാം തിരിച്ചറിയണം. മദ്യപാനം പോലെ കുടുംബാന്തരീക്ഷം മലിനമാക്കുന്ന മറ്റൊന്നുമില്ല. സുഭാഷിതങ്ങളിൽ പറയുന്നത് പോലെ "വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്, അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല (20:1) അതിനാൽ മദ്യത്തെ ഉപാസിക്കുന്നത് നമുക്ക് ചേർന്നതല്ല. ദൗർഭാഗ്യവശാൽ മദ്യം ഉപയോഗിക്കുന്നതിലും മദ്യവ്യവസായം നടത്തുന്നതിലും ഭൂരിപക്ഷം ക്രൈസ്തവരാണ്. അതിനാൽ ഒരു മിഷണറി പ്രവർത്തനമായി മദ്യവിരുദ്ധ പ്രവർത്തനം സ്വീകരിച്ച് സാമ്പത്തികമായും ശാരീരികമായും പ്രാർത്ഥനവഴിയും മദ്യവിരുദ്ധ സമിതിയെ സഹായിക്കണം. നമ്മുടെ രൂപതയിലെ എല്ലാ സംഘടനകളും മദ്യത്തിനെതിരായുള്ള ബോധവത്ക്കരണ പ്രചരണ പരിപാടികൾ അവരുടെ സംഘടനാപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കണം. നമ്മുടെ കർത്താവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2004-ാം ആണ്ട് ഡിസംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്

+

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

NB:- ഈ ഇടയലേഖനം ജനുവരി മാസം 23-ാം തീയതി ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

**Prot. No. 1350/2004**
**Circular Letter No. 2/2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

മുൻപറിയിച്ചിരുന്നതുപോലെ ദിവ്യകാരുണ്യവർഷത്തിൽ നമ്മുടെ രൂപതയുടെ വിവിധ തലങ്ങളിൽ നടപ്പാക്കാനുള്ള കർമ്മ പദ്ധതികളെപ്പറ്റി ഏതാനും പൊതുനിർദ്ദേശങ്ങൾ അറിയിക്കുകയാണ്. ഇവയിൽ ഏറിയപങ്കും ഇടവകയിൽ നടപ്പാക്കേണ്ടവയാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഗൗരവമായി ഇവയെ പരിഗണിക്കുകയും തങ്ങളുടെ നേതൃത്വത്തിലും സമർപ്പിതർ, സംഘടനാഭാരവാഹികൾ മുതലായവരുടെ സഹകരണത്തോടെയും വിശദമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ഓരോ ഇടവകയുടെയും സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കുമല്ലോ. അതുകൊണ്ടാണ് പൊതുനിർദ്ദേശങ്ങൾ മാത്രം നൽകുന്നത്. പരിപാടി നടപ്പാക്കാനുള്ള മാർഗ്ഗങ്ങൾ, സമയം തുടങ്ങിയ കാര്യങ്ങൾ ഓരോ ഇടവകയ്ക്കും സ്വതന്ത്രമായി തീരുമാനിക്കാവുന്നതാണ്. രൂപതാതലത്തിൽ നടത്തുന്നവയുടെ വിശദവിവരങ്ങൾ സമയാസമയങ്ങളിൽ നൽകിക്കൊണ്ടിരിക്കുന്നതായിരിക്കും.

വാർഡുകളിൽ ദിവ്യകാരുണ്യത്തെപ്പറ്റി നടത്തുന്ന ക്ലാസ്സുകളിലേക്കുള്ള വിഷയങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്ന് തരുന്നതാണ്. ഒരു മാസത്തിൽ ഒന്നെന്ന കണക്കിൽ പത്തുവിഷയങ്ങളായിരിക്കും നൽകപ്പെടുന്നത്. അതുപോലെ തന്നെ നിത്യാരാധന തുടങ്ങുന്ന കേന്ദ്രങ്ങളെപ്പറ്റിയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള ക്ലാസ്സുകൾ നടത്തുന്ന കേന്ദ്രങ്ങളുടെ വിവരവും പിന്നാലെ അറിയിക്കുന്നതാണ്. ഇടവകകളിൽ ദിവ്യകാരുണ്യധ്യാനം നടത്തുന്നതിന് രൂപതാതലത്തിൽ ഒരു ധ്യാനടീമിനെ ഒരുക്കുന്നുണ്ട്. ആവശ്യക്കാർക്ക് അവരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. പുറമെ നിന്ന് ധ്യാനടീമുകളെ വിളിക്കുന്നവർ അവർക്ക് ഔദ്യോഗികാംഗീകാരം ഉള്ളവരാണെന്ന് ഉറപ്പുവരുത്തണം. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്ന ധ്യാനസംഘങ്ങളുണ്ടെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

ഇക്കാര്യത്തിൽ സംശയങ്ങളുണ്ടാകുകയാണെങ്കിൽ ബിഷപ്സ് ഹൗസുമായി ബന്ധപ്പെട്ട് സംശയനിവാരണം വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

"വിഭജിക്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും" എന്നതാണ് ഈ ദിവ്യകാരുണ്യവർഷത്തിന്റെ ആപ്തവാക്യമായി നാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ ഈ ആചരണത്തിന്റെ ലക്ഷ്യമാകട്ടെ ഈ ദിവ്യകാരുണ്യ സംസ്കൃതി സ്വായത്തമാക്കുക എന്നതും. ഈ സംസ്കൃതി തന്നെയാണ് യഥാർത്ഥ ക്രൈസ്തവ ജീവിതം. അതായത് നാം യഥാർത്ഥ ക്രിസ്തു അനുയായികളായി മാറണം എന്നർത്ഥം. അതിന് ഈ ദിവ്യകാരുണ്യവർഷാചരണം നമുക്ക് ഉപകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2004-ാമാണ്ട് ഡിസംബർ മാസം 1-ാം തീയതി നൽകപ്പെട്ടത്.

+

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

# Vol. 2

Prot. No. 1596/2004
Circular Letter No. 3/2005

# മതബോധന ഞായർ

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

## മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിന്റെ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ച, ഫെബ്രുവരി 20-ാം തീയതി നമ്മുടെ രൂപത മതബോധന ഞായറായി ആചരിക്കുകയാണ്. വിശ്വാസപരിശീലന വേദിയിൽ, വ്യക്തിജീവിതത്തിലും, സഭാ കൂട്ടായ്മയിലും പ്രവാചകദൗത്യത്തിന്റെ അർത്ഥം ഉൾക്കൊണ്ട് വളരാനും വളർത്താനുമുള്ള ഭാഗധേയങ്ങൾ സ്വീകരിക്കുവാനുള്ള അവസരമാണ് മതബോധന ഞായർ ആചരണം.

വിശ്വാസം ദൈവികദാനവും വെളിപ്പെടുത്തപ്പെട്ട ദൈവത്തോടുള്ള മനുഷ്യന്റെ പ്രത്യുത്തരവുമാണ്. ഈ ദൈവികദാനത്തെ അനുഭവിച്ച് ദൈവാവിഷ്കാരത്തോട് പ്രത്യുത്തരിക്കുവാൻ പഠിക്കുകയും അതുവഴി രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുകയും നയിക്കപ്പെടുകയും ചെയ്യുന്ന പ്രക്രിയയാണ് മതബോധനം. ചുരുക്കത്തിൽ, വിശ്വാസപരിശീലനം എന്നത്, ദൈവവചനവും, ദൈവാനുഭവത്തിലധിഷ്ഠിതമായ സഭയുടെ പഠനങ്ങളും ദൈവജ്ഞാനത്തെ പഠിപ്പിക്കുകയും, വിശ്വാസത്തിൽ വളർത്തുകയും ചെയ്യുന്നതാണ്.

"മതബോധനം ഇന്ന്" എന്നുള്ള ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിൽ വിശ്വാസ പരിശീലനം സഭാതനയർക്ക് എവർക്കുമാണ് എന്ന് പ്രത്യേകം എടുത്തു പറയുന്നത് ശ്രദ്ധേയമാണ്. "ശിശുക്കൾക്കും, കുട്ടികൾക്കും, കൗമാര പ്രായക്കാർക്കും, യുവജനങ്ങൾക്കും, മുതിർന്നവർക്കും സഭയിൽ നൽകപ്പെടുന്ന വിശ്വാസ പരിശീലനമാണ് മതബോധനം" (CT -18). ദൈവരാജ്യത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന നാം വിശ്വാസത്തിന്റെ പൂർണ്ണതയിലേക്കോ പക്വതയിലേക്കോ പ്രവേശിച്ചു കഴിഞ്ഞു എന്ന് പറയാനാവില്ല. അതിനാൽ വിശ്വാസ ജീവിത പരിശീലനമെന്നത് കുട്ടികളിൽ മാത്രം ഒതുക്കേണ്ടതല്ല. മറിച്ച്, വിശ്വാസപഠനവും വിശ്വാസ വളർച്ചയും എല്ലാവർക്കും ആവശ്യമാണ്. "കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ" എന്ന് നിരന്തരം പ്രാർത്ഥിക്കേണ്ടവരാണ് നാം.

അതിനാൽ, വിശ്വാസപരിശീലനരംഗത്ത് നിന്നും ആർക്കും മാറി നിൽക്കുക സാധ്യമല്ലെന്ന് മാർപാപ്പ എടുത്തു പറയുന്നുണ്ട്. (CT -45). അൽമായർക്ക് മാത്രമല്ല വൈദിക വിദ്യാർത്ഥികൾക്കും സന്യസ്തർക്കും വിശ്വാസപരിശീലനത്തിൽ ആഴമായ ബോധ്യം നൽകണം (CT -45). എന്ന് ഉദ്ബോധിപ്പിക്കുന്ന മാർപാപ്പ, വൈദിക

രുടെയും സന്യസ്തരുടെയും അജപാലനദൗത്യത്തിന്റെ അതിപ്രധാനമായ വേദി വിശ്വാസ പരിശീലനമാണ് എന്ന് ഊന്നി പറയുന്നു (CT -16). അതായത് വിശ്വാസപരിശീലനം സഭയുടെ മുഴുവൻ അംഗങ്ങൾക്കുള്ളതാണെന്നും, വിശ്വാസരഹസ്യങ്ങൾ പഠിക്കുവാനും, വചനാനുഭവത്തിലേക്ക് വളരാനും വളർത്താനുമുള്ളതാണെന്ന സത്യം ഉൾക്കൊണ്ട് നമ്മുടെ മതബോധന ദൗത്യത്തിൽ പൂർണ്ണമായി നാം പങ്കാളികളാകണം. അങ്ങനെ ബൗദ്ധികമായ അറിവിനേക്കാൾ അനുഭവതലത്തിലുള്ള വിശ്വാസജീവിതം നയിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാകണം.

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ ഈ അദ്ധ്യയനവർഷത്തിന്റെ അവസാന നാളുകളിലെത്തിയല്ലോ. ഇതുവരെ നിങ്ങൾ ഉൾക്കൊണ്ട ദൈവിക അറിവിന്റെയും ബോധ്യങ്ങളുടേയും ജീവിതശൈലിയുടേയും, മാറ്റുരച്ചു നോക്കേണ്ട ദിവസങ്ങളാണ് മുന്നിലുള്ളത്. നിങ്ങൾ നേടുന്ന വിശ്വാസജീവിതപരിശീലനം യേശുവിൽ അനുരൂപപ്പെടാനും, യേശുവിൽ ജീവിക്കാനും സഹായിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. യേശു "ജ്ഞാനത്തിലും പ്രായത്തിലും" വളർന്നതുപോലെ നിങ്ങളും ദൈവികമായ അറിവിലും വിശുദ്ധിയിലും വളരണം.

യേശുവിന്റെ രക്ഷാകരസന്ദേശം പകരുന്ന പ്രിയ മതാദ്ധ്യാപകരേ, എത്രയോ മഹത്തായ ഒരു പ്രവൃത്തിയാണ് നിങ്ങൾ ഏർപ്പെട്ടിരിക്കുന്നതെന്നോർത്ത് അഭിമാനം കൊള്ളുക. വിശ്വാസജീവിത പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങൾ ആഴത്തിലുള്ള അറിവിലും വിശ്വാസത്തിലും നിങ്ങളെ ഏൽപ്പിച്ചിട്ടുള്ളവരെ പരിശീലിപ്പിച്ച് വളർത്തണം. നിങ്ങളുടെ തന്നെ ജീവിത സാക്ഷ്യമാണ് അതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം.

പ്രിയ മാതാപിതാക്കളെ, മതബോധനത്തിന് നിങ്ങൾ എത്രയധികം പ്രാധാന്യം നൽകുന്നുവോ അത്രയധികം സഭാസമൂഹത്തിന്റേയും കുടുംബത്തിന്റേയും വിശ്വാസജീവിതം ശക്തി പ്രാപിക്കും. വിശ്വാസപരിശീലനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും, യോഗ്യതയുള്ള വ്യക്തികളെ അതിനായി പരിശീലിപ്പിക്കുന്നതിനും, നിങ്ങളുടെ കുഞ്ഞുങ്ങളുടെ പരിശീലനത്തിനുവേണ്ടിയുള്ള സജ്ജീ

കരണങ്ങൾ ഒരുക്കുന്നതിനും പരമാവധി സമയവും സമ്പാദ്യവും ഇതിനായി നീക്കിവയ്ക്കുവാനും നിങ്ങൾ ശ്രദ്ധിക്കണം.

ഇത്തരുണത്തിൽ വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും ഞാൻ ഹാർദ്ദവമായി അനുമോദിക്കുകയും അവരുടെ സേവനങ്ങൾക്കും സഹനങ്ങൾക്കും സർവ്വേശ്വരൻ പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2005-ാം ആണ്ട് ജനുവരി മാസം 21-ാം തീയതി നൽകപ്പെട്ടത്.

+

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ ഇടയലേഖനം ഫെബ്രുവരി 13-ാം തീയതി ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 3

# ഇടയലേഖനം

Pastoral Letter No. 3/2005
Prot. No. 1794/2005

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ
പൊരുന്നേടം ജോസ് മെത്രാൻ

തന്റെ സഹശുശ്രൂഷികളായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സമർപ്പിതർക്കും അത്മായർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ഉത്ഥാനതിരുനാളിന് ഒരുക്കമായി അനുഷ്ഠിച്ചു തുടങ്ങിയ വലിയനോമ്പിന്റെ ഏകദേശം പകുതിവഴിയിൽ നാം എത്തിനിൽക്കുകയാണല്ലോ. ഇത്തരുണത്തിൽ നോമ്പാചരണത്തിന്റെ പ്രസക്തിയെപ്പറ്റിയും മാനങ്ങളെപ്പറ്റിയും പരിചിന്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു. നോമ്പിനെപ്പറ്റി പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഫെബ്രുവരി 13-ാം തീയതിയിലെ തന്റെ പതിവ് ഞായറാഴ്ച പ്രസംഗത്തിനിടയിൽ പ്രസ്താവിച്ച കാര്യം എടുത്തു പറയത്തക്കതാണ്. അദ്ദേഹം പറഞ്ഞു. "ഈ ആരാധനക്രമകാലം മൗലികമായ ഒരു സത്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. കർത്താവിനോടൊരുമിച്ച് കുരിശുവഹിക്കാതെ നാം നിത്യജീവനിൽ പ്രവേശിക്കുകയില്ല. നമ്മിലുള്ള ആന്തരികയുദ്ധത്തെ ധൈര്യപൂർവ്വം നേരിടാതെ നമുക്ക് സന്തോഷവും സമാധാനവും ലഭിക്കുകയില്ല. ഈ യുദ്ധം ജയിക്കാനുള്ള ആയുധമാണ് പ്രായശ്ചിത്തപ്രവൃത്തികൾ: അതായത് പ്രാർത്ഥന, ഉപവാസം, കാരുണ്യപ്രവൃത്തികൾ എന്നിവ"

നിത്യജീവിതത്തിലേയ്ക്ക് കുറുക്കുവഴികളില്ല എന്നതൊരു അടിസ്ഥാന സത്യമാണ്. അത് കുരിശിലൂടെ മാത്രമാണ്. നമ്മുടെ നിത്യജീവന്റെ അച്ചാരമായി നിലകൊള്ളുന്ന ഈശോയ്ക്ക് മനുഷ്യരക്ഷ സാധിക്കാനായി പിതാവായ ദൈവം കാണിച്ചുകൊടുത്ത മാർഗ്ഗം

അതായിരുന്നു. അതുമാത്രമാണ് അവിടുത്തെ അനുയായികളുടെയും മാർഗ്ഗം. വേണമെങ്കിൽ ഇടുങ്ങിയ ഈ വാതിലിൽ കൂടി പ്രവേശിക്കാതെ വിശാലമായ വഴികൾ നമുക്ക് തേടാം. പക്ഷേ, അവ നമ്മെ ക്കൊണ്ടെത്തിക്കുന്നത് നിത്യനാശത്തിലായിരിക്കും. കുരിശുകൾ വഹിക്കാൻ നാം പ്രാപ്തരാകുന്നത് ഈ ബോധ്യം നമ്മിൽ രൂഢമൂലമാകുമ്പോഴാണ്. കുരിശുകൾക്ക് രക്ഷാകരമായ മൂല്യം ഉണ്ടെന്ന ബോധ്യം നമുക്കില്ലെങ്കിൽ അവ കേവലം ശിക്ഷകളായേ നമുക്ക് അനുഭവപ്പെടുകയുള്ളൂ. സന്തോഷത്തോടെ അവയെ വഹിക്കുവാൻ തയ്യാറാകുന്നവർക്ക് ഈ ലോകത്തിൽ തന്നെ സ്വർഗ്ഗീയാനന്ദം അനുഭവവേദ്യമാകും എന്നത് തർക്കമറ്റ സംഗതിയാണ്. ദൈവികസാന്നിധ്യത്തിലുള്ള നിരന്തരമായ വാസമാണല്ലോ സ്വർഗ്ഗീയത. അവിടെയനുഭവപ്പെടുന്ന സന്തോഷവും ശാന്തിയും ഇവിടെത്തന്നെ അനുഭവവേദ്യമാകും എന്നതിന് അനുഭവം സാക്ഷിയാണ്.

നമ്മിലുള്ള ആന്തരികസുഖത്തെ ധൈര്യപൂർവ്വം ത്യജിക്കാതെ സന്തോഷവും സമാധാനവും ലഭ്യമാകുകയില്ല എന്നതാണ് പരി. പിതാവ് ഉപദേശിക്കുന്ന രണ്ടാമത്തെ കാര്യം. ഈ ആന്തരികസുഖം നന്മയും തിന്മയും കലർന്നതാണ്; തെറ്റും ശരിയും കലർന്നതാണ്. ആദിമാതാപിതാക്കന്മാരുടെ പാപം നിമിത്തം നമ്മുടെ സ്വാഭാവിക ചായ്‌വ് തിന്മയിലേയ്ക്കാണ്. ആ തിന്മകൾ താൽക്കാലികമായ സന്തോഷം നൽകുന്നവയാണ് എന്നതും വാസ്തവമാണ്. അതുകൊണ്ടാണ് തിന്മയാണെന്നറിഞ്ഞുകൊണ്ടുതന്നെ നാമതിനെ ആശ്ലേഷിക്കുന്നത്. പക്ഷേ, അവ നൽകുന്ന സന്തോഷം താൽക്കാലികമാണെന്ന സത്യം നാം അചിരേണ മനസ്സിലാക്കുന്നു. മദ്യപാനം, പുകവലി, വ്യഭിചാരം തുടങ്ങിയവയെല്ലാം ചെറുതോ വലുതോ ആയ തിന്മകളാണ്. എങ്കിലും അവ നൽകുന്ന താൽക്കാലിക സന്തോഷത്തിന് അടിമകളായി അനേകായിരങ്ങളാണ് നശിക്കുന്നത്. [illegible] ബലിയാടുകളാകുന്നു എന്നതാണ് അതിന്റെ ദുരന്തഫലമായ മറ്റൊരു വശം. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ 'ഇച്ഛിക്കുന്ന നന്മയല്ല പ്രത്യുത, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ ചെയ്യുന്നത്." എങ്കിലും 'ഞാനെന്താകുന്നുവോ അത് ദൈവകൃപയാൽ

എന്നു പറഞ്ഞുകൊണ്ട് തന്നിലുള്ള തിന്മയുടെ ശക്തിക്കെതിരെ അദ്ദേഹം നിരന്തരം പോരാടി. നോമ്പുകാലത്തും തുടർന്നും നമ്മിലുള്ള തിന്മയുടെ ശക്തിക്കെതിരെ നാം ധൈര്യപൂർവ്വം യുദ്ധം ചെയ്യുക തന്നെ വേണം. അന്ത്യം വരെ പിടിച്ചു നിൽക്കുന്നവർ രക്ഷ പ്രാപിക്കും.

മേൽപറഞ്ഞ യുദ്ധം ജയിക്കാനുള്ള ആയുധമായി പരി. പിതാവ് കാണുന്നത് പരിത്യാഗപ്രവൃത്തികളാണ്. അതായത്, പ്രാർത്ഥനയും ഉപവാസവും കാരുണ്യപ്രവൃത്തികളും. പ്രാർത്ഥനയിൽ നാം നമ്മെത്തന്നെ ദൈവത്തിൽ കേന്ദ്രീകരിക്കുന്നു. അങ്ങനെ നമ്മളും ദൈവവും തമ്മിലുള്ള ബന്ധം നേർരേഖയിലാക്കപ്പെടുകയും ദൈവകൃപയുടെ പ്രവർത്തനത്തിനായി നമ്മുടെ മനസ്സുകൾ സജ്ജമാക്കപ്പെടുകയും ചെയ്യുന്നു. പ്രാർത്ഥനയിൽ നാം നമ്മുടെ ബലഹീനതകളെ തിരിച്ചറിയുകയും അവയെ ഏറ്റുപറഞ്ഞ് ദൈവാശ്രയബോധത്തിൽ ആഴപ്പെടുകയും ചെയ്യുന്നു. നോമ്പുകാലത്തു നാം നടത്തുന്ന കുരിശിന്റെ വഴി പോലെയുള്ള ഭക്താഭ്യാസങ്ങൾ ഇതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അവ കേവലം പ്രകടനങ്ങളായി മാറ്റാതിരിക്കാൻ നാം ശ്രദ്ധിയ്ക്കേണ്ടതുണ്ട്. തീർത്ഥാടനങ്ങളുടെ കാര്യവും അങ്ങനെതന്നെയാണ്. അവയ്ക്കൊന്നിനും മാന്ത്രികശക്തിയില്ലെന്നും അവയുടെ അനുഷ്ഠാനം കൊണ്ട് മാത്രം ദൈവത്തെ പ്രീതിപ്പെടുത്താം എന്ന ചിന്ത ക്രൈസ്തവമല്ല എന്നുമുള്ള കാര്യങ്ങൾ നാം തിരിച്ചറിയണം. ദൈവവുമായുള്ള ബന്ധത്തിൽ വന്ന വീഴ്ചകളെ നേരെയാക്കാൻ നാം സന്നദ്ധരാണെന്ന നമ്മുടെ മനോഭാവത്തിന്റെ ബാഹ്യപ്രകടനങ്ങളാണ് ഈ ഭക്താഭ്യാസങ്ങളും പ്രാർത്ഥനകളും എന്നു നാം മനസ്സിലാക്കണം. അതായത്, അടിസ്ഥാനപരമായി നമ്മുടെ കാഴ്ചപ്പാടുകളിൽ മാറ്റമുണ്ടാവുകയും അതനുസരിച്ച് നാം പ്രവർത്തിക്കാൻ തയ്യാറാകുകയും ചെയ്യുമ്പോഴാണ് അവ അർത്ഥപൂർണ്ണവും ഫലവത്തും ആകുന്നത്. നമ്മുടെ പ്രാർത്ഥനകളും തീർത്ഥാടനങ്ങളും ദേവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയ ചുങ്കക്കാരന്റേതുപോലെയാകട്ടെ. സ്വയം മാറത്തടിച്ച് പാപിയാണെന്നേറ്റു

പറഞ്ഞ് പൊറുതിയപേക്ഷിക്കാനുള്ള മനോഭാവമാണ് ദൈവമിവിടെ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്.

ഉപവാസമാണ് ആന്തരികയുദ്ധം ജയിക്കാനായി പരി. പിതാവ് ഉപദേശിച്ചുതരുന്ന രണ്ടാമത്തെ മാർഗ്ഗം. സ്വയം വിശുദ്ധീകരണമാണ് ഉപവാസംകൊണ്ടുദ്ദേശിക്കുന്നത്. ശാരീരികമായി നമ്മെ പോഷിപ്പിക്കുകയും മാനസികമായി സന്തോഷം നൽകുകയും ചെയ്യുന്ന ഭക്ഷണ പാനീയങ്ങളും അതുപോലെയുള്ള മറ്റു വസ്തുക്കളും സംതൃപ്തികളും വേണ്ടെന്ന് വയ്ക്കുന്നതാണല്ലോ സാധാരണയായി ഉപവാസമെന്ന് നാം പറയുന്നത്. അനന്തവിശുദ്ധിതന്നെയായ ദൈവവുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഒരുക്കമായി 40 ദിവസത്തെ ഉപവാസത്തിലൂടെ മൂശ തന്നെത്തന്നെ വിശുദ്ധീകരിച്ചു (പുറ. 34: 28). ഈ ഉപവാസാനന്തരമാണ് പത്തുകല്പനകൾ അടങ്ങിയ കല്പലകകൾ മൂശ ദൈവത്തിൽ നിന്ന് ഏറ്റുവാങ്ങുന്നത്. സ്വന്തം തെറ്റുകളെപ്പറ്റിയുള്ള അനുതാപത്തിന്റെ അടയാളമായും പഴയനിയമം ഉപവാസത്തെ അവതരിപ്പിക്കുന്നുണ്ട്. കള്ളപ്രമാണം ചമച്ച് നാബോത്തിനെ അന്യായമായി കൊലപ്പെടുത്തിയ ആഹാബ് രാജാവ് തനിയ്ക്കു കിട്ടാൻ പോകുന്ന ദൈവികശിക്ഷയെപ്പറ്റി ഏലിയാ പ്രവാചകനിൽ നിന്ന് കേട്ടറിഞ്ഞപ്പോൾ വസ്ത്രംകീറി, ചാക്കുടുത്ത്, ഉപവസിച്ച് തല താഴ്ത്തി നടന്നതായി ദാനിയേൽ പ്രവാചകന്റെ പുസ്തകം പറയുന്നു (ദാനി 9:3).

തങ്ങൾക്ക് വരാൻ പോകുന്ന ആപത്തിൽനിന്ന് രക്ഷിയ്ക്കപ്പെടുവാനായി ദൈവസഹായം യാചിക്കുന്നതിന്റെയും (2 ദിന. 20:3) തങ്ങൾ തുടങ്ങാൻ പോകുന്ന പ്രവൃത്തികളുടെ വിജയത്തിന് ദൈവാനുഗ്രഹം അപേക്ഷിക്കുന്നതിന്റെയും അടയാളമായും ഇസ്രായേൽ ജനത ഉപവാസത്തെ കണ്ടിരുന്നു. ചുരുക്കത്തിൽ വ്യക്തിപരമായും സമൂഹപരമായും അനുഷ്ഠിക്കുന്ന ഉപവാസത്തിന്റെ ലക്ഷ്യം സ്വയം വിശുദ്ധീകരിക്കപ്പെടുകയും ദൈവകൃപയ്ക്ക് പാത്രീഭൂതരാകുകയും ചെയ്യുക എന്നതാണ്. നമ്മുടെ ഉപവാസത്തിന്റെയും ലക്ഷ്യം മറ്റൊന്നല്ല.

കാലക്രമത്തിൽ ഇസ്രായേലിനെ സംബന്ധിച്ച് ഉപവാസവും നോമ്പാചരണവും അതിന്റെ ആന്തരികാർത്ഥം ചോർന്ന് കേവലമൊരു അനുഷ്ഠാനപ്രധാനമായ സാമൂഹ്യചടങ്ങായി അധഃപതിച്ചു. ഈ സ്ഥിതിയ്ക്കെതിരെ ജറമിയ, ഏശയ്യ, ജോയേൽ എന്നീ പ്രവാചകന്മാർ ശക്തമായി പ്രതികരിക്കുന്നുണ്ട്. ജറമിയാ പ്രവാചകന്റെ ഭാഷയിൽ നീതിപൂർവ്വകമായ ജീവിതം അതായത്, മനുഷ്യബന്ധങ്ങളിലുള്ള ശരിയായ ക്രമമാണ് ഉപവാസത്തിന്റെയും നോമ്പിന്റെയും ആദ്യപടി. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും സ്വന്തം കടമകൾ ശരിയായി നിർവ്വഹിക്കുക, ആരെയും പ്രത്യേകിച്ച്, ബലഹീനരെ ചൂഷണം ചെയ്യാതിരിക്കുക, അപരന്റെ രക്തം ചിന്താതിരിക്കുക, അന്യദേവന്മാരുടെ പുറകേ പോകാതിരിക്കുക എന്നിവയെല്ലാം ഇതിൽപെടുന്നു. ഇവ അന്നെന്നപോലെ ഇന്നും പ്രസക്തമാണല്ലോ. "നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിയ്ക്കലും വറ്റാത്ത നീർച്ചാലുപോലെയും" എന്നാണ് ആമോസ് പ്രവാചകൻ പറയുന്നത് (ആമോസ് 5:24). സത്യം, നീതി, പരസ്നേഹം എന്നിവയില്ലാത്തവരുടെ നോമ്പും ഉപവാസവും അർത്ഥശൂന്യങ്ങളാണ് എന്ന സത്യമാണ് പ്രവാചകൻ നമ്മെ പഠിപ്പിക്കുന്നത്.

ആചാരപരവും പ്രകടനാത്മകവുമായ ഉപവാസത്തെപ്പറ്റി അതിരൂക്ഷമായ ഭാഷയിലാണ് ഏശയ്യാ പ്രവാചകൻ പ്രതികരിക്കുന്നത് (ഏശ. 58:3-10). "അവർ എന്നോട് നീതിവിധികൾ ആരായുന്നു.... ഞങ്ങൾ എന്തിന് ഉപവസിച്ചു? അങ്ങ് കാണുന്നില്ലല്ലോ. ഞങ്ങൾ എന്തിന് ഞങ്ങളെത്തന്നെ എളിമപ്പെടുത്തി? അങ്ങ് അത് ശ്രദ്ധിക്കുന്നില്ലല്ലോ. എന്നാൽ ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് തേടുന്നത്. നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഡിപ്പിക്കുന്നു. കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും ക്രൂരമായി മുഷ്ടികൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല" (ഏശ. 58:3-4). ഈശോയും ഇത്തരത്തിലുള്ള ഉപവാസത്തെ ശാസിക്കുന്നുണ്ട് (മത്താ. 6:16-18). ഉപവാസം പരസ്പര സ്നേഹത്തിലേയ്ക്കും കൂട്ടായ്മയിലേക്കും നയിക്കണം. നമ്മുടെ കുടുംബ

ങ്ങളിലും ഇടവകകളിലുമെല്ലാം ഈയൊരു പ്രവൃത്തി നടക്കേണ്ടതുണ്ട്.

ഏതു തരത്തിലുള്ള ഉപവാസമാണ് കർത്താവ് ആഗ്രഹിക്കുന്നതെന്നും ആ ഉപവാസത്തിന്റെ ചൈതന്യമെന്തെന്നും പ്രവാചകൻ തുടർന്നു പറയുന്നു: "ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേയ്ക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസമോ? ഞാങ്ങണപോലെ തലകുനിക്കുന്നതും ചാക്കുവിരിച്ച് ചാരം വിതറി കിടക്കുന്നതും ആണോ അത്? ഇതിനെയാണോ നീ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസം എന്നും വിളിക്കുക?"(ഏശ. 58 5-6)

എന്താണ് ശരിയായ ഉപവാസം എന്നും പ്രവാചകൻ പറയുന്നുണ്ട്. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളെയും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവരുമായി ആഹാരം പങ്കുവയ്ക്കുന്നതും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുന്നതും നഗ്നനെ ഉടുപ്പിക്കുന്നതും സ്വന്തക്കാരിൽ നിന്നും ഒഴിഞ്ഞുമാറാതിരിക്കുന്നതും ചെയ്യുന്നതല്ലേ അത്?" (ഏശ. 58 67) ഇങ്ങനെയൊക്കെ ചെയ്യുമ്പോൾ "നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി നൽകും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക" (ഏശ.58:9).

സ്വന്തം ജീവിതത്തിൽ വരുത്തേണ്ട ഗുണപരമായ മാറ്റമാണ് 'ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. 'നുകങ്ങൾ ഒടിക്കുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സമൂഹത്തിൽ വരുത്തേണ്ട മാറ്റവും. സ്വന്തം വ്യക്തിത്വത്തെയെന്നപോലെ സമൂഹത്തെയും വിശുദ്ധീകരിക്കേണ്ട ചുമതല ഓരോരുത്തർക്കുമുണ്ട്. അനീതി നിറഞ്ഞ എല്ലാ സംവിധാനങ്ങളെയും ഇല്ലാതാക്കാൻ നാം പരിശ്രമിക്കണം. നീതിപൂർവ്വകമായ സമൂഹത്തിന്റെ സൃഷ്ടിക്കും പരസ്പരം പങ്കുവയ്ക്കലിനും അവ

സമരമാകണം. നമ്മുടെ ചുറ്റും കാണുന്ന കൈക്കൂലിയും അഴിമതിയും അങ്ങനെയുള്ള മറ്റു തിന്മകളും ഇല്ലായ്മ ചെയ്യുന്നതിൽ നമുക്ക് വലിയൊരു ഉത്തരവാദിത്വമുണ്ട്. നമുക്കുള്ളതിൽ ഒരോഹരി ഇല്ലാത്തവർക്ക് കൊടുക്കാൻ നാം തയ്യാറാകണം. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എല്ലാം ഇത് ബാധകമാണ്. അങ്ങനെ നമ്മുടെ ഉപവാസം ക്രൈസ്തവമാകട്ടെ.

ആന്തരികയുദ്ധം ജയിക്കാനുള്ള മൂന്നാമത്തെ മാർഗ്ഗമായി പരി. പിതാവ് ചൂണ്ടിക്കാണിയ്ക്കുന്ന ജീവകാരുണ്യ പ്രവൃത്തികൾ മുകളിൽ പറഞ്ഞവ തന്നെയാണ്. ഉപവാസത്തിനർത്ഥമുണ്ടാകുന്നത് അതിലൂടെ നാം ഇല്ലായ്മയുടെ ദുഃഖം മനസ്സിലാക്കുകയും ഇല്ലാത്തവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോഴാണ്. പങ്കുവയ്ക്കപ്പെടേണ്ടത് കേവലം ഭൗതികവസ്തു മാത്രമല്ല. പ്രത്യുത നമ്മുടെ സമയവും സ്നേഹവും കരുതലും എല്ലാം അതിലുൾപ്പെടുന്നു.

മേൽപറഞ്ഞ രീതിയിൽ നോമ്പാചരിക്കേണ്ടത് രഹസ്യത്തിലും കാപട്യം കൂടാതെയും ദൈവസ്നേഹത്തിന്റെയും സഹോദരീസഹോദരന്മാരോടുള്ള സ്നേഹത്തിന്റെയും അരൂപിയാലും ആയിരിക്കണം എന്നും പരിശുദ്ധ പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ഉപവാസവും ദാനധർമ്മങ്ങളും മറ്റുള്ളവരുടെ പ്രശംസ പിടിച്ചു പറ്റാനോ സ്വന്തം മഹത്വം വർദ്ധിപ്പിക്കാനോ ആയിരിക്കരുത്. 'നിന്റെ വലതുകൈ ചെയ്യുന്നതെന്തെന്ന് ഇടതുകൈ അറിയാതിരിക്കട്ടെ' എന്നാണല്ലോ കർത്താവ് ഉദ്ബോധിപ്പിക്കുന്നത്. ഇത് തീർച്ചയായും ലോകത്തിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ചെറിയൊരു കാര്യം ചെയ്തിട്ട് അതെല്ലാം പരസ്യപ്പെടുത്തി കൈയ്യടി വാങ്ങാൻ തത്രപ്പെടുന്ന ലോകത്തിൽ ഒരു പ്രതിസംസ്കാരമായി നിലകൊള്ളാൻ നമുക്ക് കഴിയണം.

ഈ നോമ്പുകാലം ഇങ്ങനത്തെ കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കാൻ ഉപകരിയ്ക്കട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. അങ്ങനെ സ്വയം വിശുദ്ധീകരിക്കപ്പെട്ടും ദൈവവും മനുഷ്യനുമായി രമ്യപ്പെട്ടും യഥാർത്ഥ ക്രൈസ്തവ സംസ്കാരത്തിന്റെ വക്താക്കളായി രൂപാന്തരപ്പെട്ടും നമുക്ക് കർത്താവിന്റെ

ഉത്ഥാനത്തിരുനാൾ ആഘോഷിക്കാം. ഉത്ഥാനത്തിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കേവർക്കും ഹൃദയപൂർവ്വം നേരുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

2005 ഫെബ്രുവരി മാസം 20-ാം തീയതി മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം
(മാനന്തവാടി രൂപതാ മെത്രാൻ)

---

NB:- ഈ ഇടയലേഖനം 2005 മാർച്ച് മാസം 13-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

## സ്നേഹനിധി 2005

**Prot. No. 1805/2005**
**Circular Letter No. 3/2005**

കർത്താവിൽ സ്നേഹമുള്ളവരെ,

നോമ്പുകാലം പാപപരിഹാരത്തിന്റെയും ജീവിത വിശുദ്ധീകരണത്തിന്റെയും കാലഘട്ടമാണല്ലോ. രക്ഷാകര രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനമനനങ്ങൾ ജീവിതനവീകരണത്തിനും വിശുദ്ധീകരണത്തിനും ശക്തിയും പ്രചോദനവുമാണ്. യേശുവിന്റെ കുരിശിന്റെ വഴിയിലൂടെയുള്ള യാത്ര ജീവിതക്ലേശങ്ങൾ സന്തോഷത്തോടെ സഹിക്കാനും അവയെ രക്ഷാകരമാക്കാനും നമ്മെ സഹായിക്കും. അങ്ങനെ ഉയിർപ്പ് തിരുനാളിന്റെ സന്തോഷവും സമാധാനവും അനുഭവിക്കാൻ നമുക്ക് സാധിക്കും.

യേശുനാഥന്റെ ഉയിർപ്പുതിരുനാളിനുള്ള ഒരുക്കം പ്രാർത്ഥനയുടെയും, പരിത്യാഗത്തിന്റെയും, ദാനധർമ്മത്തിന്റെയും വഴിയിലൂടെ

ആയിരിക്കട്ടെ. "ദാനധർമ്മം അത്യുന്നതന്റെ സന്നിധിയിൽ വിശിഷ്ടമായ കാഴ്ചയാണ്" (തോബി. 4:11). നോമ്പിന്റെ ചൈതന്യത്തിൽ വിശുദ്ധിയുടെയും ധാർമ്മികതയുടെയും വഴിയിലേക്ക് തിരിച്ചുവരാൻ ശ്രമിക്കുമ്പോൾ ദാനധർമ്മം വലിയ സംരക്ഷണ കവചമാണ്. നീതിമാന്റെ സവിശേഷമായ ഗുണവിശേഷമാണ് ദാനധർമ്മം. "....നീതിമാന്മാർ നിർല്ലോപം ദാനം ചെയ്യുന്നു" (സുഭാ. 2:26b). ദാനധർമ്മം നമ്മുടെ ഔദാര്യമല്ല, മറിച്ച് അത് നമ്മുടെ കടമയാണ്. അതിലുപരി ദൈവകൽപനയുമാണ്. "ഭൂമിയിൽ ദരിദ്രർ എന്നും ഉണ്ടായിരിക്കും. ആകയാൽ, നിന്റെ സഹോദരനുവേണ്ടി കയ്യയച്ചു കൊടുക്കുക. എന്നു ഞാൻ നിന്നോട് കൽപിക്കുന്നു" (നിയമ. 15:11).

"ദരിദ്രരോടു ദയ കാണിക്കുന്നവൻ ഭാഗ്യവാൻ, കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും" (സങ്കീ. 41:1). ഇത് സങ്കീർത്തകന്റെ ജീവിതാനുഭവമാണ്. വേദനിക്കുന്ന, കഷ്ടപ്പെടുന്ന നമ്മുടെ സഹോദരങ്ങളോട് ദയ കാണിക്കാൻ കഴിയുമ്പോഴാണ് നമ്മുടെ നോമ്പാചരണവും, ഈസ്റ്റർ ആഘോഷവും പൂർണ്ണമാകുന്നത്. രക്ഷയുടെ അനുഭവം നമുക്ക് ഉണ്ടാകുന്നത്. നമ്മുടെ രൂപത ദൈവജനമെന്ന നിലയിൽ കൂട്ടായി നടത്തുന്ന ദാനധർമ്മത്തിന്റെ ഭാഗമാണ് ഏതാനും വർഷങ്ങളായി ഓരോ വർഷവും നാം സംഭരിക്കുന്ന സ്നേഹനിധി. ഈ വർഷം മാർച്ച് മാസം 20-ാം തീയതി ഓശാന ഞായറാഴ്ചയാണ് "സ്നേഹനിധി ഞായറായി" നമ്മൾ ആചരിക്കുന്നത്. അന്നേദിവസം നോമ്പാചരണത്തിന്റെയും പരിത്യാഗത്തിന്റെയും പ്രതീകമായി നമ്മുടെ അധ്വാനത്തിന്റെ ഫലങ്ങൾ ദിവ്യബലി മധ്യേ ഉദാരമനസ്സോടെ സംഭാവനയായി സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഇല്ലായ്മയിൽ നിന്ന് ഉദാരമായി സംഭാവന ചെയ്യാൻ മുൻ വർഷങ്ങളിൽ നിങ്ങളുടെ സന്മനസ്സും സഹകരണവും നിർലോപം ഉണ്ടായിരുന്നു. നമ്മുടെ രൂപതയിലെ പാവപ്പെട്ട നിരവധി കുടുംബങ്ങൾക്കും വ്യക്തികൾക്കും കാരുണ്യത്തിന്റെ കൊച്ചു സഹായം എത്തിക്കാൻ അതുവഴി കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. സ്നേഹനിധി ഫണ്ടിന്റെ അപര്യാപ്തത മൂലം ആവശ്യക്കാർക്കെല്ലാം സഹായം നൽകാൻ നമുക്ക് കഴിയാറില്ല.

മാനന്തവാടി രൂപതയിലെ ബഹുഭൂരിപക്ഷം ജനവിഭാഗവും കർഷകരാണ്. കാർഷികമേഖല വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ് എന്നത് നമുക്കേവർക്കും അറിവുള്ള വസ്തുതയാണ്. രൂപതയിലെ വിവിധ മേഖലകൾ അതിന്റെ രൂക്ഷതയിലുമാണ്. കഴിഞ്ഞവർഷം വലിയ തകർച്ചകളും, നാശനഷ്ടങ്ങളും നമുക്ക് സമ്മാനിച്ചു. പുൽപ്പള്ളി മേഖലയിലെ രൂക്ഷമായ വരൾച്ചയും, കൊട്ടിയൂർ മേഖലയിലെ ഉരുൾപൊട്ടലും ഒത്തിരിയേറെ നാശനഷ്ടങ്ങൾക്കും ജീവഹാനിക്കും ഇടയാക്കി. കർഷക ആത്മഹത്യകൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഈ അവസരങ്ങളിലൊക്കെ നിസ്വാർത്ഥമായ നിങ്ങളുടെ സഹായസഹകരണവും സംഭാവനയും അനേകർക്ക് സഹായത്തിന്റെ കരസ്പർശമേകാൻ പര്യാപ്തമായിരുന്നു.

'സ്നേഹനിധി 2004' വർഷത്തെ സംഭാവനയായി വിവിധ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി നമുക്ക് സമാഹരിക്കാനായത് ഏകദേശം 2.8 ലക്ഷം രൂപയാണ്. ഈ വർഷത്തെ സ്നേഹനിധിയിലേക്കുള്ള നിങ്ങളുടെ ഉദാരമായ സംഭാവന പ്രതീക്ഷിക്കുന്നു. ഈ വർഷത്തേയ്ക്ക് ഓരോ ഭവനത്തിലേക്കും/ സ്ഥാപനത്തിലേക്കുമുള്ള കത്തും കവറുകളും ഇടവക വാർഡു പ്രതിനിധികൾ മുഖേന എല്ലാ ഭവനങ്ങളിലും എത്തിക്കാൻ ശ്രദ്ധിക്കണം. ബഹു. വികാരിയച്ചന്മാർ ഈ ഇടയലേഖനം പള്ളിയിൽ വായിക്കുകയും ഇതെക്കുറിച്ച് ഇടവക ജനത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

മുൻവർഷങ്ങളിലെ സഹായസഹകരണങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ടും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും നന്മകളും ആശംസിച്ചുകൊണ്ടും

സ്നേഹപൂർവ്വം,

+ [signature]

+ ജോസ് പൊരുന്നേടം
(മാനന്തവാടി രൂപതാ മെത്രാൻ)

# Vol. 4

**Circular Letter No. 4 / 2005**
**Prot. No. 1924 / 2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

മാമ്മോദീസ, സ്ഥൈര്യലേപനം, കുമ്പസാരം, വിവാഹം എന്നീ കൂദാശകളുടെ പുനരുദ്ധരിക്കപ്പെട്ട ക്രമം 2005 ജനുവരി 6 മുതൽ നമ്മുടെ സഭയിൽ നടപ്പാക്കിയ വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ചില പ്രത്യേകസാഹചര്യങ്ങൾ പരിഗണിച്ച് 2005 ഫെബ്രുവരി ഒന്നാം തീയതിയാണ് അവ നമ്മുടെ രൂപതയിൽ നടപ്പാക്കിയത്. ഇതുവരെ അനുവർത്തിച്ചുപോന്ന ക്രമത്തിൽനിന്ന് വ്യത്യാസങ്ങളുള്ളതുകൊണ്ട് ആരംഭഘട്ടത്തിൽ പുതിയക്രമം ആയാസകരമായിത്തോന്നുന്നത് സ്വാഭാവികം മാത്രമാണ്. അതുകൊണ്ട് അവയുടെ സുഗമമായ പരികർമ്മത്തിനായി ഏതാനും നിർദ്ദേശങ്ങൾ തരുകയാണ്. പുസ്തകത്തിൽത്തന്നെ കൊടുത്തിട്ടുള്ളവയുടെ കുറച്ചുകൂടി ലളിതമായ രൂപം മാത്രമാണിത്. അതുപോലെതന്നെ ചില ഐച്ഛികങ്ങളുടെ കാര്യത്തിൽ നമ്മുടെ രൂപതയിൽ സ്വീകരിച്ചിരിക്കുന്നത് ഏതാണെന്നും ചൂണ്ടിക്കാണിക്കുകയാണ്.

**I. മാമ്മോദീസായും സ്ഥൈര്യലേപനവും**

1. മാമ്മോദീസായും സ്ഥൈര്യലേപനവും ഇനി മുതൽ ഒരുമിച്ചാണ് നൽകുന്നത്. വി. കുർബാനയും അവയോടൊപ്പം കൊടുക്കുവാനുള്ള സാധ്യത കർമ്മക്രമത്തിലുണ്ട്. എന്നാൽ നമ്മുടെ രൂപതയിൽ മുതിർന്നവർ മാമ്മോദീസാ സ്വീകരിക്കുമ്പോൾ മാത്രമാണ് ഇവ മൂന്നും ഒരുമിച്ച് കൊടുക്കുന്നത്. അതിനായി മുതിർന്നവർക്ക് വേണ്ടിയുള്ള ക്രമമാണ് ഉപയോഗിക്കേണ്ടത്. കുട്ടികളുടെ കാര്യത്തിൽ മാമ്മോദീസായും സ്ഥൈര്യലേപനവും ഒരുമിച്ചും വി. കുർബാന മറ്റൊരവസരത്തിലും നൽകുന്നു. അവർക്ക് ഇപ്പോൾ നിലവിലിരിക്കുന്ന പതിവനുസരിച്ച് ആദ്യകുർബാന സ്വീകരണത്തിനാണ് വി. കുർബാന നൽകുന്നത്. ഏതെങ്കിലും കാരണവശാൽ മാമ്മോദീസായോടൊപ്പം സ്ഥൈര്യലേപനം കൊടുക്കാൻ പറ്റാത്ത കുട്ടികൾക്ക് അത് എത്രയും വേഗം കൊടുക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം. അതിനായി പുതിയ

ക്രമത്തിൽത്തന്നെ ഉപയോഗിക്കേണ്ടതായ ഭാഗങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ട്. പഴയക്രമമനുസരിച്ച് മാമ്മോദീസാ സ്വീകരിച്ച കുട്ടികൾക്ക് അവരുടെ ആദ്യകുർബാന സ്വീകരണത്തോടൊപ്പം സ്ഥൈര്യലേപനവും നൽകണം. ആവശ്യഘട്ടങ്ങളിൽ മാത്രമായി അതിനുമുമ്പും നൽകാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ ഒരേ പ്രായത്തിലുള്ളവരുടെ ഗ്രൂപ്പുകൾ തിരിച്ച് നൽകുന്നതായിരിക്കും അഭികാമ്യം.

2. ഇപ്പോൾ സഭയിലെ ക്രമത്തിൽ മൂന്നു ലേപനങ്ങൾ ഉണ്ട്. ആദ്യത്തെ രണ്ടെണ്ണം മാമ്മോദീസായുടേതും മൂന്നാമത്തേത് സ്ഥൈര്യലേപനത്തിന്റേതുമാണ്. ഒന്നാമത്തെ ലേപനം മുൻപത്തെ മാമ്മോദീസായ്ക്ക് വേണ്ടി വെഞ്ചരിച്ച തൈലമുപയോഗിച്ചും രണ്ടാമത്തേത് അതായത് മാമ്മോദീസായിൽ കാർമ്മികൻ വെഞ്ചരിക്കുന്ന തൈലം ഉപയോഗിച്ചും മൂന്നാമത്തേത് മെത്രാൻ വെഞ്ചരിച്ച വി. മൂറോൻ ഉപയോഗിച്ചുമാണ് നടത്തേണ്ടത്. ഒന്നാമത്തെ ലേപനത്തിനായി മുൻപത്തെ മാമ്മോദീസായ്ക്ക് വേണ്ടി വെഞ്ചരിച്ച തൈലത്തിൽ അല്പം സൂക്ഷിച്ചുവച്ചിരിക്കണം. രണ്ടാമത്തെ മാമ്മോദീസായ്ക്ക് ശേഷം ഇത് ബാക്കിവന്നാൽ കത്തിച്ചുകളയേണ്ടതാണ്. കാരണം മൂന്നാമത്തെ മാമ്മോദീസായിൽ ഒന്നാമത്തെ ലേപനം നടത്തേണ്ടത് രണ്ടാമത്തെ മാമ്മോദീസായ്ക്ക് വേണ്ടി വെഞ്ചരിച്ച തൈലംകൊണ്ടാണ്. ഇതിന്റെ ഓർമ്മ പ്രാധാന്യവും തുടരേണ്ടതാണ്. മൂന്നാമത്തെ ലേപനത്തിനായി മെത്രാൻ വെഞ്ചരിച്ച വി. മൂറോൻ എപ്പോഴും കയ്യിലിരിക്കണം.

3. ഏതുതരം സസ്യ എണ്ണയും വെഞ്ചരിച്ച് ഉപയോഗിക്കാം. എന്നാൽ ഒലിവ് മരത്തിൽ ഉത്പാദിപ്പിച്ചിട്ടുള്ള ഒലിവെണ്ണയോ നാട്ടിൽ ലഭ്യമാകുന്ന വെളിച്ചെണ്ണയോ ഉപയോഗിക്കുന്നതാണ് ഉചിതം. കാരണം ഈ എണ്ണകൾ ദീർഘകാലം കേടുകൂടാതെയിരിക്കും. മെത്രാൻ വെഞ്ചരിച്ച വി. മൂറോൻ കലർത്തിയാണ് ഈ എണ്ണകൾ വെഞ്ചരിക്കേണ്ടത്.

4. അടിയന്തിര സന്ദർഭങ്ങളിലൊഴികെ എപ്പോഴും മാമ്മോദീസായ്ക്ക് ആവശ്യമുള്ള വെള്ളം ശുശ്രൂഷയിൽ തന്നെ വെഞ്ചരിക്കേ

ണ്ടതാണ്. വി. മൂറോൻ കലർത്തിയാണ് വെള്ളവും വെഞ്ചരി ക്കേണ്ടത്.

6. ഇതുവരെ അനുവർത്തിച്ചുവന്നതുപോലെ സ്നാനാർത്ഥിയുടെ തലയിൽ മൂന്നു പ്രാവശ്യം വെള്ളം ഒഴിച്ച് മാമ്മോദീസാ മുക്കുന്ന രീതിയാണ് നാം സാധാരണയായി തുടർന്നും അവലംബിക്കു ന്നത്. എന്നാൽ പ്രത്യേക സന്ദർഭങ്ങളിൽ പുസ്തകത്തിൽ കൊടു ത്തിരിക്കുന്നതുപോലെ അർത്ഥിയെ വെള്ളത്തിൽ മൂന്നു പ്രാവശ്യം മുക്കി ഉയർത്തിക്കൊണ്ടോ വെള്ളത്തിലിരുത്തി ശിര സ്സിൽ കുരിശ്ശടയാളത്തിൽ മൂന്നുപ്രാവശ്യം വെള്ളമൊഴിച്ചു കൊണ്ടോ സ്നാനപ്പെടുത്താവുന്നതാണ്.

സ്നാനാർത്ഥിക്കു കൊടുക്കുവാനുള്ള വെള്ളവസ്ത്രം, തിരി എന്നിവ ബന്ധപ്പെട്ടവർതന്നെ കൊണ്ടുവരണം. എന്നാൽ സാധി ക്കുന്ന ഇടവകകളിൽ അവ ഇടവകയിൽനിന്നുതന്നെ കൊടു ക്കുന്നതും അഭിലഷണീയമാണ്. ഉടുപ്പിനുപകരം സഭിഞ്ഞ്, തൂവാല തുടങ്ങിയവ ഉപയോഗിക്കുന്ന പതിവ് തുടരാൻ പാടു ള്ളതല്ല.

7. വലിയ ശനിയാഴ്ച സൗകര്യപ്രദമായ സമയത്ത് ആഘോഷമായി മാമ്മോദീസായും തൈലാഭിഷേകവും നടത്തുന്നത് അഭികാമ്യ മാണ്. ആദിമസഭയുടെ ഈ പാരമ്പര്യത്തിന് മാമ്മോദീസായെ കർത്താവിന്റെ മരണവും ഉയിർപ്പുമായി ബന്ധിപ്പിച്ച് കാണുന്ന പ്രതീകാത്മകതയുണ്ട്. അതുപോലെതന്നെ എല്ലാ മാസവും സൗകര്യപ്രദമായ ഒരു ദിവസം സമൂഹമായിട്ട് മാമ്മോദീസായും തൈലാഭിഷേകവും നടത്തുന്നതാണ് ഉത്തമം. അവധി ദിവസ മെന്ന നിലയിൽ രണ്ടാം ശനിയാഴ്ചകൾ ഇതിനായി മാറ്റിവയ്ക്കാ വുന്നതാണ്.

8. ഒറ്റയ്ക്കുള്ള മാമ്മോദീസാ കഴിവതും ഒഴിവാക്കേണ്ടതാണ്. എങ്കിലും ഇക്കാര്യത്തിലും അപവാദങ്ങൾ ഉണ്ടാകും എന്നതു കൊണ്ട് അക്കാര്യവും തക്കതായ കാരണമുള്ളപ്പോൾ പരിഗണി യ്ക്കപ്പെടണം.

9. കഴിവതും വി. കുർബാനയോടനുബന്ധിച്ചാണ് മാമ്മോദീസായും

തൈലാഭിഷേകവും നടത്തേണ്ടത്. കാരണം ഇവ ഏതെങ്കിലും വ്യക്തിയുടെ എന്നതിലുപരി സമൂഹത്തിന്റെ പ്രവൃത്തിയാണ്.

10. കാർമ്മികൻ റി. കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങൾ ധരിച്ചു കൊണ്ടാണ് മാമ്മോദീസായും സ്ഥൈര്യലേപനവും നൽകേണ്ടത്. കർമ്മങ്ങൾ ഇടവക ദേവാലയത്തിൽ നിർവ്വഹിക്കുന്നതെങ്കിൽ പള്ളിയുടെ പ്രധാനകവാടത്തിങ്കലാണ് ആരംഭിക്കേണ്ടത്

11. പള്ളിയിൽ സൗകര്യക്കുറവുള്ളപ്പോൾ എല്ലാവരും മാമ്മോദീസാതൊട്ടിയുടെ അടുത്തേയ്ക്ക് പോകുന്നതിന് പകരം സ്നാനാർത്ഥിയും കാർമ്മികനും സഹായികളും തലതൊട്ടപ്പനും തലതൊട്ടമ്മയും അടുത്ത ബന്ധുക്കളും മാത്രം പോയാൽമതി.

12. മുതിർന്നവർ മാമ്മോദീസാ സ്വീകരിക്കുമ്പോൾ അവർക്കായി നിർദ്ദേശിച്ചിരിക്കുന്ന പല ഘട്ടങ്ങളുള്ള ക്രമമാണ് ഉപയോഗിക്കേണ്ടത്. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ലളിതമായും ചെയ്യാവുന്നതാണ്. അതിനുള്ള പ്രത്യേക നിർദ്ദേശങ്ങൾ ശുശ്രൂഷാഗ്രന്ഥത്തിൽ നിന്ന് വായിക്കേണ്ടതാണ്

13. ☐ ഈ അടയാളത്തിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളെല്ലാം ആരും സ്വീകരിക്കണമെന്ന് നിർബന്ധമില്ല. ഉദാഹരണമായി സാഹചര്യത്തിന് അനുസരിച്ച് ചുരുക്കാവുന്നതാണ്.

## II. കുമ്പസാരം, വിവാഹം, രോഗീലേപനം

1. കുമ്പസാരത്തെക്കുറിച്ച് ക്രമപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വ്യക്തമായതുകൊണ്ട് പ്രത്യേക നിർദ്ദേശങ്ങൾ ആവശ്യമില്ല.

2. വിവാഹത്തിൽ വധൂവരന്മാർക്ക് പരസ്പരം പൂമാല ചാർത്തുന്നതെന്നത് ഐച്ഛികമാണ്. അതുകൊണ്ട് അത് വേണമെന്ന് നിർബന്ധമില്ല.

3. രോഗീലേപനത്തിന് രണ്ടുക്രമങ്ങൾ കൊടുത്തിട്ടുണ്ട്. ആദ്യത്തേത് പള്ളിയിൽവച്ച്, പൊതുവായി ഈ കൂദാശ പരികർമ്മം ചെയ്യുന്നതിനാണ് പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളത് എങ്കിലും സാഹചര്യമനുസരിച്ച് ഇതിൽ നിന്നുള്ള ഭാഗങ്ങൾ വീട്ടിൽവച്ച് രോഗീലേപനം കൊടുക്കുമ്പോഴും ഉപയോഗിക്കാവുന്നതാണ്. രണ്ടാ

മത്തെക്രമം ആനാഫൊറ ഒന്നിന് വേണ്ടിയുള്ളതാണ്. തീർത്തും പൗരസ്ത്യമായതിനാൽ സാധർമ്മ്യത്തിനനുസരിച്ച് ആദ്യത്തെ ക്രമത്തിൽ നിന്ന് ചില ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ക്രമപ്പെടുത്തിയതാണ്.

വി. കുർബാനയുടെ കാര്യത്തിലെന്നതുപോലെ പുതുക്കിയ കൂദാശ ക്രമങ്ങളുടെ കാര്യത്തിലും വിവിധ രൂപതകൾ തമ്മിൽ അവ നടപ്പാക്കുന്ന രീതിയിൽ വ്യത്യാസങ്ങളുണ്ട് എന്ന കാര്യം നാം വിസ്മരിക്കുന്നില്ല. ആ വ്യത്യാസങ്ങൾ നമ്മെ അസ്വസ്ഥരാക്കുന്നുണ്ടെങ്കിലും എല്ലാവർക്കും ഉപയോഗിക്കാനായി ഈ ക്രമം ഉണ്ടായല്ലോ എന്ന ചിന്തയും നമുക്ക് ആശ്വാസവും നൽകുന്നുണ്ട്. എല്ലാം നല്ലതിനായി പരിണമിക്കുന്ന കർത്താവ് ഇതും നന്മയ്ക്ക് കാരണമാക്കും എന്നു നമുക്ക് പ്രത്യാശിക്കാം. കർത്താവിന്റെ കൃപ നിങ്ങളോടൊപ്പം കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2005 മാർച്ച് മാസം 28-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

**Circular Letter No. 5/ 2005**
**Prot. No. 1925 / 2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെയും വളർച്ചയുടെയും അടിസ്ഥാനഘടകമാണ് സമൂഹാംഗങ്ങളുടെ വിദ്യാഭ്യാസം. വിദ്യാഭ്യാസവും അതിലൂടെ ലഭ്യമാകുന്ന അറിവും പ്രത്യേകിച്ചും ഇന്നത്തെ ലോകത്തിൽ ശക്തിയും സമ്പത്തുമാണ്. അവയില്ലാത്തവർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകന്ന് പിൻനിരയിലേക്ക് തള്ളപ്പെടുമെന്ന് മാത്രമല്ല അവരുടെ ഭാവിതന്നെ ഇരുളടഞ്ഞതായിത്തീരും. പൊതുവേ പറഞ്ഞാൽ നാം ഇക്കാര്യത്തിൽ ബോധ്യ

മുള്ളവരാണ്. അതുകൊണ്ടുതന്നെ എന്തു ത്യാഗം സഹിച്ചും തങ്ങളുടെ മക്കളെ പഠിപ്പിച്ച് അവരെ നല്ല നിലയിലെത്തിക്കാൻ മാതാപിതാക്കൾ ശ്രമിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്. എന്നാൽ താത്പര്യമുണ്ടെങ്കിലും സാമ്പത്തികമായ പരാധീനതകൾ മൂലം ധാരാളം കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നുണ്ട് എന്നതും വസ്തുതയാണ്. അവരെല്ലാം വിദ്യാഭ്യാസപരമായി ഉയർന്നു വരാത്ത പക്ഷം ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വലുതാകുകയും സാമൂഹ്യമായ അസ്വസ്ഥതകൾക്ക് കാരണമാകുകയും ചെയ്യും. നാമൊരു കർഷക സമൂഹമാണെങ്കിലും ആധുനികരീതികൾ അവലംബിച്ച് കൃഷി ചെയ്യാനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും അതുവഴി സാമ്പത്തികമായി ഉന്നതി നേടാനും സാധിക്കും. അതിനും വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്.

വിദ്യാഭ്യാസത്തിന്റെ ഉന്നതശ്രേണിയിൽ എത്തിച്ചേരണമെങ്കിൽ അതിനാടിസ്ഥാനമായ നിലവിലുള്ള പ്രാഥമിക വിദ്യാഭ്യാസം കൂടിയേ തീരൂ. എന്നാൽ സാമ്പത്തികബുദ്ധിമുട്ട് ഇതിന് പലപ്പോഴും തടസ്സമായി നിൽക്കുന്നു. അനുദിനം മോശമായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിതസ്ഥിതിയിൽ അതിനിയും കൂടുന്നതിനു മാത്രമേ സാധ്യതയുള്ളൂ. അതുകൊണ്ട് നിർധനകുടുംബങ്ങളിൽ നിന്നുള്ള കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസ സഹായത്തിനായി പുതിയൊരു സംരംഭം തുടങ്ങുകയാണ്. ഇതിന്റെ വിജയത്തിന് നിങ്ങളുടെ എല്ലാവരുടെയും സഹകരണം അത്യാവശ്യമാണ്.

അടുത്ത അദ്ധ്യയനവർഷം മുതൽ നമ്മുടെ ഇടവകകളിൽ സാമ്പത്തികബുദ്ധിമുട്ടുമൂലം സ്കൂൾ വിദ്യാഭ്യാസം നടത്താൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി സഹായിക്കാനുള്ള ഒരു പദ്ധതിയാണിത്. തുടക്കത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന മൊത്തം 500 കുട്ടികൾക്കായിരിക്കും ഈ സഹായം ലഭ്യമാക്കുന്നത്. ക്രമേണ പണത്തിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ പേരെ സഹായിക്കാൻ ശ്രമിക്കുന്നതാണ്. ഓരോ ഇടവകയിൽ നിന്നും 5 കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. അപേക്ഷകർ 500 പേർ തികയുന്നില്ലെങ്കിൽ അതിൽ കൂടുതൽ പേരെയും മുൻഗണനാക്രമത്തിൽ സ്വീകരിക്കുന്നതാണ്.

ഓരോ ഇടവകയിൽ നിന്നും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ കൈക്കാരന്മാരുടെയും ഇടവകക്കമ്മറ്റിയുടെയും ആവശ്യമെന്നു കണ്ടാൽ മറ്റുള്ളവരുടെയും സഹായത്തോടെ ഏറ്റവും അർഹതയുള്ള കുട്ടികളുടെ പേരുവിവരം, പഠനത്തിൽ കുറിയാതെ മുൻഗണനാക്രമത്തിൽ എഴുതി സെക്രട്ടറി, ബിഷപ്സ്ഹൗസ്, മാനന്തവാടി, 670 645 എന്ന വിലാസത്തിൽ 2005 ഏപ്രിൽ 30-നകം അയച്ചു കൊടുക്കേണ്ടതാണ്. അതായത് ഇടവകയിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികളെ മാത്രമേ പരിഗണിക്കുകയുള്ളൂ. നടപടിക്രമം പൂർത്തിയാകുന്ന ക്രമത്തിൽ വിശദവിവരം ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ അറിയിക്കുന്നതായിരിക്കും. വിതരണം ചെയ്യപ്പെടുന്ന തുക കുട്ടികൾക്കുള്ള വസ്ത്രം, പുസ്തകങ്ങൾ, ഫീസ് തുടങ്ങിയവയ്ക്ക് വേണ്ടി മാത്രമാണ് ചെലവഴിക്കുന്നതെന്ന് ഇടവകകൾ ഉറപ്പുവരുത്തേണ്ടതാണ്.


ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് സഹായം നൽകുവാൻ താത്പര്യമുള്ള എല്ലാവരെയും സ്നേഹപൂർവ്വം അതിനായി ക്ഷണിക്കുകയാണ്. താത്പര്യമുള്ളവർ മുകളിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. നിങ്ങളുടെ കുടുംബത്തിൽ പട്ടം, വിവാഹം, മാമ്മോദീസ, ആദ്യകുർബ്ബാന സ്വീകരണം തുടങ്ങിയ വിശേഷങ്ങളുണ്ടാകുന്ന അവസരത്തിൽ മുടക്കുന്ന തുകയുടെ ഒരംശം ഇതിനായി നീക്കിവയ്ക്കുന്നത് ദൈവസന്നിധിയിൽ പ്രീതി ജനകമായിരിക്കും എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. കഴിവുള്ളവർക്ക് ഇങ്ങനെയുള്ള അവസരങ്ങൾ കാത്തിരിക്കാതെ തന്നെ സംഭാവന ചെയ്യാവുന്നതാണ്. നമ്മുടെ ആവശ്യങ്ങൾ എല്ലാം നടത്തിയിട്ട് കൊടുക്കാം എന്നാരും കരുതണ്ട. കാരണം അങ്ങനെയൊരവസരം ഉണ്ടാകുകയില്ല. ഇതരുണത്തിൽ വിദേശത്തുനിന്ന് നമുക്ക് പള്ളിയും പള്ളിമുറിയും പണിയാനും, നമ്മുടെ വൈദികവിദ്യാർത്ഥികളെയും അനാഥാലയങ്ങളിലെ കുട്ടികളെയും സംരക്ഷിക്കാനും സംഭാവന നൽകുന്നവരെ നാം മാതൃകയാക്കേണ്ടതാണ്. ഒരു നേരത്തെ ഭക്ഷണം, ആഘോഷാവസരങ്ങളിലെ ആർഭാടങ്ങൾ, ഓരോ വർഷവും വാങ്ങുന്ന വസ്ത്രങ്ങൾ തുടങ്ങിയവയിലൊക്കെ കുറവു വരുത്തി മിച്ചം വയ്ക്കുന്ന തുകയാണവർ നമുക്ക് തരുന്നത് എന്ന വസ്തുത

ഉണ്ടായിരിക്കാം. ചെറുപ്പക്കാർക്കിടയിൽ നിന്ന് പഴയ വസ്തുക്കൾ പെറുക്കിയെടുത്ത് വിറ്റ് ആ പണം സംഭാവന തരുന്നവരും ഉണ്ട് എന്ന അറിവ് നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. സ്വന്തം ചെലവിനായി മാതാപിതാക്കൾ നൽകുന്ന തുക സ്വരൂപിച്ച് നമുക്ക് തരുന്ന കുട്ടികളും ഏറെയുണ്ട്. ഈ സംഭാവനകളെല്ലാം വലിയ ഉദാരതയിൽ ചിന്തിപ്പിക്കേണ്ടതാണ്.

ഒരു കുട്ടിക്ക് വർഷത്തിൽ ആയിരം രൂപവീതം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ എത്ര കുട്ടികളെ വേണമെങ്കിലും ഏറ്റെടുത്ത് ആ തുക അയച്ചുതരാവുന്നതാണ്. അതിന് സാധ്യതയില്ലാത്തവർക്ക് ചെറിയ തുകകൾ തന്നും സഹായിക്കാവുന്നതാണ്. കിട്ടുന്നതും കൊടുക്കുന്നതുമായ തുകകളെപ്പറ്റിയുള്ള പൂർണ്ണവിവരം വർഷാവസാനം നിങ്ങൾക്ക് ലഭിക്കുന്നതായിരിക്കും.

മുഴുവനായി മറ്റുള്ളവർക്ക് വീതിച്ചുകൊടുക്കുവാൻ അപ്പത്തിന്റെ രൂപത്തിൽ സക്രാരിയിൽ വസിക്കുന്ന ഈശോയെ ഈ ദിവ്യകാരുണ്യവർഷത്തിൽ നമുക്ക് മാതൃകയാക്കാം. തനിക്കായി ഏറ്റവും കുറച്ചു സ്ഥലം മാത്രം, കേവലം ചെറിയൊരു സക്രാരി മാത്രം, സ്വന്തമായി എടുക്കുന്ന ഈശോയുടെ സംസ്കാരമാകട്ടെ നമ്മുടെയും സംസ്കാരം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകേന്ദ്രത്തിൽ നിന്ന് 2005 മാർച്ച് മാസം 28-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ ഇടയലേഖനം 2005 ഏപ്രിൽ മാസം 10-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 5

**Circular Letter No. 6 / 2005**
**Prot. No. 2181 / 2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

"ഭയപ്പെടരുത്, ക്രിസ്തുവിനുവേണ്ടി വാതിലുകൾ മലർക്കെ തുറന്നിടുക" എന്ന് പറഞ്ഞുകൊണ്ട് മാർപാപ്പയായി സ്ഥാനമേറ്റ ജോൺപോൾ രണ്ടാമൻ പാപ്പ ഈ ലോകത്തിലെ തന്റെ ദൗത്യം അതീവ ഹൃദ്യമായി നിറവേറ്റി ദൈവപിതാവിന്റെ ഭവനത്തിലേയ്ക്ക് യാത്രയായി. ഉപഭോഗ-മരണ സംസ്കാരം വളർത്തിയെടുത്ത കച്ചവട മനഃസ്ഥിതിയുടെ ലോകത്തിനു മുമ്പിൽ പരിധികളില്ലാത്ത ക്രിസ്തുസ്നേഹത്തിന്റെ ജീവിക്കുന്ന മാതൃകയായിക്കൊണ്ട് കഴിഞ്ഞ സുദീർഘമായ 26 വർഷങ്ങൾ അദ്ദേഹം സഭയെയും സമൂഹത്തെയും നയിച്ചു. ലോകത്തിന്റെ മനസ്സാക്ഷിയുടെ സ്വരമായി എല്ലാവരും സ്വീകരിച്ചംഗീകരിച്ച ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സ്നേഹസ്മരണയ്ക്കുമുന്നിൽ മാനന്തവാടി രൂപതയിലെ മുഴുവൻ ദൈവജനത്തിനുംവേണ്ടി ഞാൻ ആദരാഞ്ജലികളർപ്പിക്കുന്നു.

ജാതി, മത, വർഗ്ഗ, വർണ്ണ, ദേശഭേദങ്ങൾ തീർക്കുന്ന മതിൽക്കെട്ടുകൾക്കപ്പുറത്തേയ്ക്ക് വളർന്ന് സകല മനുഷ്യരും തങ്ങളുടെ ഹൃദയത്തിൽ ഒരു സ്നേഹസ്പർശമായി സ്വീകരിച്ച അനുപമ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ജോൺപോൾ രണ്ടാമൻ. പൊള്ളുന്ന പൂർവ്വകാല അനുഭവങ്ങൾ പകർന്നുനൽകിയ അടിയുറച്ച ബോധ്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ചൂഷിതർക്കൊരു വിശ്വസ്തസ്നേഹിതനും ചൂഷകർക്ക് ശക്തമായ താക്കീതുമായി മാറി അദ്ദേഹം. ലോകത്തിന് പ്രിയപ്പെട്ടവനായി മാറിയപ്പോഴും ലോകത്തിന്റേതാകാതെ ക്രിസ്തു മാർഗ്ഗത്തിലുറച്ചുനിന്നുകൊണ്ട് ധാർമ്മിക അപചയത്തിനെതിരെ ഉറച്ച നിലപാടുകൾ അദ്ദേഹം കൈക്കൊണ്ടു. ഗർഭച്ഛിദ്രം, കൃത്രിമ ജനന നിയന്ത്രണോപാധികൾ, ദയാവധം, മനുഷ്യക്ലോണിംഗ് മുതലായ മനുഷ്യജീവനെ നിസ്സാരവത്ക്കരിക്കുന്ന കാര്യങ്ങളിൽ അദ്ദേഹമെടുത്ത നിലപാടുകൾ ലോകചരിത്രത്തിന്റെ തന്നെ ഗതിമാറ്റത്തിന് കാരണമായി എന്നത് തർക്കമറ്റ വസ്തുതയാണ്. ദൈവോന്മുഖമല്ലാത്ത വികസന കാഴ്ചപ്പാട് വികലവും വികൃതവുമാണെന്ന് ഉറ

കൈഷറയാൻ കഴിഞ്ഞ ധീരനായ ക്രിസ്തുദാസനാണദ്ദേഹം. 'ചെന്തേസിമൂസ് ആന്നൂസ്' എന്ന ചാക്രികലേഖനത്തിൽ അദ്ദേഹം പറഞ്ഞു: "വികസനത്തെ സാമ്പത്തികശാസ്ത്രത്തിന്റെ മാത്രം വാക്കുകളിൽ മനസ്സിലാക്കരുത്. പൂർണ്ണമായും മാനുഷികമായ വിധത്തിൽ അതിനെ മനസ്സിലാക്കണം. ഈശ്വരനെ അന്വേഷിക്കുവാനും അറിയുവാനും ആ അറിവിനൊത്ത് ജീവിക്കാനുമുള്ള അവകാശത്തിന്റെയും കടമയുടെയും വിനിയോഗമാണ് വികസനത്തിന്റെ അന്തഃസത്ത."

ഏത് ക്രൈസ്തവനും ഏതുകാലത്തും അഭിമാനിക്കാൻ കഴിയുന്ന ഒത്തിരി ഓർമ്മകൾ ബാക്കിവെച്ചിട്ടാണ് പരി. പിതാവ് ജോൺ പോൾ രണ്ടാമൻ യാത്രയായത്. ക്രിസ്തുവിനുവേണ്ടി വാതിലുകൾ മലർക്കെ തുറന്നുകൊടുക്കുന്നതിന്റെ മാതൃക ഉൾക്കൊണ്ടുകൊണ്ട് ക്രിസ്തുവിനെ സ്വന്തമാക്കിയ ക്രൈസ്തവരായി നമുക്ക് ജീവിക്കാം.

ഒത്തിരിയേറെ വെല്ലുവിളികൾക്കും അനിശ്ചിതത്വങ്ങൾക്കും ആപേക്ഷികതകൾക്കും മധ്യേ ക്രൈസ്തവവിശ്വാസി സമൂഹത്തെ നയിക്കുക എന്ന ക്ലേശപൂർണ്ണമായ ദൗത്യവുമായാണ് പുതിയ പാപ്പ ബെനഡിക്ട് പതിനാറാമൻ തന്റെ ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്നത്. "സഭയോടൊത്ത് നിന്ന് ദൈവത്തിന്റെ വാക്കുകൾ ശ്രവിച്ച് അവന്റെ തീരുമാനമനുസരിച്ച് പ്രവർത്തിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്" എന്ന അദ്ദേഹത്തിന്റെ ആദ്യസന്ദേശം വളരെയേറെ പ്രത്യാശ നമ്മിൽ ഉളവാക്കുന്നുണ്ട്. ദൈവികചിന്തയുടെ അസാന്നിധ്യവും സ്നേഹരാഹിത്യവും തീർക്കുന്ന ആന്തരികവും ബാഹ്യവുമായ മരുഭൂമികളാണ് മനുഷ്യജീവിതം ദുസ്സഹമാക്കുന്നത് എന്ന അദ്ദേഹത്തിന്റെ വിലയിരുത്തൽ പുതിയ കാലഘട്ടത്തിലെ നമ്മുടെ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതാണ്. അതിവേഗത്തിൽ മാറ്റത്തിനു വിധേയമാകുന്ന ഇന്നത്തെ സമൂഹത്തിന്റെ മുറവിളികൾക്കിടയിൽ നിന്ന് ദൈവസ്വരം തിരിച്ചറിഞ്ഞ് അവിടുത്തെ തിരുഹിതാനുസാരം പ്രവർത്തിക്കുക എന്നത് ഏറെ ക്ലേശകരമായിരിക്കും. കാരുണ്യവാനായ ദൈവത്തിന്റെ പരിപാലനയിലും വിശ്വാസികളായ നമ്മുടെ പ്രാർത്ഥനയിലും സ്നേഹത്തിലുമാണ് അദ്ദേഹം തന്റെ ശക്തി കണ്ടെത്തുന്നത്. വിശ്വാസനൗകയെ അചഞ്ചലനായി നയിക്കുവാനും

മനുഷ്യരെ തമ്മിൽതമ്മിലും ദൈവത്തിൽ നിന്നുമകറ്റുന്ന എല്ലാ മതിൽക്കെട്ടുകൾക്കും അതീതനായി വർത്തിച്ചുകൊണ്ട് ലോകമെങ്ങുമുള്ള മനുഷ്യന്റെ വേദനകളിലും യാതനകളിലും മാർഗ്ഗഭ്രംശങ്ങളിലും ആശ്വാസവും മാർഗ്ഗദീപവുമായി മാറാൻ അദ്ദേഹത്തെ ദൈവം സഹായിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. പരി. പിതാവ് ബെനഡിക്ട് പതിനാറാമന് മാനന്തവാടി രൂപതയുടെ ഹൃദ്യമായ ആശംസകളും പ്രാർത്ഥനകളും.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2005 ഏപ്രിൽ മാസം 20-ാം തീയതി നൽകപ്പെട്ടത്.

+ 

**ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

# Vol. 6

**Circular Letter No. 7 / 2005**
**Prot. No. 2356 / 2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

തിരക്കുകൾ ഒഴിഞ്ഞ കാലമാണല്ലോ ജൂൺ, ജൂലൈ മാസങ്ങൾ. ഈ അവസരം പ്രയോജനപ്പെടുത്തിക്കൊണ്ട് മെയ് 19-ാം തീയതി ഞാനൊരു വിദേശയാത്രയ്ക്കായി പുറപ്പെടുകയാണ്. ജർമ്മനിയും അമേരിക്കൻ ഐക്യനാടുകളും സന്ദർശിച്ച് ഓഗസ്റ്റ് 4-ാം തീയതി ഞാൻ മാനന്തവാടിയിൽ തിരിച്ചെത്തുന്നതാണ്.

നിങ്ങൾക്കറിയാവുന്നതുപോലെ രൂപതയിലെ വൃദ്ധസദനം, ബാലഭവനുകൾ, സെമിനാരി, പാസ്റ്ററൽ സെന്റർ തുടങ്ങിയവ പ്രവർത്തിക്കുന്നത് വിദേശത്തുള്ള ഏതാനും നല്ല വ്യക്തികളുടെയും സംഘടനകളുടെയും സാമ്പത്തികസഹായം കൊണ്ടാണ്. അവരെ പരിചയപ്പെടുകയും അവർക്ക് നന്ദി പറയുകയും ചെയ്യുക എന്നതാണ് എന്റെ യാത്രയുടെ ഉദ്ദേശ്യം. അതുപോലെതന്നെ നമ്മുടെ രൂപതയിൽ നിന്ന് അവിടങ്ങളിൽ സേവനം ചെയ്യുന്ന വൈദികരെയും സമർപ്പിതരെയും സന്ദർശിക്കുക എന്നതും ഈ യാത്രയുടെ ലക്ഷ്യമാണ്.

എന്റെ അസാന്നിധ്യത്തിൽ പ്രഥമ വികാരി ജനറാൾ ബഹുമാനപ്പെട്ട ജോർജ്ജ് ഞരളക്കാട്ടച്ചനായിരിക്കും രൂപതാഭരണം നടത്തുന്നത്. എന്റെ പ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തെ നിങ്ങൾ ബഹുമാനിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യണം. ബഹുമാനപ്പെട്ട ജോർജ്ജ് മൂലയിലച്ചൻ, തോമസ് തൈക്കുന്നുംപുറം അച്ചൻ, ജോസ് കൊച്ചറയ്ക്കലച്ചൻ എന്നീ സഹവികാരിജനറാളന്മാർ അവരവരുടെ തലങ്ങളുടെ ഉത്തരവാദിത്വവും വഹിക്കുന്നതാണ്.

എന്റെ യാത്ര സുഖകരമാകാനും ഞാൻ എന്തിനുവേണ്ടി പോകുന്നോ അവ സഫലമാകാനും നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങൾ എന്നും എന്റെ പ്രാർത്ഥനയിലുണ്ടായിരിക്കും.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2005-ാമാണ്ട് മെയ് മാസം 15-ാം തീയതി നൽകപ്പെട്ടത്.

+ Jose Porunnedom

+ ജോസ് പൊരുന്നേടം

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ 2005 ജൂൺ മാസം 12-ാം തീയതി കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Circular Letter No. 8 / 2005**
**Prot. No. 2357 / 2005**

കർത്താവിൽ പ്രിയ മാതാപിതാക്കളെ, അദ്ധ്യാപകരെ, കുട്ടികളെ,

പുതിയൊരു അദ്ധ്യയനവർഷം കൂടി ആരംഭിച്ചിരിക്കുകയാണല്ലോ. ഇത്തരുണത്തിൽ നിങ്ങൾക്കേവർക്കും വിജയാശംസകളും മംഗളാനുഗ്രഹവും നേരുകയാണ്. അക്ഷരങ്ങളുടെയും അറിവിന്റെയും ലോകത്തേയ്ക്ക് ആദ്യമായി കാലെടുത്തുവയ്ക്കുന്ന കുഞ്ഞുമക്കൾക്ക് എല്ലാ ആശംസകളും നേരുന്നു. ലോകത്തിന്റെ പ്രകാശമായ യേശുനാഥൻ നിങ്ങളുടെ കുരുന്നുമനസ്സുകളെയും പ്രകാശിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വിദ്യാഭ്യാസമെന്നാൽ അക്ഷരങ്ങൾ എഴുതാനും വായിക്കാനും അഭ്യസിക്കുകയും അറിവുനേടുകയും മാത്രമല്ലല്ലോ. ഒരു വ്യക്തിയുടെ സമഗ്രമായ രൂപീകരണമാണ് അതിലൂടെ സാധിക്കേണ്ടത്. സമൂഹജീവിയായ മനുഷ്യൻ എപ്രകാരമാണ് സമൂഹത്തിൽ ജീവിക്കേണ്ടത് എന്നു പഠിക്കുന്നതും വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. കുട്ടികളുടെ വിദ്യാഭ്യാസം ആരംഭിക്കുന്നത് സ്വന്തം വീട്ടിൽ നിന്നു തന്നെ

യാണ്. സ്വന്തം മാതാപിതാക്കളാണ് ആദ്യത്തെ അധ്യാപകർ. ജനനത്തിനുമുമ്പ് [illegible] അവർ ഈ ദൗത്യം ആരംഭിക്കണം എന്നു പറഞ്ഞാൽ അത് അതിശയോക്തിയാകുകയില്ല. ഗർഭധാരണ സമയത്തും അതിനുശേഷവുമുള്ള മാതാപിതാക്കളുടെ മനോഭാവങ്ങൾ പോലും ശിശുക്കളുടെ സ്വഭാവത്തെയും പഠിക്കാനുള്ള കഴിവിനെയും മറ്റും ബാധിക്കും എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കാര്യമാണ്. ഗർഭധാരണസമയത്ത് മാതാപിതാക്കളുടെ ശരീരത്തിൽ ഉണ്ടായിരുന്ന അവസ്ഥയും കുഞ്ഞുങ്ങളുടെ വളർച്ചയെ ബാധിക്കുന്നു. ഉദാഹരണത്തിന് മദ്യലഹരിയിൽ ശിശുക്കൾക്ക് ജന്മം കൊടുക്കുന്നവരുടെ ശാരീരിക മാനസികാവസ്ഥകൾ ആ ശിശുക്കളുടെ സ്വഭാവത്തെയും കഴിവുകളെയും ബാധിക്കും എന്നത് നിസ്തർക്കമാണ്.

ജനനശേഷം മാതാപിതാക്കളുടെ ഉത്തരവാദിത്വം പതിന്മടങ്ങ് വർദ്ധിക്കുന്നു. നിങ്ങളുടെ ഓരോ ചലനവും സസൂക്ഷ്മം ശിശുക്കൾ നിരീക്ഷിക്കുന്നുണ്ട് എന്നോർക്കണം. മൂല്യങ്ങളെപ്പറ്റിയും നന്മതിന്മകളെപ്പറ്റിയും അവർ ആദ്യമായി മനസ്സിലാക്കുന്നത് മാതാപിതാക്കളിൽ നിന്നാണ്. സത്യവും നീതിയും ആത്മാർത്ഥതയും കരുണയും ദയയും മറ്റും മൂല്യങ്ങളായി കാണാത്ത മാതാപിതാക്കളുടെ മക്കളിലും അവ കാണാൻ പ്രയാസമായിരിക്കും. തെറ്റേത് ശരിയേത് എന്നു കുഞ്ഞുങ്ങൾ തിരിച്ചറിയുന്നതും അതിലേതാണ് തങ്ങൾ തെരഞ്ഞെടുക്കേണ്ടത് എന്നവർ മനസ്സിലാക്കേണ്ടതും മാതാപിതാക്കളിൽ നിന്നാണ്. ഇതിൽ നിന്നെല്ലാമാണ് അവരുടെ മനഃസാക്ഷി രൂപീകരണം സാധിക്കേണ്ടത്.

കുടുംബത്തിൽ നിന്ന് ലഭിച്ചതിനെ ഒന്ന് മിനുക്കിയെടുക്കാനും വികസിപ്പിക്കാനും ചില കഴിവുകൾ അഭ്യസിപ്പിക്കാനുമേ അധ്യാപകർക്ക് കഴിയൂ. അതിനാൽ കുട്ടികളെ സ്കൂളിൽ അയച്ചാൽ തങ്ങളുടെ ഉത്തരവാദിത്വം കഴിഞ്ഞു എന്നു മാതാപിതാക്കൾ കരുതുന്നത് ശരിയല്ല. ഇടയ്ക്കെങ്കിലും കുട്ടികളുടെ അധ്യാപകരുമായി സംസാരിക്കാനും കുട്ടികളുടെ പഠന പുരോഗതിയെപ്പറ്റിയും സ്വഭാവരീതികളെപ്പറ്റിയും അറിയാനും ശ്രമിക്കേണ്ടതാവശ്യമാണ്. ഇപ്രകാരം ചെയ്യുന്നത് കുട്ടികൾക്കും അധ്യാപകർക്കും പ്രോത്സാഹജന

കഴിയാതിരിക്കുമെന്ന് മാത്രമല്ല കുട്ടികൾ ശ്രദ്ധയോടെ പുസ്തകങ്ങളുമായി ഇരിക്കാനുള്ള പ്രേരണയും നൽകും.

കുട്ടികളുടെ ശിക്ഷണ കാര്യത്തിൽ ആവശ്യമായ അവകാശവും സ്വാതന്ത്ര്യവും അദ്ധ്യാപകർക്ക് കൊടുക്കേണ്ടത് അത്യാവശ്യമാണ്. ആവശ്യമായ ശിക്ഷണനടപടികൾ എടുക്കുന്ന അദ്ധ്യാപകരെയും സ്കൂൾ അധികൃതരെയും കുട്ടികളുടെ വാക്കു മാത്രം വിശ്വസിച്ച് പ്രതിക്കൂട്ടിലാക്കുന്ന പ്രവണത മാതാപിതാക്കളുടെ ഇടയിൽ വർദ്ധിച്ചു വരുന്നതും നിയന്ത്രിക്കപ്പെടേണ്ടതാണ്. മക്കൾ ഒന്നോ രണ്ടോ മാത്രമേ ഉള്ളൂ എന്നതിന്റെ പേരിൽ അമിതലാളനയും അമിതസ്വാതന്ത്ര്യവും കൊടുത്താൽ അവർ വഴിതെറ്റിപ്പോകുകയേ ഉള്ളൂ എന്ന തിരിച്ചറിവ് മാതാപിതാക്കൾക്കുണ്ടാകണം.

പഠനകാര്യത്തിന് അമിത പ്രാധാന്യം കൊടുക്കുന്നതും ആത്മീയ കാര്യങ്ങളെയും സ്വഭാവരൂപീകരണത്തെയും സംബന്ധിക്കുന്നവയെയും പാടെ അവഗണിക്കുകയും ചെയ്യുന്ന പ്രവണതയും മാതാപിതാക്കളുടെ ഇടയിൽ വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇന്ന് വിദ്യാഭ്യാസമെന്നാൽ ഉന്നതബിരുദങ്ങൾ നേടുന്നതാണെന്നും അവിടെ ഉന്നത വിജയം നേടുന്നവർക്കേ ഭാവിയിൽ നല്ല ജോലികൾ കിട്ടാനും ജീവിതത്തിൽ സുരക്ഷിതത്വവും സുഖസൗകര്യങ്ങളും കിട്ടാനും സാധിക്കുകയുള്ളൂ എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എങ്കിലും ബൗദ്ധികമായി മാത്രം വളരുകയും മറ്റു കാര്യങ്ങളിൽ വളരാതിരിക്കുകയും ചെയ്യുന്ന കുട്ടികൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സാമൂഹ്യ ദ്രോഹികളായി മാറാനാണ് സാദ്ധ്യത. പഠനത്തിന്റെ പേരിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ട്യൂഷൻ, എൻട്രൻസ് കോച്ചിംഗ്, കരാട്ടെ തുടങ്ങിയവയ്ക്ക് കുട്ടികളെ പറഞ്ഞുവിടുന്നവർ ഏറെയാണ്. നമ്മുടെ രൂപതയിലുള്ള ചില സ്കൂളുകളിൽ ഇങ്ങനെയെല്ലാം ചെയ്യുന്നുണ്ട് എന്നതും ആശങ്ക ജനിപ്പിക്കുന്നു. മാതാപിതാക്കളും സ്കൂൾ അധികൃതരും ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനത്തിന് തയ്യാറാകണം എന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ ശ്രദ്ധിക്കപ്പെടേണ്ട മറ്റൊന്നാണ് നവോദയ സ്കൂളുകളിൽ പഠിക്കുന്ന നമ്മുടെ കുട്ടികളുടെ കാര്യവും. കുട്ടികൾക്ക് തങ്ങളുടെ വിശ്വാസം പരിശീലിക്കാനും പരിരക്ഷിക്കാനും അവിടെ സാധ്യതകളില്ല. എങ്കിലും പഠനനിലവാരവും സാമ്പത്തിക സാധ്യതകളില്ലായ്മയും അവിടേയ്ക്ക് കുട്ടികളെ അയയ്ക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്നു. പത്താം ക്ലാസ്സുവരെ വിശ്വാസജീവിതം ഇല്ലാതിരുന്നിട്ട് പിന്നീട് അതിലേയ്ക്ക് അവർ തിരിച്ചുവരും എന്നു ചിന്തിക്കാൻ പ്രയാസമാണ്. ഇക്കാര്യത്തിലും എന്തെങ്കിലും പരിഹാരം കണ്ടെത്താൻ മാതാപിതാക്കൾ പരിശ്രമിച്ചേ മതിയാകൂ.

പറ്റുന്നവരെല്ലാം തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കാനാണല്ലോ താത്പര്യപ്പെടുന്നത്. രൂപതകളും സന്യാസ സമൂഹങ്ങളും മത്സരബുദ്ധിയോടെ തന്നെ ഈ രംഗത്തുണ്ടുതാനും. ആവശ്യക്കാരുള്ളതുകൊണ്ട് വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുന്നു എന്ന ധനതത്വശാസ്ത്ര നിയമമാണ് ഇതിന്റെ പിന്നിലെ പ്രേരകശക്തി. ഈ സ്കൂളുകളിൽ മികച്ച വിദ്യാഭ്യാസം അതായത് ക്രൈസ്തവതത്വങ്ങളിൽ അടിയുറച്ച പരിശീലനം കൊടുക്കുന്നു എന്നു നാം അവകാശപ്പെടുന്നു. എങ്കിലും ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതാണ്: വൈദിക - സമർപ്പിത ജീവിതത്തിലേയ്ക്ക് വിരലിലെണ്ണാൻ മാത്രം പോലും കുട്ടികൾ ഈ സ്ഥാപനങ്ങളിൽ നിന്ന് കടന്നു വരുന്നില്ല. എന്നാൽ ഇത്രയൊന്നും ഉന്നതനിലവാരം പുലർത്താത്ത സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ പഠിച്ച കുട്ടികളാണ് ഏറിയ പങ്കും ഇന്ന് മഠങ്ങളിലേയ്ക്കും സെമിനാരികളിലേയ്ക്കും കടന്നു വരുന്നത്. ഈ പ്രതിഭാസത്തിന് കാരണമെന്തെന്നും നാം പഠിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട അധ്യാപകരെ,

കുട്ടികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെന്ന നിലയിൽ അധ്യാപകരുടെ പങ്കും സ്ഥാനവും വളരെ വലുതാണ്. കേവലം ധനസമ്പാദനത്തിനായുള്ള ജോലിയായി അധ്യാപകവൃത്തിയെക്കാണുന്നവരാണ് ഇന്നു ഭൂരിഭാഗം പേരും എന്നു സംശയിക്കുന്നു. സാഹചര്യങ്ങളായിരിക്കാം അവരെ അങ്ങനെ ആക്കിത്തീർക്കുന്നതും.

എങ്കിലും സമൂഹത്തെയാകെ വാർത്തെടുക്കുന്ന ഈ ധർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇതാണ്: നിങ്ങളുടെ ബൗദ്ധികമായ കഴിവുകൊണ്ടു മാത്രമല്ല, നിങ്ങളുടെ മാതൃകകൊണ്ടുമാണ് നിങ്ങളത് നിർവ്വഹിക്കേണ്ടത്. അധ്യാപകരുടെ വാക്കുകളെയും ചെയ്തികളെയും അതേപടി അനുകരിക്കാൻ കുട്ടികൾ ശ്രമിക്കും എന്നതിനാൽ കുട്ടികൾക്ക് മാതൃകയായിരിക്കാനുള്ള വലിയൊരു ദൗത്യം അധ്യാപകർക്കുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, നിങ്ങളുടെ ചുമതല നന്നായി പഠിക്കുകയും നല്ല പൗരന്മാരായി വളരുകയുമാണ്. ആരുടെയെങ്കിലുമൊക്കെ പ്രേരണയ്ക്ക് വഴങ്ങി സമരങ്ങളുമായി നടന്നാൽ നശിക്കുന്നത് നിങ്ങളുടെ ഭാവി മാത്രമല്ല നമ്മുടെ സമൂഹത്തിന്റെ ഭാവിയുമാണ്. കോപ്പിയടിച്ചും ചോദ്യപേപ്പർ ചോർത്തിയും നിങ്ങൾക്ക് കുറെയധികം മാർക്ക് നേടുവാൻ സാധിക്കുമായിരിക്കും. പക്ഷേ അത് നിങ്ങൾക്ക് ജീവിതത്തിൽ ഗുണകരമായിരിക്കുകയില്ല എന്ന വസ്തുത ഓർമ്മയിൽ വെക്കണം. സത്യം മാത്രമേ നിലനിൽക്കുകയുള്ളൂ. അദ്ധ്യാപകരെ അനുസരിച്ച് പഠിച്ച് ജയിക്കാനാണ് നിങ്ങൾ പരിശ്രമിക്കേണ്ടത്. ഇപ്രകാരം സത്യസന്ധമായി അദ്ധ്വാനിക്കുന്നവരെ മാത്രമേ ലോകം മാനിക്കുകയുള്ളൂ.

അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് നിങ്ങളുടെ അധ്യാപകരോട് ബഹുമാനമുള്ളവരായിരിക്കുക എന്നതും അവരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക എന്നതും. ഗുരുത്വം എന്നത് നമ്മുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതാണെന്നും നമ്മുടെ ജീവിതവിജയത്തിന് അത് അനിവാര്യമാണെന്നും ഓർക്കണം.

പ്രിയപ്പെട്ട മാതാപിതാക്കളെ, അധ്യാപകരെ, കുട്ടികളെ, പുതിയ അദ്ധ്യയനവർഷം നിങ്ങൾക്ക് ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭം എന്ന വി. ഗ്രന്ഥ വചനം നമുക്കനുസ്മരിക്കാം. നമ്മുടെ വിശ്വാസജീവിതം ആ ജ്ഞാനത്തിന്റെ അഭിവൃദ്ധിക്കുതകുന്നതാണെന്നും മനസ്സിലാക്കാം. ദൈവത്തിന്റെ കൃപ നിങ്ങളുടെമേൽ ഉണ്ടാകുമാറാകട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2005-ാമാണ്ട് മെയ് മാസം 15-ാം തീയതി നൽകപ്പെട്ടത്.

+ [signature]

+ ജോസ് പൊരുന്നേടം

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ 2005 ജൂൺ മാസം 12-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Circular Letter No. 8 / 2005**
**Prot. No. 2358 / 2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

മെത്രാനെന്ന നിലയിൽ മാനന്തവാടി രൂപതയുടെ ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തമായിട്ട് മെയ് 15-ാം തീയതി ഒരു വർഷം പൂർത്തിയാവുകയാണ്. ഈ ശുശ്രൂഷായാത്രയിൽ കഴിഞ്ഞ ഒരു വർഷം എന്നെ നയിച്ചു നടത്തിയ കാരുണ്യവാനായ ദൈവത്തിന് നന്ദിയർപ്പിക്കുന്നതിനായി ഞാനീ അവസരം ഉപയോഗിക്കുകയാണ്. തന്റെ ജനത്തെ നയിക്കുന്നതിനായി അവിടുത്തെ കരങ്ങളിൽ യോഗ്യമായൊരു ഉപകരണമാക്കി എന്നെ മാറ്റണമേ എന്നു മാത്രമാണെന്റെ ആഗ്രഹവും പ്രാർത്ഥനയും. പ്രാർത്ഥനകൊണ്ടും പ്രോത്സാഹനംകൊണ്ടും നല്ല നിർദ്ദേശങ്ങൾകൊണ്ടും എനിക്ക് പിൻബലം നൽകിയ നിങ്ങൾക്കേവർക്കും നന്ദി പറയാൻ കൂടി ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. തുടർന്നും അതുണ്ടാകണമേ എന്നാണെന്റെ അഭ്യർത്ഥനയും ആഗ്രഹവും. പരിധികളില്ലാതെ എന്നോട് സഹകരിച്ച എന്റെ വൈദിക സന്യാസസമൂഹങ്ങളും

നിഷ്കർഷിത സമർപ്പണത്തിനു സഹോദരങ്ങളോടൊപ്പം അതതു സഹോദര ങ്ങളോടും ഞാനെന്റെ കടപ്പാട് പ്രത്യേകമായി അറിയിക്കട്ടെ.

രൂപതയുടെ പ്രവർത്തനങ്ങളെപ്പറ്റിയും അവ മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും രൂപതയിലെ പല തലങ്ങളിൽപ്പെട്ടവരുമായി ചർച്ചകൾ നടന്നുവരുന്നു. അതിന്റെ പശ്ചാത്തലത്തിൽ ഈ വർഷം മുതൽ ഭരണപരമായ ചില മാറ്റങ്ങൾ വരുത്തുകയാണ്. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലവത്തും ആകണമെങ്കിൽ അവയ്ക്ക് ഏകോപനം ഉണ്ടാകണം എന്ന ബോധ്യമാണ് ഈ മാറ്റങ്ങൾക്ക് എന്നെ പ്രേരിപ്പിച്ചത്. ഏകോപനം നടക്കണമെങ്കിൽ അധികാരവികേന്ദ്രീകരണം നടക്കണം എന്നത് സാധാരണ തത്വം മാത്രമാണ്. അതുകൊണ്ട് രൂപതയിലെ എല്ലാ പ്രവർത്തനങ്ങളും ഒരു പ്രഥമ വികാരി ജനറാളിന്റെയും (Proto Syncellus) മൂന്ന് സഹവികാരി ജനറാൾ (Syncellus) മാരുടെയും നേതൃത്വത്തിലാകുകയാണ്. രൂപതയുടെ ഭാഗമായ മണിമൂളി, നിലമ്പൂർ ഫൊറോനകൾ പല വിധത്തിലും അവഗണിക്കപ്പെടുന്നെന്നും ദൂരം മൂലം രൂപതാ കേന്ദ്രവുമായി അവിടെയുള്ളവർക്ക് ബന്ധപ്പെടാൻ പ്രയാസമാണ് എന്നുമുള്ള പരാതികൾ ഏറെക്കാലമായി നിലനിൽക്കുന്നതാണ്. അതിനൊരു പരിഹാരം എന്ന നിലയിൽ ഈ ഫൊറോനകളെ മണിമൂളി നിലമ്പൂർ റീജിയൻ എന്ന പേരിൽ ഒരു സഹവികാരി ജനറാളിന്റെ ഉത്തരവാദിത്വത്തിൽ ഏൽപ്പിച്ചുകൊടുക്കുകയാണ്. രൂപതാ മെത്രാന്റെ പ്രതിനിധി എന്ന നിലയിൽ ഇടവകകളും സ്ഥാപനങ്ങളും സന്ദർശിച്ച് ആവശ്യമായ തിരുത്തലുകളും നിർദ്ദേശങ്ങളും നൽകുക. കാലാകാലങ്ങളിൽ ആവശ്യമായ പദ്ധതികൾ തയ്യാറാക്കി രൂപതാകേന്ദ്രത്തിന് സമർപ്പിക്കുക, ബന്ധപ്പെട്ടവരെ വിളിച്ചുകൂട്ടി അവയുടെ പ്രവർത്തനം വിലയിരുത്തുക, ഇടവകകളിൽ ഉണ്ടാകുന്നതും എന്നാൽ അവിടെ തീരാത്തതുമായ പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ അധികാരപരിധിയിൽ പെടുന്നു. ഇനിമുതൽ മണിമൂളി റീജിയണിലെ ഇടവകകളിൽ നിന്നുള്ള കണക്കുകൾ പരിശോധിക്കുന്നതും, രൂപതാകേന്ദ്രത്തിൽ അടയ്ക്കേണ്ടതായ വിഹിതങ്ങൾ സ്വീകരിക്കുന്നതും മറ്റും സഹവികാരി ജനറാളിന്റെ മേൽനോട്ടത്തിലായിരിക്കും.

മണിമൂളി ഫൊറോനാ വികാരിയായി നിയമിതനായിരിക്കുന്ന ബഹു. ജോർജ്ജ് മുണ്ടയ്ക്കലച്ചൻ തന്നെയാണ് സഹവികാരിജനറാളായും നിയമിതനായിരിക്കുന്നത്. അദ്ദേഹത്തിനുണ്ടാകുന്ന അധിക ജോലിഭാരം ലഘൂകരിക്കാനായി രണ്ടാമതൊരു അസിസ്റ്റന്റിനെയും മണിമൂളിയിൽ നിയമിച്ചിട്ടുണ്ട്. ഈ അസിസ്റ്റന്റ് മണിമൂളി റീജിയന്റെ സെക്രട്ടറിയായും പ്രവർത്തിക്കുന്നതാണ്.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ജീവൻ എയ്ഡ്സ് സെന്റർ എന്നിവയ്ക്കായി ഓരോ റീജിയണൽ ഡയറക്ടർമാരെയും മണിമൂളി റീജിയനിൽ നിയമിച്ചിട്ടുണ്ട്. അവർ യഥാക്രമം വഴിക്കടവ് വികാരിയായി നിയമിതനായിരിക്കുന്ന ബഹു. ലൂക്കാ പുത്തൻപുരയിലച്ചനും, നരിവാലമുണ്ട വികാരിയായി നിയമിതനായിരിക്കുന്ന ബഹു. ജോർജ്ജ് പടിഞ്ഞാറതിലച്ചനുമാണ്. സഹവികാരിജനറാളുമായി ആലോചിച്ച് തങ്ങളുടേതായ രംഗങ്ങളിൽ അവിടെ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളുൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഓഫീസുകളിൽ നിന്ന് അംഗീകാരം വാങ്ങി അവ റീജിയണിൽ നടപ്പാക്കുക എന്നതാണ് അവരുടെ ദൗത്യം. ഇക്കാര്യങ്ങളെല്ലാം രണ്ട് ഫൊറോനാ കൗൺസിലുകളുടെയും ഉപദേശവും സഹായവും അവർ തേടുന്നതാണ്.

സഹവികാരിജനറാളിന്റെയും റീജിയണൽ ഡയറക്ടർമാരുടെയും ഓഫീസുകൾ മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിലായിരിക്കും പ്രവർത്തിക്കുന്നത്. ഓഫീസ് പൂർണ്ണമായി പ്രവർത്തനസജ്ജമാകാൻ ഏതാനും മാസങ്ങൾ എടുത്തെന്നു വരാം.

രൂപതയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ചുമതല മറ്റൊരു സഹവികാരിജനറാളിന്റെ ഉത്തരവാദിത്വത്തിലായിരിക്കും ഇനി മുതൽ നടക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കോർപ്പറേറ്റ് മാനേജരായി സേവനം ചെയ്തുവന്ന ബഹു. ജോസഫ് കൊച്ചുപുരയ്ക്കലച്ചനെയാണ് ഈ തസ്തികയിൽ നിയമിച്ചിരിക്കുന്നത്. കോളേജുകൾ, കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലും വ്യക്തിഗത മാനേജ്മെന്റിന്റെ കീഴിലുമുള്ള എയ്ഡഡ് സ്കൂളുകൾ, രൂപത നേരിട്ടും ഇടവകകളും നടത്തുന്ന മറ്റു സ്കൂളുകൾ തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ

അധികാരപരിധിയിൽപ്പെടുന്നു. ഈ സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധനകൾ നടത്താനും കണക്കുകൾ ആവശ്യപ്പെടാനും തിരുത്ത ലുകളും നിർദ്ദേശങ്ങളും മറ്റും നൽകാനും മെത്രാസനത്തിന് അധി കാരം ഉണ്ടായിരിക്കുന്നതാണ്. വിദ്യാഭ്യാസരംഗത്ത് ഉണ്ടാകാവുന്ന പരാതികൾ സ്വീകരിക്കുന്നതും അഭ്യന്തര തലത്തിൽ തീർക്കുന്നതിനും, രൂപതാ മെത്രാനുമായി ആലോചിച്ചശേഷം ആവശ്യമായ തീരുമാനങ്ങൾ എടു ക്കുന്നതാണ്. ഇവ കോർപ്പറേറ്റ് മാനേജരായിരിക്കും. മാനന്തവാടി ബിഷപ്സ് ഹൗസിലായിരിക്കും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായുള്ള സഹ വികാരി ജനറാളിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്.

സാമൂഹ്യപ്രവർത്തനം, ആതുരശുശ്രൂഷ, ഇതര സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ മൂന്നാമതൊരു വികാരി ജനറാളിനെ കൂടി നിയമിച്ചിട്ടുണ്ട്. മേജർ സെമിനാരിയും മൈനർ സെമിനാരി ആദ്ധ്യാത്മികപിതാവുമായ ബഹു. തോമസ് തെക്കു ന്നുംപുറം അച്ചനാണ് ഈ തസ്തികയിൽ നിയമിതനായിരിക്കുന്നത്. WSSS, സെന്റ് ജോസഫ്സ് ആശുപത്രി, രൂപത നേരിട്ടു നടത്തുന്ന ബാലഭവനങ്ങൾ, വൃദ്ധ - അഗതി മന്ദിരം, ഇൻഫന്റ്, ലീഗൽ എയ്ഡ് സെന്റർ എന്നിവയാണ് ഇദ്ദേഹത്തിന്റെ അധികാരപരിധിയിൽ വരു ന്നത്. ഇവയ്ക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കുക, പ്രവർത്തനം വിലയിരുത്തുക, നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവയെല്ലാം ഇദ്ദേ ഹത്തിന്റെ നേതൃത്വത്തിലാണ് ഇനിമുതൽ നടക്കുക. രൂപതയിലെ സന്യസ്ത സമൂഹങ്ങളും സംഘടനകളും നടത്തുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും ആവശ്യമെന്നു കണ്ടാൽ നിർദ്ദേശങ്ങൾ നൽകുന്നതിനും ഇദ്ദേഹത്തിന് അധികാ രമുണ്ടായിരിക്കും. ബഹു. തെക്കുന്നുംപുറം അച്ചന്റെ ഓഫീസും മാനന്തവാടി ബിഷപ്സ് ഹൗസിലായിരിക്കും പ്രവർത്തിക്കുന്നത്

സഹവികാരിജനറാൾമാരുടെ അധികാരപരിധിയിൽപ്പെടാത്ത എല്ലാകാര്യങ്ങളും പ്രധാനവികാരിജനറാളായ ബഹു. ജോർജ്ജ് മൈല ക്കാട്ടച്ചന്റെ ഉത്തരവാദിത്വത്തിലായിരിക്കും. മറ്റു മൂന്നുപേർക്കായി തിരിച്ചു കൊടുത്തിരിക്കുന്ന രംഗങ്ങളിൽ അവരുടെ സമ്മതത്തോടെ അഭിവന്ദ്യ മെത്രാന്റെ അനുവാദത്തോടെ മാത്രമേ ഇദ്ദേഹം ഇടപെ

ടുകയുള്ളൂ. എങ്കിലും പല സ്ഥാപനങ്ങളുടെയും നടത്തിപ്പിനുള്ള സമിതികളിൽ അദ്ദേഹം അംഗമായിരിക്കുന്നതുകൊണ്ട് ആ രംഗങ്ങളിലും അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരിക്കും. മെത്രാന്റെ അസാന്നിധ്യത്തിൽ രൂപതാഭരണം നിർവ്വഹിക്കുന്നതും ഔദ്യോഗികതലങ്ങളിൽ മെത്രാനെ പ്രതിനിധീകരിക്കുന്നതും അദ്ദേഹമായിരിക്കും. ഈ സന്ദർഭത്തിൽ സഹവികാരിജനറാൾമാരുടെ ഉത്തരവാദിത്വവും അദ്ദേഹത്തോടൊപ്പമായിരിക്കും.

രൂപതാ മെത്രാന്റെ പ്രതിനിധികൾ എന്ന നിലയിൽ പ്രോട്ടോ വികാരിജനറാളിനെയും സഹവികാരിജനറാൾമാരെയും ഏവരും ആദരിക്കുകയും ബഹുമാനിക്കുകയും അവരുടെ നിർദ്ദേശങ്ങളും തിരുത്തലുകളും തീരുമാനങ്ങളും സ്വീകരിക്കേണ്ടതുമാണ്. അവരെടുക്കുന്ന തീരുമാനങ്ങൾ മെത്രാനുമായി ആലോചിച്ചാണ് എടുക്കുന്നത് എന്നതിനാൽ അവ അന്തിമമായിരിക്കും. എന്നാൽ രൂപതാ അനുരഞ്ജന സമിതിക്ക് മേൽ തീരുമാനങ്ങൾ പുനഃപരിശോധിക്കാവുന്നതും ആവശ്യമായ തിരുത്തലുകളും മാറ്റങ്ങളും നിർദ്ദേശിക്കാവുന്നതുമാണ്.

ഭരണസംവിധാനത്തിന്റെ നന്മയെക്കരുതിയാണ് ഈ പുതിയ സംവിധാനങ്ങളെല്ലാം ഒരുക്കിയിരിക്കുന്നത്. അതു ഭംഗിയായി നടക്കണമെങ്കിൽ എല്ലാവരുടെയും സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമാണ്. അത് നിർലോഭം ഉണ്ടാകട്ടെ എന്നാണെന്റെ ആശംസ.

മെയ്മാസം 19-ാം തീയതി ഞാൻ ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിൽ നിന്ന് നമ്മുടെ രൂപതയെ സഹായിക്കുന്നവരോട് നന്ദി പറയുവാനും അവിടങ്ങളിൽ നമ്മുടെ രൂപതയിൽ നിന്ന് സേവനം ചെയ്യുന്നവരെയും സന്ദർശിക്കാനുമായി പുറപ്പെടുകയാണ്. ഓഗസ്റ്റ് 4-ാം തീയതി ഞാൻ തിരിച്ച് മാനന്തവാടിയിൽ എത്തുന്നതാണ്. എന്റെ അസാന്നിധ്യത്തിൽ പ്രോട്ടോവികാരി ജനറാൾ ബഹു. ജോർജ്ജ് ഞരളക്കാട്ടച്ചനായിരിക്കും രൂപതയുടെ ഉത്തരവാദിത്വം. ഈ യാത്ര സഫലമാകാൻ നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു. നിങ്ങൾക്ക് എന്റെ പ്രാർത്ഥനയും വാഗ്ദാനം ചെയ്യുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2005-ാമാണ്ട് ജൂൺ 19-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

ND:- ഈ സർക്കുലർ 2005 ജൂൺ മാസം 19-ാം തീയതി ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 7

**Circular Letter No. 9 / 2005**

**Prot. No. 2468 / 2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

വർദ്ധിച്ച ജീവിതച്ചെലവ് കണക്കിലെടുത്ത് ബഹു. അച്ചന്മാർ, പള്ളി ജീവനക്കാർ എന്നിവരുടെ അലവൻസ് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തെ പരിഗണിച്ച്, തലശ്ശേരി പ്രോവിൻസിലെ തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ബൽത്തങ്ങാടി രൂപതകളിലെ കൂരിയയിൽ സേവനം ചെയ്യുന്ന ബഹു. അച്ചന്മാരുടെ ഒരു യോഗം ചേർന്ന് ചില നിർദ്ദേശങ്ങൾ അഭിവന്ദ്യപിതാക്കന്മാർക്ക് സമർപ്പിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച് മാനന്തവാടി രൂപതയിലെ പള്ളിജീവനക്കാരുടെ അലവൻസ് വർദ്ധിപ്പിക്കുകയാണ്. അച്ചന്മാരുടെ അലവൻസ് വർദ്ധനയെപ്പറ്റിയുള്ള തീരുമാനം അധികം താമസിയാതെ അറിയിക്കും.

അൾത്താര ശുശ്രൂഷികളുടെയും അക്കൗണ്ടന്റുമാരുടെയും അലവൻസ് 2000 മുതൽ നടപ്പിലാക്കി വരുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും മാറ്റമില്ലാതെ തുടർന്നുകൊണ്ട് അടിസ്ഥാനശമ്പളത്തോടൊപ്പം നാല് ഇൻക്രിമെന്റ് ഇപ്പോൾ വർദ്ധിപ്പിച്ചതിനു പുറമെ ഇപ്പോൾ ആറ് ഇൻക്രിമെന്റു കൂടി വർദ്ധിപ്പിച്ച് അടിസ്ഥാനശമ്പളം പുതുക്കി നിശ്ചയിക്കുന്നു.

**അൾത്താര ശുശ്രൂഷികൾ**

| ഗ്രേഡ് | അടിസ്ഥാനശമ്പളം | ഇൻക്രിമെന്റ് |
|---|---|---|
| A | 1800 | 50 |
| B | 1440 | 40 |
| C | 1080 | 30 |
| D | 750 | 20 |
| E | 410 | 10 |

**അക്കൗണ്ടന്റുമാർ (സെക്രട്ടറിമാർ)**

| ഗ്രേഡ് | അടിസ്ഥാനശമ്പളം | ഇൻക്രിമെന്റ് |
|---|---|---|
| A | 900 | 25 |
| B | 720 | 20 |
| C | 540 | 15 |
| D | 360 | 10 |
| E | 285 | 10 |

അച്ചന്മാർ സ്ഥിരതാമസവും എല്ലാ ദിവസവും വി. കുർബ്ബാനയുമുള്ള E ഗ്രേഡിൽ പെട്ട പള്ളികളിൽ സ്ഥിരമായി അൾത്താര ശുശ്രൂഷി ഉണ്ടെങ്കിൽ, D ഗ്രേഡിലും E ഗ്രേഡിലുമുള്ള അൾത്താര ശുശ്രൂഷികൾക്ക് കൊടുക്കേണ്ട സംഖ്യയുടെ മദ്ധ്യേയുള്ള ഒരു സംഖ്യ (അതായത് 560 രൂപ) ശമ്പളമായി നൽകണം. കൂടാതെ 10 രൂപ വാർഷിക ഇൻക്രിമെന്റും.

പൊതുയോഗം നിശ്ചയിക്കുന്ന സാഹചര്യത്തിൽ കൂടുതലായ തുക നൽകുന്നുണ്ടെങ്കിൽ, കൊടുക്കുന്നതിനുള്ള അധിക തുക സ്പെഷ്യൽ അലവൻസായി ചേർക്കേണ്ടതാണ്.

2005 ജൂൺ 1 മുതൽ പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2005 ജൂൺ 20-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

# Vol. 8

Prot. No. 2672/2005
Pastoral Letter No. 4/2005

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

**മാർ ജോസ് പൊരുന്നേടം**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായസഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ച ദിവ്യകാരുണ്യവർഷം 2005 ഒക്ടോബർ മാസത്തിൽ സമാപിക്കുകയാണല്ലോ. ക്രൈസ്തവ വ്യക്തിജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും കേന്ദ്രബിന്ദുവായി വി. കുർബാനയെക്കണ്ട പരിശുദ്ധ പിതാവ് തന്റെ മരണത്തിന് മുമ്പ് തിരുസഭയ്ക്ക് നൽകിയ സമ്മാനമായി ദിവ്യകാരുണ്യവർഷത്തെ കണക്കാക്കാം. സഭയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ദിവ്യകാരുണ്യസംസ്കാരം വീണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് പരിശുദ്ധ പിതാവ് ഇങ്ങനെയൊരു പ്രഖ്യാപനം നടത്തിയത്. അദ്ദേഹം ഉദ്ദേശിച്ച ദിവ്യകാരുണ്യ സംസ്കാരത്തിൽ നിന്ന് നാമെല്ലാം വളരെയധികം അകന്നുപോയിരിക്കുന്നു എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്.

അന്ത്യത്താഴവേളയിൽ അപ്പം ആശീർവദിച്ച് ശിഷ്യന്മാർക്ക് കൊടുത്തശേഷം കർത്താവ് അരുളിച്ചെയ്തു: "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ" (1 കൊറി. 11,25; ലൂക്ക. 22,19). കേവലം അപ്പംമുറിക്കൽ ശുശ്രൂഷ തന്റെ ഓർമ്മയ്ക്കായി തുടരണം എന്നല്ല കർത്താവ് അർത്ഥമാക്കിയത്. പ്രത്യുത, ആ പ്രവൃത്തിയിലൂടെ താൻ കാണിച്ചുകൊടുത്ത സംസ്കാരം സ്വായത്തമാക്കാനും ജീവിക്കാനുമാണ്. സ്വന്തം ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി ശിഷ്യർക്ക് കൊടുക്കുന്ന കർത്താവിനെയാണ് നാമിവിടെ കണ്ടുമുട്ടുന്നത്. ഇതുപോലെ നമ്മളും പ്രവർത്തിക്കണം എന്നാണവിടുത്തെ കൽപ്പനയുടെ അർത്ഥം. മത്തായി, മർക്കോസ്, ലൂക്ക എന്നിവർ രേഖപ്പെടുത്തിയ

സുവിശേഷങ്ങളിൽ മാത്രമേ സ്ഥാപനത്തെ സംബന്ധിച്ച ഭാഗം വായിക്കുന്നുള്ളൂ. യോഹന്നാനാകട്ടെ 'നിങ്ങളും പരസ്പരം കാലുകഴുകണം' എന്നു പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ പാദം കഴുകുന്ന കർത്താവിനെയാണ് അവതരിപ്പിക്കുന്നത്. കർത്താവിന്റെ കൽപനയും ഈ രണ്ടു സംഭവങ്ങളും കൂട്ടിച്ചേർത്ത് വായിക്കുമ്പോഴേ ദിവ്യകാരുണ്യ സംസ്കാരം എന്തെന്ന് നമുക്ക് മനസ്സിലാകുകയുള്ളൂ. ആത്മദാനത്തിന്റെയും വിനയത്തിന്റെയും സ്വയം ശൂന്യവൽക്കരണത്തിന്റെയും സംസ്കാരമാണത്. ലോക ശൈലികളുടെ സംസ്കാരത്തിന് വിരുദ്ധമാണത്. സെബദീപുത്രന്മാർ തന്റെ രാജ്യത്തിൽ തന്റെ ഇടത്തും വലത്തും ഇരിക്കാനുള്ള സ്ഥാനം ചോദിക്കുന്ന യാക്കോബിനോടും യോഹന്നാനോടും അവിടുന്ന് പറയുന്നത് : "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം" (മർക്കോ. 10:42-45)

ദിവ്യകാരുണ്യസംസ്കാരത്തെ മനസ്സിലാക്കുമ്പോഴാണ് വി. കുർബാന സ്ഥാപിക്കപ്പെട്ട സന്ദർഭവും ഏറെ പ്രസക്തമായിരിക്കുന്നത്. യഹൂദരുടെ പെസഹാ ആചരണത്തിലാണ് കർത്താവ് വി. കുർബാന സ്ഥാപിച്ചത്. ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ അനുഭവം യഹൂദജനതയിലെ ഓരോ വ്യക്തിയും അനുഭവിച്ചിരുന്നത് പെസഹാ ആചരണത്തിലൂടെയായിരുന്നു. അതാകട്ടെ കേവലമൊരു ആചരണമോ ഓർമ്മയോ ആയിരുന്നില്ല. പെസഹാ ആചരണത്തിലൂടെ ഓരോ വ്യക്തിയും അതിൽ പങ്കുചേരുകയായിരുന്നു. അതുപോലെ മനുഷ്യർക്കുവേണ്ടി തയ്യാറാക്കിയ രക്ഷാകരപദ്ധതി കാലത്തിന്റെ പൂർണ്ണതയിൽ നിറവേറിയതിന്റെ ചുരുക്കമാണ് വി. കുർബാന (ഗലാ. 4,4). ഈശോയുടെ രക്ഷാകരപ്രവൃത്തിയുടെ ഫലം ഓരോ തലമുറയിലുമുള്ള മനുഷ്യർക്ക് അനുഭവവേദ്യമാകുന്നത് വി. കുർബാനയിലാണ്.

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോചിതരായ ഒരു ജനതയുമായി ദൈവമുണ്ടാക്കിയ ഉടമ്പടിയുടെ പുനരാവിഷ്കരണമാണ്

പെസഹാഭക്ഷണം. വി. കുർബാനയെന്ന പുതിയ ഉടമ്പടിയുടെ ആഘോഷത്തിലും ഇത് സംഭവിക്കണം. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നാം മോചിതരായി വി. കുർബാന അനുഭവിക്കുമ്പോഴാണ് ഈ ഉടമ്പടിക്ക് അർത്ഥമുണ്ടാകുന്നത്. പുളിപ്പില്ലാത്ത അപ്പം പുതിയ ആരംഭത്തിന്റെ പ്രതീകമാണ്. യേശുവിന്റെ ചൈതന്യത്തിൽ നാമും നവീകരിക്കപ്പെടണം (റോമ. 12,2).

ആത്മദാനത്തിന്റെയും ക്ഷമിക്കലിന്റെയും പങ്കുവയ്ക്കലിന്റെയും പശ്ചാത്തലത്തിലാണല്ലോ വി. കുർബാന സ്ഥാപിക്കപ്പെടുന്നത്. തന്നെ ഒറ്റിക്കൊടുക്കാനിരുന്നവനെയും ഉപേക്ഷിച്ചുപറയാനിരുന്നവനെയും പോലും അവിടുന്ന് ഭക്ഷണമേശയിൽ നിന്ന് പുറത്താക്കുന്നില്ല എന്നു മാത്രമല്ല അവരുടെ കാലുകഴുകാൻ പോലും അവിടുന്ന് തയ്യാറായി. മുഖം നോക്കാതെ ക്ഷമിക്കുകയും ശത്രുമിത്ര ഭേദമില്ലാതെ പങ്കുവയ്ക്കുകയും അടിമയുടെ ജോലി പോലും ചെയ്യാൻ തയ്യാറാകുകയും ചെയ്യുന്നതാണ് ദിവ്യകാരുണ്യ സംസ്കാരം. വി. കുർബാന വഴി നാം യേശുവുമായി ഒന്നാകുന്നതായി വി. പൗലോസ് പറയുന്നു. മുന്തിരിയുടെ തായ്ത്തണ്ടിനോട് ചേർന്നിരിക്കുന്ന ശിഖരം മറ്റ് ശിഖരങ്ങളോടും ചേർന്നിരിക്കുന്നതുപോലെ യേശുവുമായി ഒന്നാകുന്നവർ അവിടുത്തെ ശരീരം ഭക്ഷിക്കുന്ന മറ്റുള്ളവരുമായും ഒന്നാകണം. അതൊരു വെല്ലുവിളി തന്നെയാണ്. ദിവ്യകാരുണ്യ സംസ്കാരം ഉൾക്കൊണ്ടവർക്കേ അതു സാധ്യമാകുകയുള്ളൂ.

യോഗ്യതയില്ലാതെ കർത്താവിന്റെ അപ്പം ഭക്ഷിക്കുന്നവർക്ക് വി. പൗലോസ് മുന്നറിയിപ്പ് നൽകുന്നു. "തൻമൂലം ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്ന് പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ പാപം ചെയ്യുന്നു. അതിനാൽ ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യട്ടെ" (1 കോറി. 11, 27-28). വി. കുർബാനയ്ക്കണയുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട മനോഭാവത്തെപ്പറ്റിയാണ് അപ്പസ്തോലൻ പറയുന്നത്. പരസ്പരം ക്ഷമിക്കാതെയും ഐക്യമില്ലാതെയും സ്വാർത്ഥതയോടും മറ്റും വി. കുർബാനയിൽ പങ്കുകൊള്ളുന്നത് ലോകത്തിന്റെ സംസ്കാരമാണ്.

കഴിഞ്ഞ ഒരുവർഷം മുഴുവൻ ദിവ്യകാരുണ്യ സംസ്കാരം ഉൾക്കൊള്ളാൻ നാം പരിശ്രമിക്കുകയായിരുന്നു. ഒട്ടാകെ നാം വിശ്വസിക്കുകയും ചെയ്തു. ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് വിവിധങ്ങളായ പരിപാടികൾ രൂപത നടത്തി. അതിനുവേണ്ടി പ്രത്യേകം നിയമിക്കപ്പെട്ട കമ്മിറ്റിയംഗങ്ങളും നിങ്ങളെല്ലാവരും അവയുടെ വിജയത്തിൽ ആത്മാർത്ഥമായിത്തന്നെ സഹകരിച്ചു. അതിന് ഞാൻ നിങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും ദൈവസമക്ഷം സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദിവ്യകാരുണ്യ വർഷത്തിന്റെ സമാപനം കുറിച്ചുകൊണ്ട് സെപ്റ്റംബർ 28, 29, 30, ഒക്ടോബർ 1 എന്നീ തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് ഒരു ദിവ്യകാരുണ്യ കൺവെൻഷൻ നടത്തുന്നുണ്ട്. ഓരോ ദിവസവും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെയായിരിക്കും കൺവെൻഷൻ സമയം. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും പരമാവധി ആളുകൾ അതിൽ സംബന്ധിക്കണം. ഇക്കാര്യത്തിൽ ബഹു. ഇടവക വികാരിമാർ ശ്രദ്ധ കൊടുക്കണമെന്നും സമർപ്പിതർ സർവ്വാത്മനാ അവരോട് സഹകരിക്കണമെന്നും പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഇടവക പാരിഷ് കൗൺസിൽ അംഗങ്ങളും മറ്റ് ഉത്തരവാദിത്വമുള്ളവരും ഇതിനോട് ആത്മാർത്ഥമായി സഹകരിക്കണം. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2005 ആഗസ്റ്റ് മാസം 20-ാം തീയതി നൽകപ്പെട്ടത്.

[illegible]
[illegible]
[illegible]

\+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ ഇടയലേഖനം സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 2675/2005**
**Circular No.10/2005**

കർത്താവിൽ സ്നേഹിക്കപ്പെട്ടവരെ,

2005 ജൂലൈ മാസത്തെ രൂപതാബുള്ളറ്റിനിൽ അൾത്താര ശുശ്രൂഷികളുടെയും സെക്രട്ടറിമാരുടെയും അലവൻസ് വർദ്ധിപ്പിച്ചുകൊണ്ട് ഞാനെഴുതിയിരുന്നതിന്റെ കൂടെ വൈദികരുടെ അലവൻസും വർദ്ധിപ്പിക്കുന്ന കാര്യം സൂചിപ്പിച്ചിരുന്നു. അതിൻപ്രകാരം 2005 ഒക്ടോബർ 1 മുതൽ വൈദികരുടെ പ്രതിമാസ അലവൻസ് ഇപ്പോൾ നിലവിലുള്ള 2500 രൂപയിൽ നിന്ന് 3000 രൂപയാക്കി ഉയർത്തുന്നു.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2005 ആഗസ്റ്റ് മാസം 20-ാം തീയതി നൽകപ്പെട്ടത്.

+ [signature]

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ സെപ്തംബർ 11-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 9

Prot. No. 3201/2005
Pastoral Letter No. 06/2005

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ
മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും. കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" (ലൂക്ക 2:14). രണ്ട് സഹസ്രാബ്ദങ്ങൾക്കു മുമ്പ് മാലാഖമാർ പാടിയ ഈ ഗാനം നമ്മുടെ കാതുകളിൽ മുഴക്കിക്കൊണ്ട് കർത്താവിന്റെ പിറവിത്തിരുനാൾ ഒരിക്കൽക്കൂടി സമാഗതമായിരിക്കുകയാണ്. "ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ജനിച്ചിരിക്കുന്നു" (ലൂക്ക 2:11). യേശുക്രിസ്തുവിന്റെ ജനനം എല്ലാ ജനങ്ങൾക്കും വലിയ സന്തോഷത്തിന്റെ സദ്വാർത്തയായി തീരണം, കാരണം, അവിടുന്ന് മനുഷ്യനെ രക്ഷിക്കുവാനായി അവതരിച്ച ദൈവപുത്രനാണ്. ആ സദ്വാർത്ത രാജ്യങ്ങളുടെയും സംസ്കാരങ്ങളുടെയും ഭാഷകളുടെയും വർഗ്ഗങ്ങളുടെയും ജാതിയുടേയുമെല്ലാം അതിർവരമ്പുകൾക്കപ്പുറത്തേക്ക് കടന്നുചെല്ലണം.

യേശുക്രിസ്തുവിന്റെ ജനനംപോലെ ഇത്രയധികം ചരിത്രത്തെ സ്വാധീനിച്ച മറ്റൊരു സംഭവം ലോകത്തിലുണ്ടായിട്ടില്ല. ഇന്ന് ബഹുഭൂരിപക്ഷം ജനങ്ങളും ഉപയോഗിക്കുന്ന കലണ്ടർ, ക്രിസ്തുവർഷം എന്ന് അറിയപ്പെടുന്നു. കർത്താവിന്റെ വർഷം (Anno Domini - AD) എന്ന് അത് വിളിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ ജനനം അടിസ്ഥാനമാക്കി ക്രിസ്തുവിന് മുമ്പ് എന്നും പിമ്പ് എന്നും നാം ചരിത്രത്തെ തിരിച്ചിരിക്കുന്നു. ഇതിലൂടെ യേശുക്രിസ്തു ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായതോടൊപ്പം അവിടുത്തെ പ്രബോധനങ്ങൾ മനുഷ്യചിന്തയേയും പ്രവർത്തനശൈലിയേയും സ്വാധീനിച്ച വലിയൊരു ശക്തിയായിത്തീരുകയും ചെയ്തു. അന്ധകാരത്തിലമർന്നിരുന്ന ലോകത്തെ പ്രകാശിപ്പിക്കുന്ന ഉജ്ജ്വലപ്രകാശമായി തീർന്നു അവിടുന്ന്.

തന്നെ കാണുകയും തന്റെ പ്രബോധനം കേൾക്കുകയും തന്നെ അനുഭവിച്ചറിയുകയും ചെയ്ത ക്രിസ്തുശിഷ്യരിലൂടെയാണ് ഇന്നും

അവരു തന്റെ രക്ഷാകരദൗത്യം തുടരുന്നത് (നടപടി 2:33). ക്രിസ്തുവിന്റെ സഹനങ്ങളുടെ ദൃക്സാക്ഷികളും വെളിപ്പെടാനിരിക്കുന്ന മഹത്വത്തിന്റെ പങ്കുകാരും (2 പത്രോസ് 5:1) എന്ന നിലയിൽ അവർ പ്രസംഗിച്ചപ്പോൾ അത് ശ്രവിക്കുവാനും അതിലൂടെ ആശ്ലേഷിക്കുവാനും ആയിരങ്ങൾ മുന്നോട്ടുവന്നു (നടപടി 2:37-42). അവർ വഴി അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ചു (നടപടി 2:43). അപ്പസ്തോലന്മാർ കടന്നുപോയപ്പോൾ അവരുടെ നിഴലുകൾ വീണ ആളുകൾ പോലും സൗഖ്യംപ്രാപിച്ചു. തന്റെ ഗുരുവിന്റെ കൂടെ കാരാഗൃഹത്തിലേക്കു പോകാനും മരിക്കുവാൻ തന്നെയും തയ്യാറായ പത്രോസ് (ലൂക്ക 22:33) ഒരു വേലക്കാരി സ്ത്രീയുടെ വാക്കിൽ ഭയപ്പെട്ട് 'ഞാൻ അവനെ അറിയുകയില്ല' എന്ന് ആണയിട്ടുപറയുന്നു (ലൂക്ക 22:58). എന്നാൽ അതേ പത്രോസ് പരിശുദ്ധാത്മാവിനാൽ പൂരിതനായപ്പോൾ ധൈര്യപൂർവ്വം ക്രൂശിതനായ ക്രിസ്തുവിനെ പരസ്യമായി പ്രസംഗിക്കുന്നു. തന്നെ തടയാൻ ശ്രമിച്ചവരോട് അദ്ദേഹം പറയുന്നു: "ദൈവത്തേക്കാൾ ഉപരി നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾ തന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (നടപടി 4:20).

യേശുക്രിസ്തുവിന്റെ ജനനം സകലമനുഷ്യർക്കുമുള്ള രക്ഷയുടെ സദ്വാർത്തയാണ്. പക്ഷേ, ഇന്നത് അധികമാരും പ്രസംഗിക്കുന്നില്ല എന്നതാണ് ദുഃഖസത്യം. എന്നുമാത്രമല്ല, യേശുവിനെ ചരിത്രത്തിൽ നിന്ന് തുടച്ചു മാറ്റുവാനുള്ള ശ്രമം മനഃപൂർവ്വം നടത്തുന്നുമുണ്ട്. ക്രിസ്തുവർഷം ഇന്നു പല സ്ഥലങ്ങളിലും പൊതുവർഷം - Common Era (CE) എന്നാണ് അറിയപ്പെടുന്നത്. അതുപോലെ ഈ അടുത്തകാലത്ത് യൂറോപ്യൻ യൂണിയനിൽപെട്ട രാജ്യങ്ങൾക്കാനാകെ എഴുതപ്പെട്ട ഒരു പൊതുഭരണഘടന അതിലുണ്ടായിരുന്ന യൂറോപ്പിന്റെ ക്രിസ്തീയ വേരുകളെക്കുറിച്ചുള്ള പരാമർശം മൂലം പാസ്സാകപ്പെടാതെ പോയി. സാമൂഹ്യതിന്മകൾക്കെതിരെയുള്ള ശക്തമായ നിലപാടുമൂലം ക്രൈസ്തവർ ആക്രമിക്കപ്പെടുമ്പോഴും അക്രമികളുടെ ലക്ഷ്യം മറ്റൊന്നല്ല. യേശുക്രിസ്തുവിന്റെ സ്വാധീനമുള്ള ഒരു ലോകത്തിൽ അത്തരം അന്ധകാരശക്തികൾക്കു സ്ഥാനമില്ലല്ലോ.

ക്രിസ്തുവിനെയും ക്രൈസ്തവപ്രബോധനങ്ങളെയും ജനമദ്ധ്യത്തിൽ പരിഹാസവിഷയമാക്കി ഇല്ലായ്മ ചെയ്യുവാൻ ഇന്നു മാധ്യമങ്ങൾ അത്യധ്വാനം ചെയ്യുന്നുണ്ട്. പാപത്തിലേക്ക് ചാഞ്ഞിരിക്കുന്ന മനുഷ്യപ്രകൃതിക്ക് ഇത് ഏറെ ഹൃദ്യമാണ് താനും. ക്രിസ്തുവിനെയും

അവിടുത്തെ പ്രബോധനങ്ങളെയും പിഞ്ചെല്ലുക കുരിശെടുത്ത് ഗാഗുൽത്താ കയറുന്നതിന് തുല്യമാണ്. ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന മാധ്യമങ്ങൾക്കും അവയെ നിലനിർത്തുന്ന കമ്പനികൾക്കും തങ്ങളുടേതായ സാധനങ്ങൾ വിറ്റഴിക്കണമെങ്കിൽ കുരിശിന്റെ സംസ്കാരം മാറ്റിയെടുക്കാതെ പറ്റില്ലല്ലോ.

യുവമനസ്സുകളെ ആകർഷിക്കുന്ന കലാരൂപങ്ങളായ നൃത്തങ്ങളിലൂടെയും ഗാനരൂപങ്ങളിലൂടെയും മറ്റും ദൈവത്തിനും ക്രിസ്തുവിനും വിരുദ്ധമായ ആശയങ്ങൾ അവതരിപ്പിച്ചും, യേശുവിനെയും അവിടുത്തെ പ്രബോധനങ്ങളെയും മനുഷ്യമനസ്സുകളിൽനിന്ന് കുടിയിറക്കാനുള്ള തീവ്രശ്രമവും നടക്കുന്നുണ്ട്. അശ്ലീലച്ചുവയുള്ള ആംഗ്യവിക്ഷേപങ്ങളും കുറവുവയ്പുകളും നിറഞ്ഞ സിനിമാറ്റിക്‌ഡാൻസും ബ്രേക്ക് ഡാൻസും മനുഷ്യമനസ്സുകളെ വിഷലിപ്തമാക്കുക തന്നെ ചെയ്യും. സിനിമയിലെ വില്ലന്മാരുടെ കണ്ഠാഭരണമായി ശോഭിക്കുന്ന കുരിശും വ്യത്യസ്തമായ ഫലമല്ല ഉളവാക്കുന്നത്.

എതിർത്തുതോൽപ്പിക്കാൻ പറ്റിയില്ലെങ്കിൽ കൂടെക്കൂടി നശിപ്പിക്കുക എന്ന തന്ത്രവും ഇന്ന് ശക്തിയാർജ്ജിച്ചിരിക്കുന്നു. ക്രിസ്തുമസ് എന്നത് ഇന്ന് കോടികൾ വിലമതിക്കുന്ന ഒരു കച്ചവടസംരംഭമാണ്. സ്നേഹത്തിന്റേയും സൗഹൃദത്തിന്റെയും പ്രതീകമായിരുന്ന സമ്മാനകൈമാറ്റങ്ങൾ ഇന്ന് സ്വന്തം പ്രൗഢി വെളിപ്പെടുത്താനുള്ള അവസരമായിരിക്കുന്നു. യേശു ജനിച്ചതിനെ അറിയിച്ച നക്ഷത്രം നക്ഷത്രനിർമ്മാണ കമ്പനികൾക്ക് ചൂഷണം നടത്താനുള്ള അനന്തവ്യാപാരസാധ്യതകൾ തുറന്നു കൊടുത്തിരിക്കുന്നു. കുടുംബക്കൂട്ടായ്മകളിൽ മദ്യമില്ലെങ്കിൽ ആളെ കിട്ടാത്ത അവസ്ഥ വന്നിരിക്കുന്നു. ചുരുക്കത്തിൽ, ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും അവതാരമായ യേശുവിനെയും അവിടുത്തെ ജനനത്തെയും ആധുനിക കച്ചവടലോകം റാഞ്ചിയെടുത്ത് കഴിഞ്ഞു. ബാഹ്യഭാവങ്ങളെല്ലാം നിലനിർത്തിക്കൊണ്ട് ആന്തരികതയെ കൊന്നിരിക്കുന്നു.

ഇന്ന് നമ്മുടെ നാട്ടിൽ ലഭ്യമായ മനോഹരവും എന്നാൽ വിലക്കുറവുള്ളതുമായ ക്രിബ്സെറ്റുകളും ക്രിസ്മസ് മരങ്ങളും മിന്നിത്തെളിയുന്ന Illumination സെറ്റുകളും ചൈനയിൽ നിർമ്മിക്കപ്പെടുന്നവയാണെന്ന് എത്രപേർക്കറിയാം? നാമുപയോഗിക്കുന്ന പ്ലാസ്റ്റിക് പൂക്കളുടെയും ഉറവിടം ചൈന തന്നെ. ഔദ്യോഗികമായിതന്നെ നിരീശ്വരരാഷ്ട്രമായ ചൈന അവ നിർമ്മിക്കുവാൻ കമ്പനികൾക്ക് അനുവാദം നൽകിയിരിക്കുന്നത് അവയെ കേവലം കച്ചവടച്ചരക്കാക്കി കാണുന്നതുകൊണ്ടാണ്.

ദൈവത്തെ എല്ലാറ്റിലുമുപരിയായി സ്നേഹിക്കുകയും അവി

ടുത്ത നാമത്തെ മഹത്ത്വപ്പെടുത്തുകയും പെരുന്നാളുകളും ആഘോഷപൂർവ്വം കൊണ്ടാടുന്ന ഞങ്ങളുടെ അയൽക്കാരെയും സ്നേഹിക്കേണ്ടവരുമായ ക്രിസ്ത്യാനികൾ അതിൽ നന്മനിറഞ്ഞവിധം പരാജയപ്പെടുമ്പോൾ ക്രിസ്തുവിന്റെ ജനനത്തെ കുറിക്കുന്ന ക്രിസ്തുമസ്സിനും അർത്ഥശോഷണം വരുകയാണ് ചെയ്യുന്നത്. വിഷം തളിച്ച പച്ചക്കറികളും, രാസവസ്തുക്കൾ ചേർത്ത് കൃത്രിമമാക്കിയ ഭക്ഷ്യസാധനങ്ങളും, മായം ചേർത്ത മറ്റു ഭക്ഷണപദാർത്ഥങ്ങളും ഗുണനിലവാരം കുറഞ്ഞ സാധനസാമഗ്രികളും ഉണ്ടാക്കുന്നവരും വിൽക്കുന്നവരും ലാഭത്തിനു പുറമേ കനത്ത തുക ചൂഷണമായി വാങ്ങുന്നവരുമെല്ലാം തങ്ങളുടെ അയൽക്കാരെ സ്നേഹിക്കുന്നതിൽ പരാജയപ്പെടുന്നവരാണ്. സ്വന്തം ഉപയോഗത്തിനായി ജൈവകൃഷിയിലൂടെ വസ്തുക്കൾ ഉത്പാദിപ്പിക്കുകയും വിൽക്കാനായുള്ളവയിൽ വിഷപ്രയോഗം നടത്തുകയും ചെയ്യുന്നവർ സ്വന്തം സഹോദരന്റെ മരണവാറണ്ടിൽ കൂടിയാണ്. ചെറിയൊരു കാര്യം പോലും ചെയ്തുകിട്ടാൻ ആയിരങ്ങൾ കൈക്കൂലി വാങ്ങുകയും അശരണരെയും പാവപ്പെട്ടവരെയും പലവട്ടം നടത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ദൈവത്തെയും സ്വന്തം സഹോദരരെയും സ്നേഹിക്കുന്നു എന്നു പറയാനാവുകയില്ലല്ലോ. ഇപ്രകാരം ദൈവവും ക്രിസ്തുവും ക്രൈസ്തവപ്രമാണങ്ങളും പാർശ്വവത്ക്കരിക്കപ്പെട്ട ഒരു സമൂഹത്തിൽ നിന്നും വരുന്ന സന്യസ്തരും സമർപ്പിതരും വൈദികരും യേശുവിന്റെ പ്രബോധനങ്ങൾക്ക് മൂല്യം കൽപ്പിക്കുന്നില്ലെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.

യേശുക്രിസ്തുവിന്റെ ജനനസമയത്ത് പ്രഘോഷിക്കപ്പെട്ട ദൈവമഹത്വവും മനുഷ്യർക്കിടയിലുള്ള സമാധാനവും യാഥാർത്ഥ്യമാകുന്ന ഒരവസരമാകട്ടെ ക്രിസ്തുമസ്സും അനുബന്ധാഘോഷങ്ങളും എന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ്. നിങ്ങൾക്ക് അനുഗ്രഹസമ്പന്നമായ ക്രിസ്തുമസ് ആശംസകൾ നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്നും 2005 ഡിസംബർമാസം 1-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ ഇടയലേഖനം 2005 ഡിസംബർമാസം ഏതെങ്കിലുമൊരു ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No. 3173/2005

Pastoral Letter No. 05/2005

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

**മാർ ജോസ് പൊരുന്നേടം**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

വി. ലൂക്കാ എഴുതിയ സുവിശേഷം 2-ാം അദ്ധ്യായം 41 മുതൽ 52 വരെയുള്ള വാക്യങ്ങളിൽ ബാലനായ യേശു തന്റെ മാതാപിതാക്കളെ വിട്ടു ജറുസലേം ദേവാലയത്തിൽ ഉപാദ്ധ്യായന്മാർ പറയുന്നത് കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന സംഭവം വിവരിക്കുന്നുണ്ട്. പന്ത്രണ്ടുവയസ്സായ യേശു അവിടുത്തെ മാതാപിതാക്കളുടെ കൂടെ ദേവാലയത്തിൽ പെസഹാത്തിരുന്നാളിന് എത്തിയതായിരുന്നു. എന്നാൽ അവരുടെ കൂടെ അവിടുന്ന് തിരിച്ചുപോയില്ല. ഒരു ദിവസത്തെ വഴി പിന്നിട്ടപ്പോഴാണ്

കുട്ടി യേശു കൂട്ടത്തിലില്ലെന്ന് യൗസേപ്പും മറിയവും അറിയുന്നത്. ഉടനെതന്നെ അവർ ജറുസലേമിലേക്ക് തിരിച്ചു. കുട്ടിയെ ദേവാലയത്തിൽ കണ്ടെത്തുകയും ചെയ്തു.

യേശുവിനെ ദേവാലയത്തിൽ കണ്ടെത്തിയപ്പോൾ മറിയം പറഞ്ഞ കാര്യങ്ങൾ വളരെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. "മകനേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു" (Lk. 2:48). "നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്" എന്നത് കേവലം ഒരു ചോദ്യമായി കാണുന്നത് ശരിയല്ല. അമ്മയെന്ന നിലയിൽ മറിയം യേശുവിനെ ശാസിക്കുന്നതാണത്. നീ ഇങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു എന്നാണ് ആ ചോദ്യത്തിനർത്ഥം. അതായത് മാതാപിതാക്കളുടെ അറിവും സമ്മതവും കൂടാതെ ദേവാലയത്തിൽ തങ്ങിയതും ഉപാദ്ധ്യായന്മാരുടെയിടയിലിരുന്ന് വാദപ്രതിവാദത്തിലേർപ്പെട്ടതും ശരിയായില്ല എന്നു മറിയം അർത്ഥശങ്കയ്ക്കിടയില്ലാതെ യേശുവിനെ ഓർമ്മപ്പെടുത്തുകയാണിവിടെ.

മക്കളുടെ വളർച്ചയും നല്ല രൂപീകരണവും കാംക്ഷിക്കുന്ന ഒരമ്മയുടെ പ്രതികരണമാണ് മറിയത്തിൽ നാം കാണുന്നത്. തന്റെ മകൻ ദൈവത്തിന്റെ പ്രത്യേക ഇടപെടൽമൂലം ജനിച്ചവനാണെന്നും എന്തോ വലിയ കാര്യത്തിനായി വിളിക്കപ്പെട്ടവനാണെന്നും മറിയത്തിനറിയാമായിരുന്നു. തങ്ങളോട് പറയാതെ ദേവാലയത്തിൽ തങ്ങിയതിന് ആവശ്യമായ ന്യായീകരണമായി മറിയത്തിന് തോന്നിയില്ല. മക്കൾ ആണും പെണ്ണുമായി വളരുകയാണല്ലോ; അതുകൊണ്ട് എന്തും ചെയ്തുകൊള്ളട്ടെ എന്നു മറിയം കരുതിയില്ല. മാതാപിതാക്കളെ അവഗണിച്ച് സ്വന്തം ഇഷ്ടമനുസരിച്ച് ഈ പന്ത്രണ്ടുവയസ്സുകാരൻ പ്രവർത്തിക്കുന്നത് ശരിയല്ല എന്നു തന്നെയാണ് ആ മാതാവ് കരുതിയത്.

മറിയം ഇതിലൂടെ നമുക്കൊരു പാഠം തരുന്നുണ്ട്. കുടുംബത്തിൽ മക്കൾക്ക് മാതാപിതാക്കൾ ശരിയായ ശിക്ഷണം കൊടുക്കണമെന്നുള്ളതാണ് അത്. ഒരുപക്ഷേ യൗസേപ്പുപിതാവും മറിയവും അന്വേഷിച്ചു ചെന്നില്ലായിരുന്നുവെങ്കിൽ ഒരു കുറെ ദിവസം കൂടി

ദേവാലയത്തിൽതന്നെ തങ്ങുമായിരുന്നു. എന്നാൽ അന്വേഷിച്ച് ചെന്നപ്പോൾ അനുസരണയോടെ അവരുടെ കൂടെപോകുന്നു. മാതാപിതാക്കൾ ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട രീതിയിൽ ചെയ്യുകതന്നെ വേണം.

കുടുംബത്തിൽ തങ്ങൾക്കുള്ള സ്ഥാനമെന്തെന്നും തങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ പരിധി എവിടംവരെയാണെന്നും കുട്ടികൾ മനസ്സിലാക്കുകയും അതിനുള്ള അവസരം മാതാപിതാക്കൾ ഒരുക്കുകയും ചെയ്യണം. അതുപോലെതന്നെ സമൂഹത്തിൽ മറ്റു വ്യക്തികളുണ്ടെന്നും അവർക്കും ആവശ്യങ്ങളും ആഗ്രഹങ്ങളും ഉണ്ടെന്നും അവയെ നാം മാനിയ്ക്കേണ്ടതാണെന്നും മക്കളെ മനസ്സിലാക്കിക്കൊടുക്കുകയും തെറ്റിനെ വെറുക്കാനും ശരിയെ സ്നേഹിക്കാനും കുട്ടികൾ അഭ്യസിപ്പിക്കപ്പെടണം. ഇത് സമൂഹത്തിന്റെയും സഭയുടേയും നന്മയ്ക്ക് ആവശ്യമാണ്.

എന്നാൽ ഇന്നത്തെ കുടുംബങ്ങളിൽ ഇങ്ങനെയൊരു ശിക്ഷണത്തിന് മാതാപിതാക്കൾ മുതിരുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. ഏറെ കുടുംബങ്ങളിലും കൗമാരപ്രായക്കാരായ മക്കളാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. 'ഒന്നേയുള്ളൂ' എന്നതൊരു മറയാക്കി ഒന്നും പറയാൻ മാതാപിതാക്കൾ തയ്യാറാകുന്നില്ല. മക്കൾ കടുംകൈ എന്തെങ്കിലും ചെയ്താലോ എന്നാണവർക്ക് പേടി. 'ഒന്നേയുള്ളൂ അതുകൊണ്ട് എന്തു ആയിക്കൊള്ളട്ടെ' എന്ന മനോഭാവം വളരെ ആപത്ക്കരമാണ്. മൂന്നോ നാലോ പതിറ്റാണ്ടുമുമ്പ് 'ഒന്നുള്ളതിനെ ഉലക്കയ്ക്ക് അടിക്കണം' എന്നതായിരുന്നു പ്രമാണം. അതായത് അങ്ങനെയുള്ളവർ വഴിതെറ്റിപ്പോകാനുള്ള സാധ്യത കൂടുതലുള്ളതുകൊണ്ട് അവരുടെ ശിക്ഷണത്തിൽ മാതാപിതാക്കൾ കൂടുതൽ കാർക്കശ്യം പുലർത്തിയിരുന്നു എന്നർത്ഥം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ മാതാപിതാക്കൾ പറയുന്ന കാര്യമാണ്: 'ഞങ്ങളോ ബുദ്ധിമുട്ടി; ഞങ്ങളുടെ മക്കളെങ്കിലും സുഖമായി ജീവിക്കണം.' അതായത് ബുദ്ധിമുട്ടാതെ ജീവിക്കണമെന്നർത്ഥം. അധ്വാനിക്കാൻ മനസ്സില്ലാത്ത തലമുറ ഇന്ന് വളർന്നു വന്നിട്ടുണ്ടെങ്കിൽ അതിനു കാരണം മാതാപിതാക്ക

ളുടെ ഈ മനോഭാവമാണ്. അധ്വാനിക്കാതെയും കഷ്ടപ്പെടാതെയും ഒരു ജനതയ്ക്കും പുരോഗമിക്കാൻ സാധിക്കുകയില്ല. എത്ര പ്രായമായാലും തങ്ങളുടെ മാതാപിതാക്കളുടെ സമ്പാദ്യംകൊണ്ട് ജീവിക്കാം എന്ന ചിന്തയാണ് നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്ന സമരങ്ങളുടെ പോലും അടിസ്ഥാന കാരണം.

കുടുംബങ്ങളിൽ മക്കൾക്ക് കിട്ടുന്ന ശിക്ഷണവും പരിശീലനവുമാണ് പിന്നീടുവരുന്ന സമൂഹത്തിന്റെയും സഭയുടേയുമെല്ലാം ഭാവി നിശ്ചയിക്കുന്നത്. മക്കളുടെ എണ്ണം കുറവാകുമ്പോൾ എന്തു ചോദിച്ചാലും മാതാപിതാക്കൾ കൊടുക്കാൻ തയ്യാറാകുന്നു. ത്യാഗത്തിന്റെയും ഇല്ലായ്മയുടേയും അവസ്ഥ ഒരിക്കലും മക്കൾക്ക് നേരിടേണ്ടിവരുന്നില്ല. അതുകൊണ്ടുതന്നെ പങ്കുവയ്ക്കലിന്റെ പാഠവും അവർ അഭ്യസിക്കുന്നില്ല. ഫലമോ? സ്വാർത്ഥതയും സുഖലോലുപതയും നിറഞ്ഞ സമൂഹം സൃഷ്ടിക്കപ്പെടുന്നു. ദയയും കാരുണ്യവും സഹാനുഭൂതിയും സഹോദരസ്നേഹവുമെല്ലാം സമൂഹത്തിൽ നിന്ന് അപ്രത്യക്ഷമാകുന്നു. സ്വന്തം കാര്യം നേടാൻ വേണ്ടി എന്തും ചെയ്യുവാനും ആരേയും നശിപ്പിക്കാനും തയ്യാറാകുന്ന തലമുറ സൃഷ്ടിക്കപ്പെടുന്നു.

ഈ പ്രതിഭാസം സഭയിലും കനത്ത പ്രത്യാഘാതങ്ങളുണ്ടാക്കും. ത്യജിക്കാനും, സഹിക്കാനും, പങ്കുവയ്ക്കാനും, മറ്റുള്ളവരോട് സഹാനുഭൂതി കാണിക്കാനും കഴിവില്ലാത്തവർ പൗരോഹിത്യസമർപ്പിത ജീവിതാന്തസ്സുകളിൽ പ്രവേശിച്ചുകഴിയുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ നമ്മുടെ ഭാവനയ്ക്കും ചിന്തയ്ക്കും അതീതമാണ്. കുടുംബത്തിൽ കിട്ടാത്ത മൂല്യങ്ങൾ സെമിനാരിയിലോ, ആശ്രമത്തിലോ, മഠത്തിലോ കൊടുക്കാം എന്നു ചിന്തിക്കുന്നതും മൗഢ്യമായിരിക്കും. കാരണം ഏകദേശം ആറു വയസ്സാകുന്നതോടെ വ്യക്തിയുടെ മൂല്യബോധം രൂപപ്പെട്ടുകഴിയുമെന്ന് മനഃശാസ്ത്രജ്ഞർ പറയുന്നു. മേൽപറഞ്ഞ തരത്തിലുള്ളവർ വിവാഹജീവിതത്തിൽ പ്രവേശിച്ചാലും സ്ഥിതി മറിച്ചായിരിക്കുകയില്ല. ഏറിവരുന്ന കുടുംബപ്രശ്നങ്ങളും വിവാഹമോചനകേസുകളും എല്ലാം വിരൽചൂണ്ടുന്നത് കുടുംബങ്ങളിൽ കിട്ടാതെ പോയ ശിക്ഷണത്തിന്റെ ആവശ്യകതയിലേക്കാണ്. അമിത

ലാളനയുടെ ഫലമായി അമ്മയിൽ നിന്ന് ശാരീരികമായിപ്പോലും അകന്നു നിൽക്കാൻ കഴിയാത്ത ആൺമക്കളുടെ വിവാഹജീവിതം പരാജയപ്പെടുന്നതിന് ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. അമ്മയും കുടുംബിനിയും ഭാര്യയുമാകാൻ കഴിവില്ലാതെ വളർത്തപ്പെടുന്ന പെൺമക്കളുടെ സ്ഥിതിയും ഏറെ വിഭിന്നമല്ല.

സമ്പത്തിനും സ്ഥാനമാനങ്ങൾക്കും പിന്നാലെയുള്ള ഓട്ടം ഇന്നത്തെ സമൂഹത്തിൽ ദൈവവും വിശ്വാസജീവിതവും പാർശ്വവൽക്കരിക്കപ്പെടാൻ ഇടയായിട്ടുണ്ട്. ദൈവവും വിശ്വാസജീവിതവും സ്വന്തംജീവിതത്തിൽ നിന്ന് അപ്രത്യക്ഷമാകുന്ന ക്രമത്തിൽ അവിടെ അശാന്തിയും അസമാധാനവും അക്രമവാസനയും സ്ഥാനം പിടിക്കുകയും ചെയ്യും..ചുറ്റുമുള്ള മാധ്യമങ്ങളാകട്ടെ ഏറിയപങ്കും ഇത്തരത്തിലുള്ള മതനിരപേക്ഷാശയങ്ങൾ പ്രചരിപ്പിക്കുകയും അതിനെ ത്യാജ്യഗ്രാഹ്യവിവേചനയില്ലാതെ തന്നെ നാം ഏറ്റുപാടുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, സഭയും സമൂഹവും വ്യക്തിയും നന്നാകണമെങ്കിൽ കുടുംബത്തിൽ മാറ്റങ്ങൾ വരികതന്നെ വേണം. ഈ മാറ്റം സാധിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 2006 കുടുംബവർഷമായി നാം നമ്മുടെ രൂപതയിൽ ആചരിക്കുകയാണ്. കുടുംബം ഗാർഹികസഭയാണ് എന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത്. കാരണം അവിടെയാണ് വിശ്വാസത്തിന്റെ ബാലപാഠങ്ങൾ വ്യക്തികൾ അഭ്യസിക്കുന്നത്. മാതാപിതാക്കളുടെ അടിയുറച്ച കത്തോലിക്കാവിശ്വാസവും അതിനനുസരിച്ചുള്ള ജീവിതവുമാണ് ആ വിശ്വാസം ജീവിക്കാൻ യോഗ്യമാണെന്നും സാധ്യമാണെന്നും മക്കളെ പഠിപ്പിക്കുന്നത്. സമൂഹജീവിതത്തിന്റെ ആദ്യാക്ഷരം കുറിക്കുന്നതും കുടുംബത്തിൽത്തന്നെ. അങ്ങനെ സമൂലമായ കുടുംബ നവീകരണമാണ് ഈ കുടുംബവർഷത്തിൽ നാം ലക്ഷ്യം വയ്ക്കുന്നത്.

ഇടവകതലത്തിലാണ് ഈ കുടുംബവർഷത്തിൽ ഏറെയും പ്രവർത്തനങ്ങൾ നടക്കേണ്ടത്. കാരണം അവിടെയാണല്ലോ കുടുംബങ്ങൾ ജീവിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട വികാരിയച്ച

ന്മാരെ ആശ്രയിച്ചാണ് ഈ ആചരണത്തിന്റെ വിജയവും പരാജയവും നിലകൊള്ളുന്നത്. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണവും സന്മനസ്സും ഞാൻ ഈ കാര്യത്തിൽ അഭ്യർത്ഥിക്കുകയാണ്. വികാരിയച്ചനോടൊപ്പം ഇടവകയിലെ സമർപ്പിതരും അത്മായ നേതൃത്വവും ഇക്കാര്യത്തിൽ സഹകരിക്കേണ്ടതാണ്. ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയും പ്രവർത്തനങ്ങളിൽ സമയവും സാമ്പത്തിക സഹായവും നൽകിയും ഇതിൽ സഹകരിക്കണം.

കൈക്കാരന്മാർ, ഇടവകസമിതികൾ തുടങ്ങിയവരെല്ലാം ഈ സംരംഭത്തിൽ ഭാഗഭാക്കുകളാകേണ്ടതാണ്. കേവലം ഭൗതികകാര്യങ്ങളുടെ നടത്തിപ്പ് മാത്രമല്ല കൈക്കാരന്മാരുടെയും ഇടവകസമിതിയുടേയും കടമകളിൽ വരുന്നത്. പ്രഥമവും പ്രധാനവുമായി ആദ്ധ്യാത്മികമായ ലക്ഷ്യമാണ് അവരുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ടത്. ഭൗതികസാഹചര്യങ്ങൾ അതിനുള്ള സഹായം മാത്രമാണ്.

മതാധ്യാപകർ, സംഘടനാപ്രവർത്തകർ എന്നിവർക്കും ഇതിൽ വലിയ പങ്കുവഹിക്കാനുണ്ട്. തങ്ങളുടെ പ്രവർത്തനപദ്ധതിയിൽ കുടുംബനവീകരണത്തെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ കൂടുതലായി ഈ വർഷം ഉൾപ്പെടുത്തണം. മതാധ്യാപകർ അവരുടെ പ്രവർത്തനമണ്ഡലം തങ്ങൾ പഠിപ്പിക്കുന്ന കുട്ടികളുടെ കുടുംബങ്ങളിലേക്കും വ്യാപിപ്പിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി സഹായിക്കാൻ ശ്രമിക്കുകയും വേണം.

സിയോൻ ധ്യാനകേന്ദ്രത്തിൽ സേവനം ചെയ്യുന്ന ബഹു. സെബാസ്റ്റ്യൻ പാറയിലച്ചനെയാണ് കുടുംബവർഷാചരണക്കമ്മിറ്റിയുടെ കൺവീനറായി നിയമിച്ചിരിക്കുന്നത്. അച്ചന്റെ നേതൃത്വത്തിൽ രൂപതയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുള്ളവരേയും ഉൾക്കൊള്ളിച്ച് വളരെ വിപുലമായൊരു കമ്മിറ്റി ഇതിനായി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. 2005 ഡിസംബർ 30-ാം തീയതി കുടുംബദിനമാണ്. തുടർന്നുവരുന്ന ഞായറാഴ്ച അതായത് ജനുവരി 1-ന് നാം ഔദ്യോഗികമായി കുടുംബവർഷം ഉദ്ഘാടനം ചെയ്യുന്നതാണ്. അന്നത്തെ മുതിർന്നവർക്കുള്ള കുർബ്ബാന ഒരു മണിക്കൂർ ആരാധനയോടെ ആരംഭിക്കുകയും പ്രത്യേകമായി കുടുംബജീവിതക്കാരെ സമർപ്പിച്ച്

പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. കുടുംബവർഷാചരണത്തിന്റെ വിശദാംശങ്ങൾ നിങ്ങളെ പിന്നീട് അറിയിക്കുന്നതായിരിക്കും.

നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയും കുടുംബങ്ങളുടെ രാജ്ഞിയുമായ പരിശുദ്ധമറിയത്തിന്റെ മാദ്ധ്യസ്ഥത്തിന് നമ്മുടെ ഈ കുടുംബവർഷാചരണം വിട്ടുകൊടുക്കാം. അമ്മ തന്റെ പുത്രനിൽ നിന്ന് ഇതിനാവശ്യമായ കൃപ നേടിത്തരട്ടെ. നമ്മുടെ കുടുംബങ്ങൾ മാതൃകാ കത്തോലിക്കാ കുടുംബങ്ങളാക്കി മാറ്റാൻ നമുക്ക് പരിശ്രമിക്കാം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2005 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.

+ J. Porunnedom

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB :- ഈ ഇടയലേഖനം 2005 ഡിസംബർമാസം 11-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

★

**Prot. No. 3172/2005**

**Circular No.11/2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ഇടവകകളിലുള്ള നിർധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകാനുള്ള പദ്ധതി കഴിഞ്ഞ വർഷം തുടങ്ങി വച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാവുമല്ലോ. നല്ലവരായ ധാരാളംപേർ ഉദാരമായി സംഭാവന ചെയ്തതുകൊണ്ട് 74 ഇടവകകളിൽ നിന്നായി 480 കുട്ടികൾക്ക് ആയിരംരൂപവീതം ആകെ 4,80,000 രൂപ വിതരണം ചെയ്യുവാൻ നമുക്ക് സാധിച്ചു. സംഭാവനകൾ നൽകിയ വ്യക്തികളെയും ഇടവകകളെയും സംഘടനകളെയും സമർപ്പിത സമൂഹങ്ങളെയും നന്ദിപൂർവ്വം അനുസ്മരിക്കുകയും ദൈവം അവരെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ വർഷം ആയിരം കുട്ടികൾക്ക് മേൽപറഞ്ഞ രീതിയിൽ സഹായം കൊടുക്കണമെന്നാണ് എന്റെ ആഗ്രഹം. താൽപര്യമുള്ള ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ 8,9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന നിർദ്ധനരും എന്നാൽ പഠനത്തിൽ മികവു പുലർത്തുന്നവരുമായ 5 -ൽ കൂടാതെയുള്ള കുട്ടികളുടെ പേരുകൾ ഇടവക ഭരണസമിതിയുമായി ആലോചിച്ച് 2006 ഫെബ്രുവരി 28-ാം തീയതിയ്ക്കു മുമ്പായി അവരുടെ പേരുകൾ മുൻഗണനാക്രമത്തിൽ എഴുതി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പക്കൽ ഏൽപിക്കേണ്ടതാണ്. അപേക്ഷ നൽകുമ്പോൾ വിദ്യാർത്ഥിയുടെ സ്കൂളിലെ പേര്, മാമ്മോദീസാപേര്, 2005-2006 അദ്ധ്യയനവർഷത്തിൽ പഠിക്കുന്ന ക്ലാസ്സ് എന്നിവ വ്യക്തമായി ഇംഗ്ലീഷിൽ എഴുതേണ്ടതാണ്. ഇതിൽ കഴിഞ്ഞവർഷം സഹായം കിട്ടിയവരെയും ഉൾപ്പെടുത്താം. അക്കാര്യം പ്രത്യേകം എഴുതിയാൽ മതി. 12-ാം ക്ലാസ് കഴിഞ്ഞവർക്ക് ഈ സഹായം കൊടുക്കുന്നതല്ല. ആദ്യം കിട്ടുന്ന ആയിരം പേരെ മാത്രമേ പരിഗണിക്കുകയുള്ളു.

വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ഞാൻ ക്ഷണിക്കുകയാണ്. നിങ്ങൾ കൊടുക്കുന്ന പണത്തിന് പകരമായി ഈ കുട്ടികളുടെ പ്രാർത്ഥന നിങ്ങളോടൊപ്പമുണ്ടാകും എന്നത് നിസ്സംശയമാണ്. ആ പ്രാർത്ഥന ദൈവം കേൾക്കും എന്നതും ഉറപ്പാണ്. "ഈ ചെറിയവരിൽ ഒരാൾക്ക് എന്തെങ്കിലും നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" എന്ന കർത്താവിന്റെ വചനം നമുക്ക് ഓർക്കാം. സംഭാവനകൾ ചെക്ക്, ഡ്രാഫ്റ്റ് എന്നിവയായോ അല്ലെങ്കിൽ പണമായോ നൽകാവുന്നതാണ്. അതുപോലെതന്നെ തുകകൾ സ്ഥലത്തെ വികാരിയച്ചന്മാരെയോ രൂപതാകേന്ദ്രത്തിലെ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയേയോ ഏൽപിക്കാവുന്നതാണ്. ചെക്കിലും ഡ്രാഫ്റ്റിലും സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി എന്നാണ് എഴുതി, The Secretary, Educational Aid Fund, Bishop's House, P. B. No. 1, Mananthavady - 670 645 എന്ന അഡ്രസ്സിൽ അയയ്ക്കേണ്ടതാണ്.

പല ഇടവകകളിൽനിന്നും ആദ്യകുർബാന, സ്ഥൈര്യലേപനം എന്നിവ സ്വീകരിക്കുന്ന കുട്ടികൾ അവർക്ക് കിട്ടുന്ന സമ്മാനങ്ങളുടേയും മറ്റും ഒരു ഭാഗം വിദ്യാഭ്യാസ സഹായനിധിയിലേക്ക് തരുകയുണ്ടായി. ഇത് എല്ലാവർക്കും അനുകരിക്കാവുന്ന സന്മാതൃകയാണ്. അതുപോലെതന്നെ ആഘോഷങ്ങൾക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ ഒരു ഭാഗവും ഇതിലേയ്ക്ക് നീക്കിവയ്ക്കാവുന്നതാണ്. ഇനി ഇടവകതിരുനാളുകളുടെ കാലഘട്ടമാണല്ലോ വരുന്നത്. തിരുനാൾ ആഘോഷങ്ങൾക്ക് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ 5 ശതമാനമെങ്കിലും ഈ നിധിയിലേക്ക് സംഭാവന ചെയ്യുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഇടവകഭരണ സമിതികളും തയ്യാറാകണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ആയിരം കുട്ടികൾക്ക് കൊടുക്കാനായി പത്തുലക്ഷം രൂപയാണ് ആവശ്യമുള്ളത്. തുക കണ്ടെത്താനായി ഒരു ഞായറാഴ്ച പ്രത്യേക സ്തോത്രക്കാഴ്ച നടത്താൻ ഉദ്ദേശിക്കുന്നു. 2006 ജനുവരി മാസം 1 ാം തീയതി സ്തോത്രക്കാഴ്ച നടത്തേണ്ടതാണ്. ഇക്കാര്യം തലേ ഞായറാഴ്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കുകയും എല്ലാവരേയും അതിനായി ഉൽബോധിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു പരീക്ഷണമെന്ന നിലയിൽ പിരിവിന്റെ കാര്യത്തിൽ പുതിയൊരു രീതി നിർദ്ദേശിക്കുകയാണ്. പ്രസംഗത്തിനുശേഷം സാധാരണ പോലെ പിരിവെടുക്കുകയും അത് പള്ളിക്കാര്യത്തിനായി ഉപയോഗിക്കുകയും ചെയ്യാം. കുർബാനസ്വീകരണത്തിനുശേഷം രണ്ടാമതൊരു പിരിവുകൂടി എടുക്കുകയും അതിൽ നിന്ന് കിട്ടുന്ന തുക വിദ്യാഭ്യാസ സഹായനിധിയിലേക്ക് കൊടുക്കുകയും ചെയ്യുക. പ്രത്യേക പിരിവുകൾമൂലം ഇടവകയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ വേണ്ടിയാണ് ഇപ്രകാരമൊരു നിർദ്ദേശം വയ്ക്കുന്നത്. ഇടവകയ്ക്ക് കൊടുക്കുവാൻ ഉദ്ദേശിക്കുന്ന തുക രണ്ടായി വീതിച്ച് രണ്ടിനങ്ങൾക്കായി കൊടുക്കുവാനുള്ള പ്രലോഭനം ആർക്കും ഉണ്ടാകാതിരിക്കട്ടെ. ഇടവകയ്ക്ക് കൊടുക്കുന്നതിനു പുറമെയായിരിക്കണം വിദ്യാഭ്യാസ സഹായനിധിയിലേക്ക് കൊടുക്കേണ്ടത്.

പിരിഞ്ഞുകിട്ടുന്ന തുക എത്രയും വേഗം തന്നെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ എത്തിക്കേണ്ടതാണ്. മണിമൂളി-നിലമ്പൂർ റീജിയനിൽ നിന്നുള്ള തുക അവിടെ പാസ്റ്ററൽ സെന്ററിൽ ഏൽപിച്ചാൽ മതിയാകുന്നതാണ്.

നിങ്ങൾക്കേവർക്കും പിറവിത്തിരുനാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2005 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.

+ J. Porunnedom

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB: ഈ സർക്കുലർ 2005 ഡിസംബർ മാസം 18-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

* *

**Prot. No. 3154/2005**
**Circular No.12/2005**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഏതാനും വർഷങ്ങളായി കേരളത്തിലെ പല രൂപതകളിലും എന്നപോലെ നമ്മുടെ രൂപതയിലും സ്പിരിറ്റ് ഇൻ ജീസസ് (Spirit in Jesus) എന്നൊരു പ്രസ്ഥാനം പ്രചരിച്ചുവരുന്നതായി അറിയുന്നു. കരിസ്മാറ്റിക് ശൈലിയിലുള്ള ധ്യാനപ്രഘോഷണങ്ങളും പ്രാർത്ഥനാസമ്മേളനങ്ങളും മറ്റുമാണ് ഈ പ്രസ്ഥാനത്തിലൂടെ പ്രധാനമായും നടന്നുവരുന്നത്. മാനന്തവാടി രൂപതയിലും മുൻകാലങ്ങളിൽ ചില ഇടവകകളിൽ ഈ ധ്യാനങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഇടവകകൾ കേന്ദ്രീകരിച്ചല്ലാതെയും അവയുടെ സഹകരണമില്ലാതെയും ടൗൺഹാളുകളിലും ഹോട്ടലുകളിലും മറ്റും ഇപ്രകാരം ധ്യാനങ്ങളും പ്രാർത്ഥനാസമ്മേളനങ്ങളും നടന്നുവരുന്നതായും വിശ്വാസികൾ

അതിൽ പങ്കെടുക്കുന്നതായും അറിയുന്നു. ഇതിനെല്ലാം നേതൃത്വം കൊടുക്കുന്നവർ നമ്മുടെ ഇടവകകളിൽ സജീവമായി പ്രവർത്തിച്ചിരുന്ന ചില കത്തോലിക്കർ തന്നെയാണെന്നും അറിയാൻ കഴിഞ്ഞു.

സ്പിരിറ്റ് ഇൻ ജീസസ് എന്ന പ്രസ്ഥാനവും അവയിലൂടെ പ്രചരിപ്പിക്കപ്പെടുന്ന പ്രബോധനങ്ങളും കത്തോലിക്കാസഭയുടെ അംഗീകാരം ഉള്ളവയല്ല എന്നറിയിക്കട്ടെ. മാത്രമല്ല അവയിൽ പലതും കത്തോലിക്കാപ്രബോധനങ്ങൾക്കും നിലപാടുകൾക്കും വിരുദ്ധവുമാണ്. അതുകൊണ്ട് അത്തരം ധ്യാനങ്ങളിലും പ്രാർത്ഥനാസമ്മേളനങ്ങളിലും കത്തോലിക്കാ വിശ്വാസികൾ പങ്കെടുക്കുന്നത് ആശാസ്യമല്ല. മാനന്തവാടി രൂപതാതിർത്തിയിൽ പ്രവർത്തിക്കുന്ന മേൽ പ്രസ്ഥാനത്തിന്റെ ഘടകങ്ങൾക്കോ സംഘാടകർക്കോ രൂപതാധികാരികളുടെ അംഗീകാരമോ സമ്മതമോ ഇല്ല. നമ്മുടെ രൂപതയിൽ ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുള്ള യാതൊരു പരിപാടികളും നടത്താൻ പാടുള്ളതല്ല.

'ഇതാ നിന്റെ അമ്മ' എന്ന പേരിൽ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം ഒരു മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. അതിൽ പരാമർശിക്കുന്ന പല കാര്യങ്ങളും കത്തോലിക്കാ വിശ്വാസവുമായി ചേർന്നു പോകുന്നതല്ലെന്നും അവ വായിച്ച് വിശ്വാസികൾ വഴിതെറ്റിപ്പോകരുതെന്നും ഓർമ്മപ്പെടുത്തുന്നു. നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലുമൊന്നും മേൽപ്പറഞ്ഞ മാസിക വായിക്കാതിരിക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. ഇക്കാര്യം മുമ്പൊരിക്കൽ രൂപതാബുള്ളറ്റിൻ വഴി നിങ്ങളെ അറിയിച്ചിരുന്നത് ഓർക്കുമല്ലോ.

സ്പിരിറ്റ് ഇൻ ജീസസ് എന്ന പ്രസ്ഥാനം പ്രബോധനങ്ങളായി അവതരിപ്പിക്കുന്ന കാര്യങ്ങൾ പലതും കത്തോലിക്കാ പ്രബോധനങ്ങളല്ല. തങ്ങളുടെ വാദമുഖങ്ങൾ തെളിയിക്കാനായി ഈ പ്രസ്ഥാനത്തിന്റെ പ്രണേതാക്കൾ ഉദ്ധരിക്കുന്ന വേദപുസ്തകഭാഗങ്ങൾ ആ രീതിയിൽ വ്യാഖ്യാനിക്കാനും പാടുള്ളതല്ല. ഇക്കാര്യത്തിൽ നാം സഭയുടെ ഔദ്യോഗികവ്യാഖ്യാനമാണ് പിഞ്ചെല്ലേണ്ടത്. കാരണം വ്യക്തികൾക്ക് വേദപുസ്തകം ഔദ്യോഗികമായി വ്യാഖ്യാനിക്കുവാനുള്ള

അധികാരമില്ല. ഇതിൽ യേശുക്രിസ്തു നേരിട്ട് വെളിപ്പെടുത്തികൊടുത്തു എന്നു പറയുന്നതും വിശ്വാസയോഗ്യമല്ല.

മേൽപ്പറഞ്ഞ പ്രസ്ഥാനക്കാർ അവതരിപ്പിക്കുന്ന ഒരു പ്രധാന പ്രബോധനം മരിച്ച മനുഷ്യരുടെ ആത്മാക്കളെ സംബന്ധിച്ചതാണ്. മരിച്ചവരുടെ ആത്മാക്കൾ സാത്താന്റെ അടിമത്തത്തിലാണെന്നും സാത്താൻ അവയെ മനുഷ്യരെ പീഢിപ്പിക്കാൻ ഉപയോഗിക്കുന്നു എന്നും അവർ പഠിപ്പിക്കുന്നു. അതുപോലെതന്നെ ഈ ആത്മാക്കൾ പാപത്തിൽ മരിച്ചവരെങ്കിൽ അവ ലോകത്തിൽ ചുറ്റിനടന്ന് ജീവിച്ചിരിക്കുന്നവരിൽ ആവസിച്ച് രോഗങ്ങളും പീഡകളും വരുത്തും എന്നും ഇക്കൂട്ടർ പഠിപ്പിക്കുന്നു. മരണശേഷവും സുവിശേഷം ശ്രവിച്ച് മാനസാന്തരം വരുത്താനുള്ള സാധ്യത ഈ ആത്മാക്കൾക്കുണ്ടെന്നും അതുകൊണ്ട് അങ്ങനെയുള്ളവരെ വിളിച്ചുവരുത്തി മാനസാന്തരപ്പെടുത്തി സ്വർഗ്ഗത്തിലേക്ക് അയയ്ക്കാം എന്നതും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാരുടെ പ്രബോധനമാണ്. ഇങ്ങനെയുള്ള ആത്മാക്കൾ സ്വമേധയാ ധ്യാനകേന്ദ്രങ്ങൾ സന്ദർശിച്ചും മറ്റു മനുഷ്യരിൽ ആവസിച്ചും ദൈവവചനം ശ്രവിച്ച് മാനസാന്തരപ്പെടാറുണ്ട് എന്നും അവർ പഠിപ്പിക്കുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളൊന്നും കത്തോലിക്കാ പ്രബോധനങ്ങളല്ല എന്ന് വിശ്വാസികൾ അറിഞ്ഞിരിക്കണം. മരിച്ചവരുടെ ആത്മാക്കൾ പിശാചുക്കളായി ചുറ്റിത്തിരിയുകയോ മറ്റു മനുഷ്യരിൽ ആവസിക്കുകയോ ചെയ്യുന്നില്ല. മരണശേഷം ഉടനെയുള്ള വിധിയിൽ ആത്മാക്കൾ സ്വർഗ്ഗത്തിനോ നരകത്തിനോ ശുദ്ധീകരണസ്ഥലത്തിനോ വിധിക്കപ്പെടുന്നു. ശുദ്ധീകരണസ്ഥലത്തിന് വിധിയ്ക്കപ്പെടുന്നവർക്ക് അവിടെനിന്ന് സ്വർഗ്ഗത്തിലെത്താനുള്ള മാർഗ്ഗമാണ് ജീവിച്ചിരിക്കുന്നവരുടെയും സ്വർഗ്ഗത്തിലെത്തിച്ചേർന്നവരുടെയും പ്രാർത്ഥകൾ. അതാണ് പുണ്യവാന്മാരുടെ ഐക്യം എന്ന വിശ്വാസം. അതല്ലാതെ അവർക്കോ നരകത്തിന് വിധിക്കപ്പെട്ടവർക്കോ സുവിശേഷം ശ്രവിച്ച് മാനസാന്തരപ്പെടാനുള്ള അവസരമില്ല. അതിനവർക്ക് കഴിയുകയുമില്ല. ലോകാവസാനത്തോടെ ശുദ്ധീകരണസ്ഥലം ഇല്ലാതാകും. പിന്നെ നിലനിൽക്കുന്നത് സ്വർഗ്ഗവും നരകവും മാത്രമായിരിക്കും.

ലോകാവസാനത്തിൽ നടക്കാൻ പോകുന്ന വിധി അതുവരെ നടന്ന എല്ലാ വിധികളുടെയും സ്ഥിരീകരണവും ദൈവരാജ്യത്തിന്റെ മഹത്വപൂർണ്ണമായ പ്രത്യക്ഷീകരണവുമാണ്.

തങ്ങൾക്ക് ലഭിക്കുന്ന രോഗശാന്തിയും മനഃശാന്തിയുമാണ് കൂടുതലായി വിശ്വാസികളെ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നത് എന്ന് മനസ്സിലാക്കാൻ വിഷമമില്ല. തന്റെ സഹോദരരോട് പൂർണ്ണമായി ക്ഷമിക്കുകയും ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും അതെവിടെയായിരുന്നാലും ആ അനുഭവം ഉണ്ടാകാം. അതാണല്ലോ നമ്മുടെ ധ്യാനകേന്ദ്രങ്ങളിൽ നടക്കുന്നത്. എന്നാൽ നാം അപ്രകാരമുള്ള അനുഭവം അന്വേഷിച്ച് പോയി നമ്മുടെ കത്തോലിക്കാ വിശ്വാസത്തിൽ നിന്നകന്നു പോയാൽ അത് വലിയൊരു ദുരന്തമായിരിക്കും. നമ്മുടെ ഇടവകകളും പ്രാർത്ഥനാകൂട്ടായ്മകളും പരസ്പരം ക്ഷമിക്കുകയും ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുകയും യേശുക്രിസ്തു തന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും വഴി നമ്മെ പാപത്തിൽ നിന്ന് രക്ഷിച്ചു എന്നു വിശ്വസിക്കുകയും ചെയ്യുന്നവരുടെ സമൂഹമായി മാറുകയാണ് അതിനുള്ള പ്രതിവിധി.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2005-ാമാണ്ട് ഡിസംബർ മാസം ഒന്നാം തീയതി നൽകപ്പെട്ടത്.

\+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ 2006 ജനുവരിമാസം 8-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കണം.